FOR OFFICIAL USE ONLY

3822

# DRAFT

# സാമൂഹ്യ പാഠങ്ങൾ

## സ്റ്റാൻഡേർഡ് VI

State Institute of Education

**Trivandrum—12**

**1968**

PRINTED AT MITRANIKETAN PRESS, VELLANAD.

3822

DRAFT

# സാമൂഹ്യ പാഠങ്ങൾ

## സ്റ്റാൻഡേർഡ് VI

S|E

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, കേരളാ.

# ആമുഖം

സമീപകാലത്തു് പ്രസിദ്ധീകരിച്ച വിദ്യാഭ്യാസക്കമ്മിഷൻ റിപ്പോർട്ടിൽ പാഠപദ്ധതി പരിഷ്കരിക്കുന്നതു് സംബന്ധിച്ചു് ചില നിർദ്ദേശങ്ങൾ അടങ്ങിയിട്ടുണ്ടു്. അതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യപാഠങ്ങളുടെ സിലബസ്സിലും ചില മാററങ്ങൾ വരുത്തേണ്ടതായിട്ടുണ്ടു്. അദ്ധ്യാപകരുടെ പരിശോധനയ്ക്കും പരിഗണനയ്ക്കും വിധേയമായി തയ്യാറാക്കപ്പെട്ട പുതുക്കിയ സിലബസ്സിന്റെ കരടു രൂപം അച്ചടിപ്പിച്ചു് വിലയേറിയ നിർദ്ദേശങ്ങൾക്കായി പ്രത്യേകം അയച്ചിട്ടുണ്ടു്.

സിലബസ്സ് പരിഷ്കരണത്തോടൊപ്പം പാഠപുസ്തകങ്ങളും പുതുക്കി തയ്യാറാക്കേണ്ടതു് ആവശ്യമാണല്ലോ. നാലു മുതൽ പത്തുവരെ സ്റ്റാൻഡേർഡുകളിലേക്കു് വേണ്ടതായ സാമൂഹ്യപാഠ പുസ്തകങ്ങളുടെ കരടു രൂപം ഏതാനും അദ്ധ്യാപകർ ചേന്നു തയ്യാറാക്കിയതു് അച്ചടിപ്പിച്ചു് അഭിപ്രായത്തിനായി സമർപ്പിക്കുകയാണു്.

സാമൂഹ്യപാഠങ്ങൾ ഏകീകൃത വിഷയമെന്ന നിലയിലാണു് ഇപ്പോൾ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിച്ചുവരുന്നതു്. അതിനു പകരം ചരിത്രം, ഭൂമിശാസ്ത്രം, സിവിക്സ് എന്നിവ പ്രത്യേക വിഷയങ്ങളായി പഠിപ്പിക്കുക എന്നതാണു് പുതുക്കിയ സിലബസ്സിലെ ഒരു പ്രധാന വ്യതിയാനം. ലോവർപ്രൈമറി ക്ലാസ്സുകളിലാകട്ടെ സാമൂഹ്യപാഠങ്ങൾ ഏകീകൃത വിഷയമെന്ന നിലയിൽത്തന്നെ തുടന്നു പഠിപ്പിക്കുന്നതാണു്. അപ്പർപ്രൈമറി ക്ലാസ്സുകളിൽ ഉള്ളടക്ക

218/68

തിന്റെ സംവിധാനത്തെ സംബന്ധിച്ചിടത്തോളം ഏകീകൃതരീതിതന്നെ തുടരുമെങ്കിലും ചരിത്രം, ഭൂമിശാസ്ത്രം, സിവിക്സ് എന്നീ പ്രത്യേക വിഷയങ്ങളുടെ ബോധനത്തിന് ഉപയുക്തമായ സമീപനരീതി അവലംബിക്കുന്നതാണ്. അപ്പർപ്രൈമറിയുടെ അവസാനഘട്ടമാകുമ്പോഴേയ്ക്കും പ്രത്യേക വിഷയങ്ങൾ എന്ന നിലയിൽ ചരിത്രം, ഭൂമിശാസ്ത്രം, സിവിക്സ് എന്നിവ പഠിക്കുന്നതിനു വേണ്ട അടിസ്ഥാനപരമായ അറിവും താത്പര്യവും കുട്ടികളിൽ വളർത്തേണ്ടതാണ്.

പരിഷ്കരിച്ച സിലബസ്സിലെ ഉള്ളടക്കം വർദ്ധിച്ചിട്ടുള്ളതായി തോന്നിയേക്കാം. കേരള ചരിത്രം അപ്പർപ്രൈമറി ഘട്ടം മുതല്ക്കുതന്നെ പഠിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇൻഡ്യാചരിത്രവും ലോകചരിത്രത്തിൽനിന്നു ചില പ്രധാന ഭാഗങ്ങളും സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സിവിക്സ്, ആധുനികകാലസംഭവങ്ങൾ എന്നിവയ്ക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. അപ്രധാനങ്ങളായ വസ്തുതകൾക്ക് ആവശ്യത്തിൽ കവിഞ്ഞ പ്രാധാന്യം നൽകാതിരിക്കുകയും, സ്വയം പഠനരീതികൾ കുട്ടികളെ അഭ്യസിപ്പിക്കുന്നതിനും പ്രായോഗികമായ നൈപുണ്യങ്ങളും നല്ല മനോഭാവങ്ങളും കുട്ടികളിൽ വളർത്തുന്നതിനുമുള്ള ഉപാധിയായി പാഠഭാഗങ്ങളെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന പുതിയ ബോധനരീതികളുടെ പശ്ചാത്തലത്തിൽ പരിഷ്കരിച്ച സിലബസ്സിലെ ഉള്ളടക്കം ഒട്ടും കൂടുതൽ അല്ലെന്നു കരുതാവുന്നതാണ്.

പ്രൈമറിഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില പാഠഭാഗങ്ങൾ ഹൈസ്കൂൾ ഘട്ടത്തിലും ആവർത്തിച്ചിട്ടുള്ളതായിക്കാണാം. നാലാംസ്റ്റാൻഡേർഡ് ലോവർ പ്രൈമറിയുടെയും ഏഴാംസ്റ്റാൻഡേർഡ് അപ്പർപ്രൈമറിയുടെയും അന്ത്യഘട്ടത്തിലുള്ള ക്ലാസ്സുകളാണ്. ആ ക്ലാസ്സുകളിലെ പഠനത്തിനു ശേഷം സ്കൂൾ വിദ്യാഭ്യാസംതന്നെ തുടരാതിരി

ക്കുകയോ സാങ്കേതിക വിദ്യാഭ്യാസം തേടുകയോ മററോ ചെയ്യുന്ന കുട്ടികളുടെ പ്രയോജനത്തെ ലക്ഷ്യമാക്കി ആവശ്യമായ പാഠഭാഗങ്ങൾ പ്രൈമറി ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ഡ്രാഫ്ററ് പാഠപുസ്തകങ്ങളിൽ ആവശ്യമുള്ള ഭൂപടങ്ങൾ, ചിത്രങ്ങൾ, ചാർട്ടുകൾ മുതലായവ ചേർത്തിട്ടില്ല. പാഠപുസ്തകങ്ങൾ അച്ചടിക്കുന്ന അവസരത്തിൽ അവ കൂടി യഥാസ്ഥാനങ്ങളിൽ ചേർത്തു് അച്ചടിപ്പിച്ചാൽ മതിയാകുമെന്നുദ്ദേശിച്ചാണു് ഇപ്പോൾ അവ ചേർക്കാതിരുന്നിട്ടുള്ളതു്.

അദ്ധ്യാപകരുടെയും മററു വിദ്യാഭ്യാസപ്രവർത്തകരുടെയും പരിശോധനയ്ക്കുശേഷം ലഭിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ ചേർത്തു പാഠപുസ്തകങ്ങൾ അച്ചടിപ്പിക്കണമെന്നാണു് നിശ്ചയിച്ചിട്ടുള്ളതു്. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾക്കായി ഈ ഡ്രാഫ്ററ് പാഠപുസ്തകം സമർപ്പിച്ചുകൊള്ളുന്നു.

ഡയറക്ടർ.

# സാമൂഹ്യപാഠങ്ങൾ

## സ്റ്റാൻഡേർഡ് VI

### ഉള്ളടക്കം


അദ്ധ്യായം 1. നാം അധിവസിക്കുന്ന ഭൂമി

,, 2. ആഫ്റിക്ക

,, 3. ആഫ്റിക്കയിലെ രാജ്യങ്ങൾ

,, 4. ആസ്ട്രേലിയ

,, 5. മദ്ധ്യകേരളം

,, 6. വേണാട്

,, 7. മദ്ധ്യകാല ഇന്ത്യാചരിത്രം

,, 8. തുക്കി സുൽത്താന്മാരുടെ ഭരണകാലം

,, 9. മുഗളന്മാർ

,, 10. ചില മഹാന്മാരും മഹതികളും

,, 11. ജനാധിപത്യവ്യവസ്ഥിതിയിലെ ജീവിതം

,, 12. സ്വാതന്ത്ര്യഭാരതത്തിന്റെ പ്രശ്നങ്ങൾ

# സാമൂഹ്യപാഠങ്ങൾ

## അദ്ധ്യായം 1

### നാം അധിവസിക്കുന്ന ഭൂമി

ഭൂമിയുടെ ആകൃതി, ചലനങ്ങൾ എന്നിവയെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഭൂമിയെ ആവരണം ചെയ്യുന്ന അന്തരീക്ഷം, ഭൂമിയുടെ ഘടന എന്നിവയെപ്പററി ഇനി പഠിക്കാം.

### അന്തരീക്ഷം

ഭൂമിക്കു ചുററും വായുമണ്ഡലമുണ്ട്. ഇതു് ഭൂമിയുടെ ഉപരിതലത്തോടു തൊട്ടടുത്തു കട്ടിയുള്ളതാണ്. മേല്പോട്ടു പോകുന്തോറും അതു് കട്ടികുറഞ്ഞു നേർത്തുവരുന്നു. ഈ മണ്ഡലത്തിനു് അന്തരീക്ഷം എന്നു പറയുന്നു. വായു നമുക്കു ദൃശ്യമല്ലെങ്കിലും അതിനെ ചലനം കൊണ്ടറിയാവുന്നതാണ്. വായുവിൽ ഓക്സിജൻ, നൈട്രജൻ എന്ന രണ്ടു പ്രധാന ഘടകങ്ങളുണ്ട്. അവയിൽ ഏകദേശം 21% ഓക്സിജനും 78% നൈട്രജനുമാണ്. സസ്യങ്ങളുൾപ്പെടെ എല്ലാ ജീവജാലങ്ങൾക്കും ജീവസന്ധാരണത്തിനു് ഓക്സിജൻ ആവശ്യമാണ്. അന്തരീക്ഷത്തിൽ കാർബൺഡൈഓക്സൈഡ് എന്ന ഒരു വാതകവും ഉണ്ടു്. അതു് സസ്യജീവിതത്തിനു് അത്യന്താപേക്ഷിതമാണ്.

മേല്പറഞ്ഞ മൂന്നു ഘടകങ്ങൾക്കും പുറമേ വേറെയും ചില വാതകങ്ങളും, നീരാവിയും, അതിസൂക്ഷ്മങ്ങളായ പൊടിപടലങ്ങളും അന്തരീക്ഷത്തിലുണ്ട്. ദിനാന്തരീക്ഷസ്ഥിതി, കാലാവസ്ഥ ഇവയെ സംബന്ധിച്ചിടത്തോളം നീരാവി വളരെ പ്രധാനപ്പെട്ടതാണ്.

വായു ചൂടുപിടിക്കുമ്പോൾ വികസിക്കുകയും, തണുക്കുമ്പോൾ സങ്കോചിക്കുകയും ചെയ്യുന്നു. അതിനു ഭാരവുമുണ്ട്.

## സൂര്യൻ

സദാ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു ഗോളമാണു് സൂര്യൻ. ഇതു് അത്യുഗ്രമായ ചൂടു് പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. സൌരയൂഥത്തിൽ ഉൾപ്പെടുന്ന ഗ്രഹങ്ങളും ഉപഗ്രഹങ്ങളും അതാതിന്റെ സഞ്ചാരപഥങ്ങളിൽക്കൂടി സൂര്യനെ പ്രദക്ഷിണം ചെയ്തുകൊണ്ടിരിക്കുന്നു. സൂര്യൻ ഭൂമിയിൽനിന്നു് ഏകദേശം പതിനാലുകോടി എൺപത്തിയെട്ടുലക്ഷം കിലോ മീററർ അകലെയാണു് സ്ഥിതി ചെയ്യുന്നതു്.

ജീവജാലങ്ങളെല്ലാം സൂര്യനെ ആശ്രയിച്ചാണു് ജീവിക്കുന്നതു്. ഭൂമിയിലുള്ള സർവ്വവസ്തുക്കൾക്കും ചൂടും ഊർജ്ജവും പ്രത്യക്ഷമായോ പരോക്ഷമായോ ലഭിക്കുന്നതു് സൂര്യരശ്മിയിൽ നിന്നാണു്. സൂര്യനിലുണ്ടാകുന്ന ചൂടിന്റെ എത്രയോ ചെറിയ ഒരംശം മാത്രമാണു് ഭൂമിക്കു കിട്ടുന്നതു്.

## വായുവിന്റെ ഊഷ്മാവു്

സൂര്യനാണു് ഭൂമിയുടെ ഉപരിതലം ചൂടുപിടിപ്പിക്കുന്നതു്. എന്നാൽ ഉപരിതലം മുഴുവനും ഒരുപോലെ ചൂടുപിടിക്കുന്നില്ല. പ്രകാശരശ്മികൾ തൂക്കായി പതിക്കുമ്പോൾ കുറച്ചു സ്ഥലം മാത്രം ചൂടാകുന്നു. അവിടെ ചൂടു് കൂടുതലായിരിക്കും. ചരിഞ്ഞു പതിക്കുമ്പോൾ രശ്മി കൂടുതൽ സ്ഥലത്തു വ്യാപിക്കുന്നതിനാൽ താരതമ്യേന ഓരോ സ്ഥാനത്തും ചൂടു് കുറച്ചു മാത്രമേ അനുഭവപ്പെടുകയുള്ളു. കൂടാതെ സൂര്യരശ്മികൾ ചരിഞ്ഞു പതിക്കുന്ന പ്രദേശങ്ങളിൽ എത്തുന്നതിനു പൊടിപടലമുള്ള അന്തരീക്ഷത്തിൽ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടതുണ്ടു്. അതുകൊണ്ടു്, സൂര്യരശ്മി തൂക്കായി പതിക്കുന്ന ഉഷ്ണമേഖലയിൽ അത്യുഷ്ണവും ചരിഞ്ഞു പതിക്കുന്ന മിതോഷ്ണമേഖലയിൽ മിതമായ ചൂടും അനുഭവപ്പെടുന്നു. ഉഷ്ണനില ക്ലിപ്തമായി കുറിക്കുന്ന ഒരു ഉപകരണമാണു് ഉഷ്ണമാപിനി (തെർമോ മീററർ). ചൂടു് അളക്കുന്നതിനു് സെൻറിഗ്രേഡു ക്രമത്തിലോ ഫാറൻഹീററു ക്രമത്തിലോ അടയാളപ്പെടുത്തിയിട്ടുള്ള ഉഷ്ണമാപിനികളാണു് സാധാരണമായി ഉപയോഗിച്ചുവരുന്നതു്.

അന്തരീക്ഷ വായുവിന്റെ ശീതോഷ്ണസ്ഥിതി പല ഘടകങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. ഈ ഘടകങ്ങൾ ഏവയെന്നു് നമുക്കു് പരിശോധിക്കാം.

**സമുദ്രനിരപ്പിൽ നിന്നുള്ള പൊക്കം.**—ഭൂമിയുടെ ഉപരിതലത്തിനു ചുററും അന്തരീക്ഷമാണെന്നും, വായുവിനു ചുരുങ്ങാനും വികസിക്കാനും സാധിക്കുമെന്നും വായുവിനു ഭാരമുണ്ടെന്നും നിങ്ങൾ ഓമ്മിക്കുന്നുണ്ടാവും. സമുദ്രനിരപ്പിൽനിന്നുള്ള ഉയരം അനുസരിച്ച് ഒരു സ്ഥലത്തെ ശീതോഷ്ണസ്ഥിതി വ്യത്യാസപ്പെടുന്നു. സമുദ്രനിരപ്പിൽ നിന്നും ഉയരം കൂടുന്തോറും അന്തരീക്ഷത്തിന്റെ ചൂട് കുറഞ്ഞു വരുന്നു.

**സമുദ്രത്തിൽ നിന്നുള്ള അകലം.**—സൂര്യരശ്മി ഏല്ക്കുമ്പോൾ കര വെള്ളത്തെക്കാൾ പെട്ടെന്നു ചൂട് പിടിക്കുന്നു. ചൂടു പിടിച്ച കര തണുക്കുന്നതും വെള്ളത്തെക്കാൾ വേഗത്തിലാണ്. പകൽ സമയത്തു കരയുടെ മുകൾഭാഗത്തുള്ള വായുവിന് കടലിന്റെ മുകൾ ഭാഗത്തുള്ള വായുവിനെക്കാൾ ചൂട് കൂടുതലാണ്. വായുവിനു ചൂടു കൂടുന്തോറും അതു് വികസിക്കുന്നു. അപ്പോൾ കടലിന്റെ മുകൾ ഭാഗത്തു നിന്നും തണുത്ത വായു അങ്ങോട്ടു വീശുന്നു. നിത്യവും അങ്ങനെ കടൽക്കാററുണ്ടാകുന്നു. രാത്രികാലങ്ങളിൽ മറിച്ച് കരയിൽനിന്നു കടലിലേയ്ക്കും കാററു വീശുന്നു. കടൽക്കാററു വീശുന്ന സമുദ്രതീരത്തുള്ള സ്ഥലങ്ങളിലെ ചൂട് താരതമ്യേന കുറവാണ്. സമുദ്രത്തിൽ നിന്ന് അകന്നു കിടക്കുന്ന സ്ഥലങ്ങളിൽ ചൂടു കൂടുതലായിരിക്കും.

**അക്ഷാംശം.**—ഭൂമി പടിഞ്ഞാറു നിന്ന് കിഴക്കോട്ടായി അതിന്റെ നിശ്ചിത സഞ്ചാരപഥത്തിൽക്കൂടി സൂര്യനെ പ്രദക്ഷിണം ചെയ്തുകൊണ്ടിരിക്കുന്നു. ഭൂമി ഒരു പ്രാവശ്യം സൂര്യനെ പ്രദക്ഷിണം ചെയ്യുന്ന കാലത്തിന് ഒരു വർഷം എന്നു പറയുന്നു. ഈ വാർഷിക ചലനത്തിനിടയിൽ സെപ്തംബർ 22, മാർച്ച് 21 ഈ തീയതികളിൽ മാത്രമേ സൂര്യൻ ഭൂമദ്ധ്യരേഖയ്ക്കു മുകളിൽ കാണപ്പെടുന്നുള്ളൂ. മാച്ച് 21 മുതൽ ജൂൺ 21 വരെ ഭൂമദ്ധ്യരേഖയിൽനിന്നു ക്രമേണ വടക്കോട്ടു മാറിയുള്ള ഭാഗങ്ങളിൽ സൂര്യരശ്മികൾ തൂക്കായി പതിക്കുന്നു. ജൂൺ 21-നു സൂര്യൻ ഉത്തരായനരേഖയുടെ നേരെ മുകളിൽ ആണ് കാണപ്പെടുന്നതു്. അതിനുശേഷം സൂര്യരശ്മികൾ ക്രമേണ തെക്കോട്ടുമാറി തൂക്കായി പതിക്കുകയും സെപ്റ്റംബർ 22-ന് വീണ്ടും സൂര്യൻ ഭൂമദ്ധ്യരേഖയ്ക്കു മുകളിൽ കാണപ്പെടുകയും

ചെയ്യുന്നു. സെപ്തംബർ 22 മുതൽ സൂര്യൻ ഭൂമദ്ധ്യരേഖയിൽ നിന്നും ക്രമേണ തെക്കോട്ടുമാറി കാണപ്പെടുന്നു. ഡിസംബർ 22-നു സൂര്യരശ്മികൾ ദക്ഷിണായനരേഖയിൽ ത്തുക്കായി പതിക്കുന്നു. ഉത്തരായനരേഖയ്ക്കും ദക്ഷിണായനരേഖയ്ക്കും ഇടയ്ക്കുള്ള ഭാഗങ്ങളിൽ മാത്രമെ സൂര്യരശ്മികൾ ത്തുക്കായി പതിക്കുകയുള്ളു. അതുകൊണ്ടു് ആ ഭാഗങ്ങളിൽ ഭൂമിയ്ക്കു സൂര്യനിൽനിന്നും കൂടുതൽ ചൂടു ലഭിക്കുന്നു. ഭൂമദ്ധ്യരേഖാപ്രദേശത്താണു് ഏററവും കൂടുതൽ ചൂടു ലഭിക്കുന്നതു്. ധ്രുവങ്ങളിലേക്കു് പോകുന്തോറും രശ്മികളുടെ ചരിവു കൂടുന്നതുകൊണ്ടു് സൂര്യനിൽ നിന്നു കിട്ടുന്ന ചൂടും കുറവായിരിക്കുന്നു. ഉത്തരാർദ്ധഗോളത്തിൽ സൂര്യരശ്മികൾ ത്തുക്കായി പതിക്കുന്ന കാലത്തു ചൂടു കൂടുകയും വേനൽക്കാലമാകയും ചെയ്യുന്നു. അക്കാലത്തു ദക്ഷിണാർദ്ധഗോളത്തിൽ ശീതകാലമാണു്. ഭൂമദ്ധ്യരേഖയിൽനിന്നു ധ്രുവങ്ങളിലേക്കു പോകുന്തോറും ചൂടു കുറയുന്നു. അതിനുംപുറമെ ദക്ഷിണായനം ഉത്തരായനം എന്നിവ മാറിവരുന്ന തനുസരിച്ചും ശീതോഷ്ണസ്ഥിതിയിൽ വ്യത്യാസമുണ്ടാകുന്നു.

**വർഷപാതം:**—ജലാശയങ്ങളിലും ഈർപ്പമുള്ള ഭൂമിയിലുംമററും സൂര്യരശ്മി പതിച്ചിട്ടു് വെള്ളം നീരാവിയായി ഉയർന്നു വായുമണ്ഡലത്തിൽ തങ്ങിനില്ക്കുന്നു. ഈ വായു ചൂടുപിടിച്ചു് മേൽപോട്ടുയരുമ്പോൾ, അവിടെ ചൂടു കുറവായതിനാൽ വായു തണുക്കുന്നു. അപ്പോൾ വായുവിലുള്ള നീരാവി ഘനീഭവിക്കുകയും ജലകണങ്ങളായി കീഴോട്ടു പതിക്കുകയും ചെയ്യുന്നു. ഇതിനു് മഴ എന്നു പറയുന്നു. മദ്ധ്യരേഖാപ്രദേശത്തു് അഥവാ ഉഷ്ണമേഖലയിൽ ചൂടധികമായതിനാൽ വളരെയധികം വെള്ളം നീരാവിയാകുന്നുണ്ടു്. ഈ നീരാവി വരുന്ന വായുവിനെക്കാൾ ഭാരംകുറഞ്ഞതായതുകൊണ്ടു് മേൽപോട്ടുയർന്നു് തണുത്തു് മഴയായി ഭൂമിയിൽ പതിക്കുന്നു. നീരാവിനിറഞ്ഞ വായു നേരെ മേല്പോട്ടുയരാതെ കാററുകളുടെ ഗതിയിൽ പെട്ടുമററു വിധങ്ങളിലോ തണുക്കുമ്പോഴും മഴയുണ്ടാകുന്നു. കാററുകളെ ആശ്രയിച്ചു് ചില സ്ഥലങ്ങളിൽ മഴ കൂടിയും മററു ചില സ്ഥലങ്ങളിൽ മഴ കുറഞ്ഞും ഇരിക്കുന്നു. ഒരു സ്ഥലത്തു് തന്നെ എല്ലാക്കാലങ്ങളിലും മഴ ഒരുപോലെ ലഭിക്കുന്നുമില്ല. സ്ഥലകാലങ്ങളുടെ വ്യത്യാസമനുസരിച്ചു് വർഷപാതത്തിലും വ്യത്യാസങ്ങൾ ഉണ്ടാകുന്നു. ഉഷ്ണമേഖലയിൽ പൊതുവെ മഴ കൂടുതലാണു്. വർഷമാപിനി (റെയിൻ ഗേജ്) എന്ന ഉപകരണം

ഉപയോഗിച്ച് ഒരു സ്ഥലത്തു് ലഭിക്കുന്ന മഴയുടെ അളവ് അഥവാ വർഷപാതം അളന്നറിയുവാൻ സാധിക്കുന്നു.

**വർഷമാപിനി (റെയിൻഗേജ്)**.—ഇതിൽ ഒരു കുപ്പിയും ഒരു ചോർപ്പും ഉണ്ടു്. ചോപ്പിൽവീഴുന്ന മഴവെള്ളം നാളത്തിലൂടെ കുപ്പിയിൽ ശേഖരിക്കപ്പെടുന്നു. വീഴുന്ന ജലം ബാഷ്പീകരിച്ചു പോകാതിരിക്കാനും അളന്നു് എത്രയുണ്ടെന്നറിയുവാനും വേണ്ട സജ്ജീകരണങ്ങൾ റെയിൻഗേജിലുണ്ടു്. നിശ്ചിത സമയങ്ങളിൽ കുപ്പിയ്ക്കകത്തെ വെള്ളം എടുത്തു് അളന്നു നോക്കുന്നു. ഇഞ്ചായോ സെൻറിമീററായോ ആണു് അളവു രേഖപ്പെടുത്തുന്നതു്.

**കരക്കാററു്—കടൽക്കാററു്**:— ഭൂമിയ്ക്കു തിരശ്ചീനമായി ചലിക്കുന്ന വായുവാണു് കാററു്. പകൽസമയം കടലിൽ നിന്നും കരയിലേക്കും രാത്രികാലത്തു് കരയിൽ നിന്നും കടലിലേക്കും തണുത്ത കാററടിച്ചുകൊണ്ടു് സമുദ്രതീരത്തെ ദിനാന്തരീക്ഷസ്ഥിതിയെ മിതപ്പെടുത്തുന്നുവെന്നു് നാം പാഠിച്ചുവല്ലോ ഇതിൽ കടലിൽ നിന്നു കരയിലേക്കു വീശുന്ന കാററിനെ കടൽകാററു് എന്നും കരയിൽനിന്നു് കടലിലേക്കടിക്കുന്നതിനെ കരക്കാററു് എന്നും പറഞ്ഞുവരുന്നു.

**കാലവർഷക്കാററു്**.—കരക്കാററും കടൽക്കാററും നിത്യവും വീശിക്കൊണ്ടിരിക്കുന്നു അതുപോലെ, കാലവ്യത്യാസമനുസരിച്ചു് കാലവർഷക്കാററുകൾ (മൺസൂൺ കാററുകൾ) ഉഷ്ണകാലത്തു് കടലിൽ നിന്നും കരയിലേക്കും ശൈത്യകാലത്തു് കരയിൽനിന്നും കടലിലേക്കും തുടർച്ചയായി വീശുന്നു ഇത്തരം കാററുകൾ ഉഷ്ണമേഖലാപ്രദേശങ്ങളിലാണു് കൂടുതലായി വീശുന്നതു്. വേനൽകാലത്തു് സമുദ്രത്തിൽ നിന്നു വീശുന്ന കാററുകൾ ധാരാളം നീരാവി നിറഞ്ഞതാണു്. നീരാവിക്കാററുകൾ പർവ്വതങ്ങളിൽ തടഞ്ഞു മേലോട്ടുയർന്നു തണുക്കുമ്പോൾ മഴയുണ്ടാകുന്നു. വരണ്ട കരക്കാററുകൾ കടലിൻെറ മീതെക്കൂടി വീശുമ്പോൾ അവയിൽ നീരാവി കലരുകയും ആ കാററുകളുടെ ഗതിയിലുള്ള കരഭാഗങ്ങളിൽ ചിലപ്പോൾ മഴപെയ്യുകയും ചെയ്യും.

മൺസൂൺകാററുകൾക്കു പുറമേ ഭൂഗോളത്തിൽ സ്ഥിരമായ ചില മാർഗ്ഗങ്ങളിൽ വീശുന്ന കാററുകൾ ഉണ്ടു്. അവയ്ക്കു

ആഗോളക്കാററുകൾ എന്നു പറയുന്നു. ഒരു പ്രദേശത്തു വീശുന്ന കാററുകൾ ചൂടുള്ളവയാണെങ്കിൽ അവിടെ അന്തരീക്ഷ വായു വിൻെറ ചൂടു വർദ്ധിക്കും. തണുത്ത കാററുകളാണെങ്കിൽ അവ അവിടത്തെ ചൂടു കുറയ്ക്കും.

## ഭൂമിയുടെ ഘടന

**ബാഹ്യപടലം**:—ഏകദേശം 6400 കിലോ മീററർ വ്യാസാർദ്ധമുള്ള ഒരു ഗോളമാണല്ലോ ഭൂമി. അതിൻെറ ഉപരിതലം ഏകദേശം 16കിലോ മീററർ താഴ്ചയിൽ കട്ടിയായ ഭാഗമാണു്. അതിനു ഭൂമിയുടെ ബാഹ്യപടലം എന്നു പറയുന്നു. ഉറച്ചതായ ഈ ബാഹ്യപടലത്തിൽ പലതരം പാറകളും മണ്ണും ലോഹങ്ങളും ധാതുക്കളും മററും അടങ്ങിയിട്ടുണ്ടു്. ഓരോ സ്ഥലത്തേയും മണ്ണിന്റെ വ്യത്യാസമനുസരിച്ചു് അവിടത്തെ ഫലപുഷ്ടിയിലും സസ്യജാലങ്ങളിലും മാററമുണ്ടാകുന്നു.

**ഭൂമിയുടെ അന്തർഭാഗം**:—ഭൂമിയുടെ ബാഹ്യപടലത്തിനുൾഭാഗം ഇപ്പോഴും അത്യുഷ്ണമുള്ളതും ഉരുകിയ ലോഹങ്ങളും ധാതുക്കളും പാറകളും അടങ്ങിയതുമായ ഒരു ദ്രാവകമാണു്. ഭൂമിയുടെ ഉപരിതലത്തിൽ നിന്നും അന്തർഭാഗത്തേക്കുപോകുന്തോറും ചൂടു ക്രമേണ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയുടെ ഏററവും ഉൾഭാഗത്തു് ചൂടു വളരെ കൂടുതലാണു്. അവിടെ ലോഹങ്ങളും പാറകളും മിക്കവാറും ഉരുകി ദ്രവരൂപത്തിലാണിരിക്കുന്നതു്. എന്നാൽ ബാഹ്യപടലത്തിന്റെ ഭാരം (സമ്മർദ്ദം) മൂലം ദ്രവരൂപത്തിലുള്ള ലോഹങ്ങളും പാറകളും ചില ഭാഗങ്ങളിൽ കട്ടിയായിത്തീർന്നിട്ടുണ്ടു്. ഏതെങ്കിലും ഭാഗത്തു് സമ്മർദ്ദം കുറയുമ്പോൾ അവിടെ കട്ടിപിടിച്ച ലോഹങ്ങളും മററും വീണ്ടും ദ്രവരൂപത്തിൽ ആയിത്തീരുന്നതാണു്. ഭൂമിയുടെ അന്തർഭാഗത്തുണ്ടാകുന്ന ചലനങ്ങളുടെ ഫലമായി ഭൂമിയുടെ ഉപരിതലത്തിനും ചില മാററങ്ങൾ സംഭവിക്കാറുണ്ടു്. ഒരു കാലത്തു കരയായിരുന്ന ഭാഗം താണു് അവിടെ കടൽ ആയിത്തീരുകയും അതുപോലെ കടലായിരുന്ന ഭാഗം ഉയന്നു് കരയായിത്തീരുകയുംചെയ്തിട്ടുണ്ടു്.

**അഗ്നിപർവ്വതങ്ങൾ**:—ബാഹ്യപടലത്തിൽ പിളർപ്പുണ്ടാക്കി കൊണ്ടു് അന്തർഭാഗത്തു്നിന്നും ഉരുകിയ പാറകളും ധാതുക്കളും മററും ഭൂമിയുടെ ഉപരിതലത്തിലേക്കു് ശക്തിയോടെ തെറിക്കുന്നു. ഇങ്ങനെ പുറത്തേക്കു പ്രവഹിക്കുന്ന ഉരുകിയ ധാതുക്കൾക്കും പാറകൾക്കും 'ലാവ' എന്നു പറയുന്നു. പുറത്തേക്കു വളരെ ശക്തിയോടെ വരുന്ന ലാവയും പാറക്കഷണങ്ങളും അവിടെ വമ്പിച്ച നാശങ്ങൾ വരുത്തുന്നു. ക്രമേണ അവ തണുത്തു പിളർപ്പിന്റെ ചുററുമായി കുന്നുകൂടുന്നു. പിളർപ്പിന്റെ മുകൾഭാഗം തന്നെ ചിലപ്പോൾ അവകൊണ്ടു മൂടപ്പെട്ടു എന്നുവരാം.

അഗ്നിപർവ്വതങ്ങൾ രണ്ടിനമുണ്ടു്.

1. സാവധാനത്തിൽ നിശ്ശബ്ദമായി പുകഞ്ഞു കൊണ്ടിരിക്കുന്നവ.
ഉദാഹരണം:—ഹാവായിലെ അഗ്നിപർവ്വതങ്ങൾ.

2. ഭീകരമായ സ്ഫോടനം ഉണ്ടാകുന്നവ.
ഉദാഹരണം:—തെക്കുകിഴക്കൻ ഏഷ്യയിലെ അഗ്നിപർവ്വതങ്ങൾ.

അഗ്നിപർവ്വതത്തിൽനിന്നും വമിക്കുന്ന വസ്തുക്കൾ അതിന്റെ മുഖത്തടിഞ്ഞുകൂടി ക്രമ്പാരമായ രൂപം കൊണ്ടിരിക്കുന്നു. അഗ്നി പർവ്വതങ്ങളുടെ മുഖത്തു് കട്ടപിടിച്ചിരിക്കുന്ന ലാവയുടെ തടസ്സം നിമിത്തം അതിനുള്ളിൽ തടഞ്ഞുനിർത്തപ്പെടുന്ന നീരാവി മുതലായ വാതകങ്ങളുടെ വർദ്ധിച്ച മർദ്ദം ഉഗ്രസ്ഫോടനങ്ങൾക്കു് കാരണ മാകുന്നു. വാതകമർദ്ദം കൊണ്ടു് അഗ്നിപർവ്വതങ്ങൾ ചെറു തുണ്ടു കളായി ചിതറിപ്പോകാറുണ്ടു്. ഇത്തരം സ്ഫോടനത്തെ തുടർന്നു് കോരിച്ചൊരിയുന്ന മഴയുണ്ടാകാറുണ്ടു്.

പസഫിക്കു് മഹാസമുദ്രത്തിലെ പല ദ്വീപുകളും അഗ്നി പർവ്വതങ്ങളുടെ ശിഖരങ്ങളാണു്. അഗ്നിപർവ്വതസ്ഫോടനം വളരെയധികം നാശനഷ്ടങ്ങൾ വരുത്തുന്നുണ്ടെങ്കിലും അതിൽ നിന്നും പുറത്തുവരുന്ന ലാവയിലടങ്ങിയ ധാതുക്കൾ കൃഷിയ്ക്കും വ്യവസായത്തിനും സഹായകമാണു്.

ജപ്പാനിലെ ഫ്യൂജിയാമ, ഇററലിയിലെ വെസൂവിയസ്സ് ഇവ പ്രസിദ്ധ അഗ്നിപർവ്വതങ്ങളാണു്.

## ഭൂകമ്പം

ഭൂകമ്പം സാധാരണമായി ഭൂമിയുടെ ഉപരിതലത്തിനു് അധികം താഴെയല്ലാതെയാണു് സംഭവിക്കുന്നതു്. ഭൂമിയുടെ അന്തർഭാഗത്തു് ഉഷ്ണാവിൽ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ ഉൾഭാഗം വികസിക്കുകയോ ചുരുങ്ങുകയോ ചെയ്യും. അപ്പോൾ ഭൂമിയുടെ ഉപരിതലത്തിലുണ്ടാകുന്ന ചലനത്തെയാണു് ഭൂകമ്പമെന്നു പറയുന്നതു്.

പ്രായോഗിക പ്രവർത്തനം:—

1. വർഷമാപിനി ഉപയോഗിച്ചു് കുട്ടികൾ മഴ അളക്കുന്നവിധം മനസ്സിലാക്കട്ടെ.

2. ഭൂമികുലുക്കങ്ങളെക്കുറിച്ചും അഗ്നിപർവ്വത സ്ഫോടനങ്ങളെക്കുറിച്ചും അതതു് കാലത്തു് വാർത്തകളിൽ നിന്നും വസ്തുതകൾ ശേഖരിയ്ക്കുക.

3. ഭൂഗോളത്തിന്റെ ഓരോ മാതൃകയുണ്ടാക്കി അതിൽ...

 (1) മേഖലകൾ അടയാളപ്പെടുത്തുക.

 (2) കാലവർഷക്കാറ്റുകൊണ്ടു് മഴ ലഭിക്കുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക. (ചായം കൊടുക്കുക)

 (3) പ്രധാനപ്പെട്ട അഗ്നിപർവ്വതങ്ങൾ അടയാളപ്പെടുത്തുക.

4. ധാതുക്കൾ അടങ്ങിയ പാറകളുടെ മാതൃകകൾ അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ കിട്ടാവുന്നിടത്തോളം ശേഖരിക്കട്ടെ.

5. മണ്ണിന്റെ തരമനുസരിച്ചു് വ്യത്യാസപ്പെട്ട സസ്യങ്ങൾ ഉദാഹരിക്കുന്ന ഒരു ചാർട്ടു് അദ്ധ്യാപകന്റെ സഹായത്തോടെ തയ്യാറാക്കുക.

# അദ്ധ്യായം 2

## ആഫ്രിക്ക

ഭൂതലത്തിലുള്ള ഭൂഖണ്ഡങ്ങളും മഹാസമുദ്രങ്ങളും ഏവയെന്ന് നിങ്ങൾക്കറിയാം. വൻകരകളിൽ വച്ച് ഏററവും വലിയ ഏഷ്യയെപ്പററി നിങ്ങൾ പഠിച്ചുകഴിഞ്ഞു. ഏഷ്യയ്ക്ക് അടുത്തു സ്ഥിതി ചെയ്യുന്ന ആഫ്റിക്കയെപ്പററി നമുക്കു പഠിക്കാം.

ഭൂലോകത്തിന്റെ പടത്തിൽ ആഫ്റിക്കയുടെ സ്ഥാനം നോക്കി മനസ്സിലാക്കുക. ഏഷ്യയും യൂറോപ്പും ആഫ്റിക്കയുടെ അയൽ ഭൂഖണ്ഡങ്ങളാണെന്നു കാണാം. ആഫ്റിക്കയുടെ തെക്കുഭാഗത്തെ പ്പററി ഇതരഭൂവിഭാഗക്കാർക്ക് ഏതാനും വർഷങ്ങൾക്കു മുൻപു വരെ ഒരറിവും ഇല്ലായിരുന്നു. അതിനാൽ ആഫ്റിക്കയെ ഇരുണ്ട ഭൂഖണ്ഡം എന്നു പറഞ്ഞിരുന്നു.

എ. ഡി. 1498-ൽ പോർട്ടുഗീസുകാരനായ വാസ്കോഡി ഗാമ ആഫ്റിക്കയുടെ തെക്കേ അററം ചുററി ഇൻഡ്യൻ മഹാ സമുദ്രത്തിൽ കൂടി കോഴിക്കോട്ടെത്തി എന്നു നിങ്ങൾ പഠിച്ചിട്ടു ണ്ടല്ലോ. ആ യാത്രയിൽ ആഫ്റിക്കയുടെ തീരപ്രദേശങ്ങളെപ്പററി കൂടുതൽ വിവരങ്ങൾ അറിയുവാൻ ഇടയായി. അതോടുകൂടി യൂറോപ്യന്മാർ ആഫ്റിക്കയുടെ കിഴക്കും പടിഞ്ഞാറും കച്ചവട സങ്കേതങ്ങൾ ഉറപ്പിച്ചു. തുടർന്നു പല മഹാന്മാരും ആഫ്റിക്ക യിൽ പര്യവേക്ഷണങ്ങൾ നടത്തി. അതിനുശേഷം ഈ ഭൂഖണ്ഡം അഭിവൃദ്ധി പ്രാപിച്ചുവരികയാണ്.

**ആഫ്റിക്കയെ പരിഷ്കൃതമാക്കുന്നതിനുള്ള ശ്രമങ്ങൾ:—**

ആഫ്റിക്കയെ പരിഷ്കരിക്കുന്നതിനുള്ള ശ്രമത്തിൽ പ്രധാന പങ്കു വഹിച്ചു ചിലരെപ്പററി നമുക്കു പഠിക്കാം.

**മംഗോ പാക്ക്**—1771–1806. ആഫ്റിക്കയിലെ നൈജർ നദിയെക്കുറിച്ചു പഠിക്കുന്നതിനു വേണ്ടി സ്വജീവിതം സമർപ്പിച്ച സ്കോട്ടലൻഡുകാരനായ ഒരു മഹാനായിരുന്നു മംഗോ പാക്ക്. 1795–ലായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ ആഫ്റിക്കൻ പര്യടനം. 1805–ലെ രണ്ടാമത്തെ പര്യടന വേളയിൽ അദ്ദേഹം നീർച്ചുഴിയിൽപെട്ടു മരിച്ചു. അദ്ദേഹം നൽകിയ വിവരണങ്ങൾ പില്ക്കാലത്തെ പര്യടനങ്ങൾക്കു സഹായകമായി.

**ഡേവിഡ് ലിവിംഗ്സ്റ്റൺ** (എ. ഡി. 1813—1872)

ഡേവിഡ് ലിവിംഗ്സ്റ്റൺ സ്കോട്ട്ലണ്ടിലെ ഒരു ചെറിയ ഗ്രാമത്തിൽ ജനിച്ചു. തന്റെ മാതാപിതാക്കൾ നിർധനരായിരുന്നതിനാൽ പത്തുവയസ്സു മുതൽ ഡേവിഡ് ഒരു പരുത്തി വ്യവസായശാലയിൽ ജോലി ചെയ്തുവന്നു. വിദ്യാതത്പരനായിരുന്ന ആ ബാലൻ വിശ്രമവും ഉറക്കവും ഉപേക്ഷിച്ചു പഠനം നടത്തി. പത്തൊൻപതു വയസ്സായപ്പോഴേക്കു അക്കാലത്തെ പല മഹൽ ഗ്രന്ഥങ്ങളും വായിക്കുവാൻ ലിവിംഗ്സ്റ്റണു സാധിച്ചു. തൻമൂലം ചൈന, ആഫ്റിക്ക മുതലായ രാജ്യങ്ങളിലെ ജനങ്ങളുടെ ഉദ്ധാരണത്തിനായി അക്ഷീണപരിശ്രമം നടത്തിയിട്ടുള്ള മഹാന്മാരായ ദേശസഞ്ചാരികളെപ്പററി അറിയുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആതുരസംരക്ഷണാർത്ഥം വിദേശങ്ങളിൽ പോയി നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുവാൻ വേണ്ടി അദ്ദേഹം വൈദ്യശാസ്ത്രം പഠിച്ചു ബിരുദം നേടി.

ആഫ്റിക്കയിലെ ജനങ്ങളുടെ ജീവിതരീതികളേയും, അവിടെ നിലവിലിരുന്ന പ്രതികൂല സാഹചര്യങ്ങളേയും കുറിച്ച് ഒരു ക്രിസ്ത്യൻ മിഷ്യനറിയിൽനിന്നു് അറിയുവാൻ ലിവിംഗ്സ്റ്റണു ഇടയായി. ഏറെത്താമസിയാതെ അദ്ദേഹം ഒരു സംഘം പര്യവേക്ഷകരോടൊന്നിച്ച് ആഫ്റിക്കയിലേയ്ക്കു പുറപ്പെട്ടു. മൂന്നു മാസങ്ങൾക്കുശേഷം ലിവിംഗ്സ്റ്റന്റെ സംഘം ആഫ്റിക്കയുടെ കിഴക്കേതീരത്തെത്തി. അവർ അവിടെനിന്നും ഏകദേശം പതിനൊന്നു കിലോമീററർ ഉൾപ്രദേശത്തേക്കു യാത്ര ചെയ്തപ്പോൾ അവക്കനുഭവപ്പെട്ട പ്രതിബന്ധങ്ങൾ അനവധിയായിരുന്നു. ഘോര വനങ്ങൾ, ക്രൂരമൃഗങ്ങൾ, അപരിഷ്കൃതരായ മനുഷ്യർ, അസഹനീയ കാലാവസ്ഥ, പനി, പട്ടിണി എന്നിവയൊന്നും ആ ഇരു

പത്തെട്ടുകാരന്റെ ദൃഢനിശ്ചയത്തെ ഉലച്ചില്ല. ഒരു ചെറിയ കുടിലിൽ താമസമുറപ്പിച്ചുകൊണ്ടു് ഡോക്ടർ, മതപ്രചാരകൻ, പര്യവേക്ഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ചതിന്റെ ഫലമായി ആ നാട്ടുകാരുടെ സ്നേഹം സമ്പാദിക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. അവരുടെ സഹായത്തോടുകൂടി ആഫ്രിക്കയെപ്പററി കൂടുതൽ വിവരങ്ങൾ ശേഖരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

വിശ്വസ്തരായ ചില ആഫ്രിക്കക്കാരോടൊത്തു വളരെ നാൾ യാത്രചെയ്തു് ലിവിംഗ്സ്റ്റൺ സാംബസി എന്ന നദി കണ്ടുപിടിച്ചു. അതിന്റെ ഉത്ഭവസ്ഥാനം കണ്ടെത്താനായി യാത്രതുടന്നു. വളരെ പ്രയാസപ്പെട്ടു മുൻപോട്ടു പോയപ്പോൾ ഒരു വലിയ വെള്ളച്ചാട്ടം കാണാനിടയായി. അതിനു് അന്നത്തെ ബ്രിട്ടീഷ് രാജ്ഞിയുടെ ഓർമ്മയ്ക്കായി വിക്ടോറിയ എന്നു് പേരിട്ടു. ഏറെത്താമസിയാതെ അദ്ദേഹം ഇംഗ്ലണ്ടിലേക്കു മടങ്ങി. ബ്രിട്ടീഷ് ഗവണ്മെൻറു് അദ്ദേഹത്തിന്റെ സേവനത്തെ ശ്ലാഘിക്കുകയും ആഫ്രിക്കൻ പര്യവേക്ഷണത്തിനു വേണ്ടതായ പ്രോത്സാഹനം നൽകുകയും ചെയ്തു.

ലിവിംഗ്സ്റ്റൺ വീണ്ടും ആഫ്രിക്കയിലേക്കുപോയി. ആ നാട്ടുകാരുടെ സഹായത്തോടു കൂടി അദ്ദേഹം ആഫ്രിക്കയുടെ മദ്ധ്യഭാഗത്തുള്ള ഘോരവനങ്ങൾ, നദികൾ, തടാകങ്ങൾ ഇവ കണ്ടുപിടിച്ചു. ഇതിലേക്കു് ദീർഘകാലം മദ്ധ്യാഫ്രിക്കയിൽ കഴിയേണ്ടതായിവന്നു. ഇക്കാലത്തു് അദ്ദേഹത്തെപ്പററി ഒരറിവും ഇംഗ്ലണ്ടിൽ ലഭിച്ചില്ല. വിശ്രമരഹിതവും ക്ലേശസമ്പൂർണ്ണവുമായ ഈ പ്രവർത്തനങ്ങൾ കൊണ്ടു് അദ്ദേഹം രോഗബാധിതനായി ഏകദേശം മരണത്തോടടുത്തെങ്കിലും ക്രമേണ സുഖം പ്രാപിച്ചു.

ലിവിംഗ്സ്റ്റൺ തന്റെ കോംഗോ പര്യവേക്ഷണം ആരംഭിച്ചു. അതിൽ ഏർപ്പെട്ടിരിക്കവെ അദ്ദേഹത്തിനു വീണ്ടും രോഗം പിടിപെട്ടു. വിശ്വസ്തരായ അനുചരന്മാർ അദ്ദേഹത്തെ നാട്ടിലേയ്ക്കയക്കാനായി സമുദ്രതീരത്തേക്കു കൊണ്ടുപോകവെ അദ്ദേഹം മൃതിയടഞ്ഞു. അദ്ദേഹത്തിന്റെ മൃതദേഹം ഇംഗ്ലണ്ടിലെ വെസ്ററ മിനിസ്റ്റർ ആബിയിൽ ബഹുമതികളോടെ സംസ്കരിക്കപ്പെട്ടു.

ലിവിംഗ്സ്റ്റൺ എഴുതിയിരുന്ന പര്യവേക്ഷണക്കുറിപ്പുകളിൽ നിന്ന് ആഫ്രിക്കയെപ്പറ്റി വളരെയേറെ വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. ആഫ്രിക്കക്കാരുടെ ഉദ്ധാരണത്തിനുവേണ്ടി ജീവിതം സമർപ്പിച്ച ആ മഹാത്മാവിനെ ലോകം എന്നും സ്മരിക്കുകതന്നെ ചെയ്യും.

**സ്റ്റാൻലി:**—എ. ഡി. 1841-ൽ വെയിൽസിൽ സ്റ്റാൻലി ജനിച്ചു. ഇരുപത്തിമൂന്നു വയസ്സുവരെ അദ്ദേഹം പല ജോലികളിലും ഏർപ്പെട്ടുകഴിഞ്ഞുവന്നു. പിന്നീട് അദ്ദേഹം ഒരെഴുത്തുകാരനായി. അതിനാവശ്യമുള്ള വസ്തുതകൾ ശേഖരിക്കുന്നതിനു പല സാഹസിക പര്യടനങ്ങളും നടത്തി. യാത്രാവിവരണങ്ങൾ എഴുതുന്നതിന് അദ്ദേഹത്തിന് അതിയായ താത്പര്യം ഉണ്ടായിരുന്നു. ഇതു മനസ്സിലാക്കിയ അധികൃതർ സ്റ്റാൻലിയെ ആഫ്രിക്കാ പര്യവേക്ഷണത്തിനു നിയമിച്ചു.

ആഫ്രിക്കയിലേക്കു പോയിരുന്ന ഡേവിഡ് ലിവിംഗ്സ്റ്റണിനെപ്പറ്റി ഇംഗ്ലണ്ടിൽ യാതൊരു വിവരവും കിട്ടിയിരുന്നില്ല. അദ്ദേഹത്തെ അന്വേഷിക്കുന്നതിനും കൂടിയാണ് സ്റ്റാൻലിയെ ആഫ്രിക്കയിലേക്കു നിയോഗിച്ചത്. സ്റ്റാൻലി ആഫ്രിക്കയിലെത്തി ഒൻപതുമാസം ചുററിത്തിരിഞ്ഞു് യുജീജി എന്ന സ്ഥലത്തു വച്ചാണ് ആസന്ന മരണനായിക്കിടന്നിരുന്ന ഡേവിഡ് ലിവിംഗ്സ്റ്റനെ കണ്ടത്. ആ കൂടിക്കാഴ്ച ഹൃദയഭേദകമായിരുന്നെന്ന് സ്റ്റാൻലി എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ശുശ്രൂഷയാൽ ലിവിംഗ്സ്റ്റൺ ആരോഗ്യവാനായി. അവർ ഒന്നിച്ച് ടാങ്കാനിക്കയുടെ തെക്കേ തീരത്ത് പര്യവേക്ഷണം നടത്തിയതിനു ശേഷം സ്റ്റാൻലി ഇംഗ്ലണ്ടിലേക്കു മടങ്ങി.

ലിവിംഗ്സ്റ്റന്റെ മരണാനന്തരം സ്റ്റാൻലി വീണ്ടും ആഫ്രിക്കൻ പര്യവേക്ഷണത്തിൽ ഏർപ്പെട്ടു. കോംഗോ തടത്തെപ്പററി പഠനം നടത്തുകയായിരുന്നു ലക്ഷ്യം. പല പ്രയാസങ്ങളെയും നേരിട്ടുകൊണ്ട് മൂന്നു കൊല്ലക്കാലം യാത്രചെയ്ത് പല പുതിയ സ്ഥലങ്ങളും അദ്ദേഹം കണ്ടെത്തി. അനാരോഗ്യം നിമിത്തം സ്റ്റാൻലിക്കു മടങ്ങേണ്ടതായി വന്നു. മൂന്നാം പ്രാവശ്യം സ്റ്റാൻലി ആഫ്രിക്കയിൽ പോയി. കോംഗോ തടത്തേയും അവിടത്തെ നിവാസികളായ പിഗ്മികളേയും കുറിച്ച് പഠനം നടത്തി പല വിവരങ്ങളും അദ്ദേഹം ശേഖരിച്ചിട്ടുണ്ട്.

## ആഫ്രിക്ക—ഭൂപ്രകൃതി

ആഫ്റിക്കയുടെ ഭൂപ്രകൃതി കുറിക്കുന്ന ഭൂപടം നോക്കി സ്ഥാനം, വലിപ്പം, ഭൂപ്രകൃതി ഇവ പഠിക്കാം.

**സ്ഥാനം**:—അററ്ലാൻറിക്ക് മഹാസമുദ്രത്തിനും ഇന്ത്യൻ മഹാസമുദ്രത്തിനും ഇടയിൽ മദ്ധ്യധരണ്യാഴിക്കു തെക്ക് ആഫ്റിക്കാഭൂഖണ്ഡം സ്ഥിതി ചെയ്യുന്നു. സൂയസ്സ്തോട്ട് ജിബ്രാൾട്ടർ ജലസന്ധി ഇവ ആഫ്റിക്കയെ യൂറോപ്പിൽ നിന്ന് വേർതിരിക്കുന്നു. ഇതു് ഉത്തരാക്ഷാംശം 37°–ക്കും ദക്ഷിണാക്ഷാംശം 35°–ക്കും പശ്ചിമരേഖാംശം 17°–ക്കും പൂർവ്വരേഖാംശം 50°–ക്കും ഇടയിൽ കിടക്കുന്നു.

**വലിപ്പം**.— ഭൂഖണ്ഡങ്ങളിൽ വലിപ്പംകൊണ്ടു് രണ്ടാമത്തെ സ്ഥാനം ആഫ്റിക്കയ്ക്കാണ്. ഇതു് ഇന്ത്യയുടെ ആറുമടങ്ങു വലുതാണ്.

ഭൂമദ്ധ്യരേഖ, ഉത്തരായനരേഖ, ദക്ഷിണായനരേഖ ഇവ മൂന്നും കടന്നുപോകുന്ന ഏകഭൂഖണ്ഡം ആഫ്റിക്കയാണ്. മദ്ധ്യരേഖ ഈ ഭൂഖണ്ഡത്തെ ഏകദേശം രണ്ടു സമഭാഗങ്ങളാക്കുന്നു. ഈ രേഖ കടന്നുപോകുന്ന ആഫ്റിക്കൻ പ്രദേശമാണ് കോംഗോതടം. ഇവിടെ ഇടതൂർന്ന വനങ്ങളാണ്.

ഭൂപടത്തിലെ സൂചിക അനുസരിച്ച് ആഫ്റിക്കയിലെ അതിരുകൾ, സമതലങ്ങൾ, പീഠഭൂമികൾ, പർവ്വതങ്ങൾ, നദികൾ, തടാകങ്ങൾ മുതലായവ കണ്ടുപിടിക്കുക.

ആഫ്റിക്കയുടെ ഭൂപ്രകൃതി പരിശോധിച്ചാൽ ഈ ഭൂഖണ്ഡത്തിന്റെ അധികഭാഗവും പീഠഭൂമിയാണെന്നു കാണാം. ഇതിന്റെ സമുദ്രതീരത്തു് വീതികുറഞ്ഞ സമതലങ്ങളുണ്ട്. ഈ സമതലം അതിനടുത്തു സ്ഥിതി ചെയ്യുന്ന പീഠഭൂമിയിൽ നിന്ന് ഏകദേശം 200 മീററർ താഴ്ചയിലാണ്. ആഫ്റിക്കയിൽ വളരെ പൊക്കമുള്ള പർവതങ്ങളോ വിശാലമായ സമതലങ്ങളോ ഇല്ല.

ഭൂപ്രകൃതിയനുസരിച്ച് ആഫ്റിക്കയെ നാലായി തിരിക്കാം·
(a) അററ്ലസ് പർവ്വതപ്രദേശങ്ങൾ (b) മദ്ധ്യപീഠഭൂമി.
(c) നൈൽ നദീതടം. (d) ഉന്നതമായ വടക്കുകിഴക്കൻ പ്രദേശങ്ങൾ.

(a) **അററ്ലസ് പര്വ്വതപ്രദേശങ്ങൾ:—**

ആഫ്രിക്കയുടെ വടക്കു പടിഞ്ഞാറ്, മദ്ധ്യധരണ്യാഴിക്കും സഹാറാമരുഭൂമിക്കും ഇടയ്ക്കു കിടക്കുന്ന പ്രദേശമാണ് അററ്ലസ് പർവ്വതപ്രദേശങ്ങൾ. യൂറോപ്യൻ പർവ്വതനിരകളുടെ ഒരു തുടർച്ചയായിട്ടാണ് അററ്ലസ് പർവ്വതനിരകൾ കിടക്കുന്നത്. ഭൂപ്രകൃതിയിലും ഇതിന്ന് യൂറോപ്പിൻെറ തെക്കു ഭാഗത്തോടു സാമ്യമുണ്ട്. ഇവിടെ സമുദ്രതീരത്തോടടുത്ത് ചെറിയ കുന്നുകളും വീതികുറഞ്ഞ സമതലവും, അതിനും ഉൾപ്രദേശത്ത് പീഠഭൂമിയും പർവ്വതനിരകളും കിടക്കുന്നു.

(b) **പീഠഭൂമിപ്രദേശം**:—സമുദ്രതീരത്തിനു സമീപം വീതികുറഞ്ഞ സമതലത്തിനുൾവശത്തുള്ള ഭാഗം മുഴുവനും പീഠഭൂമിയാണല്ലോ. ഈ പീഠഭൂമി തെക്കുഭാഗത്ത് പൊക്കം കൂടി വടക്കോട്ടു പോകുന്തോറും പൊക്കം കുറഞ്ഞുവരുന്നു. പൊക്കം കൂടിയ പീഠഭൂമി മദ്ധ്യഭാഗംവരെയും അവിടെ നിന്ന് അതിൻെറ വിസ്താരമേറിയ ശാഖ വടക്കോട്ടും നീണ്ടുകിടക്കുന്നു. വടക്കൻ പീഠഭൂമിപ്രദേശമാണ് സഹാറാ.

**സഹാറാ.**—ലോകത്തിലെ ഏററവും വലിയ മണലാരണ്യമാണിത്. ഇതിന്ന് ആഫ്രിക്കയുടെ ഏകദേശം നാലിൽ ഒരു ഭാഗം വലിപ്പമുണ്ട്. ഇവിടെ അങ്ങിങ്ങായി മണൽകുന്നുകളും പാറകളുമുണ്ട്. അവിടെത്തന്നെ താഴ്ന്നുള്ള സ്ഥലങ്ങളിൽ ചില നീരുറവകളും അവയ്ക്കു ചുററും ഈന്തപ്പനയും മററു ചില സസ്യങ്ങളും വളരുന്നു. സഹാറയിൽ മഴയില്ല. ജനവാസവും ഇല്ലെന്നു തന്നെ പറയാം. പകൽ അത്യുഷ്ണവും രാത്രിയിൽ അതിശൈത്യവുമാണ്. അങ്ങിങ്ങായി കാണപ്പെടുന്ന മരുപ്പച്ചകളിൽ മാത്രം കുറച്ച് ആളുകൾ താമസിക്കുന്നു. സഹാറായിലെ വാഹനം ഒട്ടകമാണ്. സമുദ്രത്തിൽ കപ്പൽ എന്ന പോലെ മരുഭൂമിയിൽ ഒട്ടകം സഞ്ചാരത്തിനു പ്രയോജനപ്പെടുന്നതിനാൽ ഒട്ടകത്തെ "മരുക്കപ്പൽ" എന്നും വിളിക്കുന്നു. ചാഡ് എന്ന തടാകവും അങ്ങിങ്ങായി ചില മലകളും സഹാറാപ്രദേശത്തുണ്ട്.

കിഴക്കു ഭാഗത്ത് മദ്ധ്യരേഖാ പ്രദേശത്തായി ചില പർവ്വത നിരകൾ ഉണ്ട്. ഈ നിരകൾ വടക്കു കിഴക്കു ഭാഗത്തുള്ള

പർവ്വതങ്ങളുടെ തുടർച്ചയാണ്. ഇതു തെക്കേ അററംവരെ ഇട വിട്ടു കിടക്കുന്നു. ഈ പർവ്വതങ്ങൾ അഗ്നിപർവ്വതങ്ങളിൽ നിന്നും ഒഴുകിയ ലാവാ ഉറഞ്ഞു് ഉണ്ടായതാണ്.

മദ്ധ്യരേഖാ പ്രദേശത്തുള്ള പ്രധാന പർവ്വതനിരകളിൽ ഏററവും പൊക്കം കൂടിയതു് കിളിമഞ്ജാരോ ആണ്. ഈ പർവ്വതത്തിൻെറ കൊടുമുടികളിൽ മഞ്ഞു് മൂടിക്കിടക്കുന്നു. തെക്കെ അററത്തെ പർവ്വതനിര ഡ്രേക്കൺസ് ബർഗ്ഗ് ആണ്.

**നദികൾ**:—ആഫ്റിക്കയിലെ മിക്കനദികളും പീഠഭൂമിയിൽ നിന്നാണ് ഉത്ഭവിക്കുന്നതു്. ചിലവ പീഠഭൂമിയിലെ തടാകങ്ങ ളിൽ നിന്നും ഉത്ഭവിക്കുന്നുണ്ട്. ഈ നദികളിൽ വെള്ളച്ചാട്ട ങ്ങൾ ഉള്ളതിനാൽ ഗതാഗതസൌകര്യം കുറവാണ്. ഏററവും പ്രധാനപ്പെട്ട നദികൾ കോംഗോ, സാംബസി, നൈൽ, നൈജർ, ഓറഞ്ചു് ഇവയാണ്. ഭൂപടത്തിൽ നോക്കി ഇവ മനസ്സിലാക്കുക.

**തടാകങ്ങൾ**:—മദ്ധ്യപീഠഭൂമിയിൽ കിഴക്കുഭാഗത്തു ചില തടാകങ്ങളുണ്ട്. ആൽബർട്ട്, എഡ്വേർഡ്, ടാങ്കനിക്കാ, റൂഡോൾഫ്, വിക്ടോറിയാ ന്യാസാ ഇവയാണ് പ്രധാന തടാകങ്ങൾ. ഇവയിൽ ഏററവും വല്യതു് വിക്ടോറിയാ ആണ്.

(c) **നൈൽ നദീതടം**:—നൈൽ നദി വിക്ടോറിയാ തടാകത്തിൽ നിന്നും ഉത്ഭവിച്ചു് വടക്കോട്ടൊഴുകി മെഡിററേനിയൻ കടലിൽ പതിക്കുന്നു. വിക്ടോറിയാ തടാകപ്രദേശത്തു ധാരാളം മഴ കിട്ടുന്നുണ്ട്. അതിനാൽ നൈൽ നദിയിൽ വെള്ളപ്പൊക്കം ഉണ്ടാകുകയും, ആണ്ടുതോറും ധാരാളം എക്കൽ നദിയുടെ ഇരുകര കളിലും, അടിയുകയും ചെയ്യുന്നു. നൈലിൻെറ പതനസ്ഥാനത്തോ ടടുത്തുള്ള രാജ്യമാണ് ഈജിപ്റ്റ്. നൈൽനദി ഈജിപ്റ്റിനെ ഫലപുഷ്ടമാക്കിയിരിക്കുന്നു. മുൻകാലങ്ങളിൽ ഈ നദിയിലെ വെള്ളപ്പൊക്കത്തെ ആശ്രയിച്ചായിരുന്നു കൃഷി നടത്തിയിരുന്നതു്. ഇപ്പോൾ നദിയിൽ പല സ്ഥാനങ്ങളിലും അണകൾ നിർമ്മിച്ചു് ജലം ശേഖരിച്ചു് എല്ലാക്കാലത്തും കൃഷി ചെയ്തുവരുന്നു. അസ്വാൻ എന്ന അണക്കെട്ടു് ഇപ്പോൾ നിർമ്മാണത്തിലാണ്.

(d) **വടക്കു കിഴക്കൻ പർവ്വതപ്രദേശം**:—വടക്കുകിഴക്കൻ ഭൂപ്രദേശങ്ങളിൽ ചെങ്കടലിനും ഇന്ത്യൻ മഹാസമുദ്രത്തിനും അടുത്ത കടലോരം മഴ കിട്ടാത്ത ഉഷ്ണപ്രദേശമാണ്. ഈ പീഠഭൂമി ലാവാ കൊണ്ടുണ്ടായ ഭൂവിഭാഗമാണ്. അബിസീനിയൻ പർവ്വതമാണ് ഇവിടത്തെ ഉയർന്ന പർവ്വതം. ഇവിടെ നിന്നാണ് നൈലിന്റെ പോഷകനദിയായ ബ്ളൂനൈൽ ഉത്ഭവിക്കുന്നത്.

## 4 (a) കാലാവസ്ഥ.

ആഫ്റിക്കയുടെ മുക്കാൽ ഭാഗവും ഉഷ്ണമേഖലയിൽ സ്ഥിതി ചെയ്യുന്നതിനാൽ അവിടെ പൊതുവെ ഉഷ്ണം കൂടിയിരിക്കും.

വടക്കേ ആഫ്റിക്കയിൽ ഉഷ്ണം അധികമായിരിക്കും. അവിടെ സഹാറാ മരുഭൂമിയാണല്ലോ. ഇക്കാലത്തു വീശുന്ന വടക്കുകിഴക്കൻ കാററ് നീരാവിയില്ലാത്ത ഉഷ്ണക്കാററായതിനാൽ അവിടെ മഴ കിട്ടുന്നില്ല. എന്നാൽ മദ്ധ്യരേഖയ്ക്കു തെക്ക് ഗിനി ഉൾക്കടലിൽ നിന്നും വീശുന്ന കാററ് ഗിനിപ്രദേശത്തും, ഇന്ത്യൻ മഹാസമുദ്രത്തിൽ നിന്നും ചെങ്കടലിൽ നിന്നും വീശുന്ന കാററുകൾ അബിസീനിയൻപ്രദേശത്തും ധാരാളം മഴ പെയ്യിക്കുന്നു. ഈ രണ്ടു പ്രദേശങ്ങളുടെ പരിസരങ്ങളിലും മദ്ധ്യാഫ്റിക്കയിലും കുറേശ്ശെ മഴ കിട്ടുന്നുണ്ട്. ബാക്കി പ്രദേശങ്ങളിൽ മഴയില്ലെന്നു തന്നെ പറയാം. ഈ കാലഘട്ടത്തിൽ ദക്ഷിണാഫ്റിക്കയിൽ ശൈത്യകാലമാണ്.

സെപ്തംബർ മുതൽ മാർച്ചു വരെ ദക്ഷിണാഫ്റിക്കയിൽ വേനൽക്കാലവും ഉത്തരാഫ്റിക്കയിൽ ശൈത്യകാലവും ആയിരിക്കും.

ദക്ഷിണാഫ്റിക്കയിലെ പീഠപ്രദേശങ്ങൾ ഉത്തരാഫ്റിക്കയേക്കാൾ കൂടുതൽ പൊക്കമുള്ളവയാണ്. പശ്ചിമതീരത്തുകൂടി ഒരു ശീതജലപ്രവാഹവുമുണ്ട്. ഈ കാരണങ്ങളാൽ ദക്ഷിണ പീഠഭൂമിയിൽ പടിഞ്ഞാറുഭാഗത്ത് അത്യുഷ്ണം അനുഭവപ്പെടുന്നില്ല.

## സസ്യങ്ങൾ

ആഫ്റിക്കയിലെ സസ്യവിതാനത്തെ നിയന്ത്രിക്കുന്ന മുഖ്യഘടകം മഴയാണ്. ആഫ്റിക്കയിലെ സസ്യ വിഭാഗങ്ങളെ മൂന്നായി തിരിക്കാം.

(1) വനപ്രദേശം (2) പുൽപ്രദേശം (3) മരുഭൂമി.

1. **വനപ്രദേശം:**—ഉഷ്ണവും മഴയും ഉള്ള കോംഗോ തടത്തിലും സമുദ്രതീരഗിനിപ്രദേശത്തും ഇടതൂർന്ന വനങ്ങൾ ഉണ്ട്. 60 മീററർ പൊക്കം വരെ വളരുന്ന മഹാഗണി, എബണി മുതലായ അനേകം വൃക്ഷങ്ങൾ ഇവിടെ നിബിഡമായി വളരുന്നു. ഈ വനങ്ങളിൽ ആനകൾ കൂട്ടംകൂട്ടമായി സഞ്ചരിക്കുന്നു. അവയുടെ ദന്തങ്ങൾ ശേഖരിച്ചു വിദേശങ്ങളിൽ അയയ്ക്കുന്നുണ്ട്.

ദക്ഷിണാഫ്രിക്കയുടെ കിഴക്കേ ഉന്നതതടം ഒരു പർവ്വത പ്രദേശമാണ്. ഇവിടെ മഴ ധാരാളമുള്ളതിനാൽ കാട്ടുകൾ വളരുന്നു. ഇതുകൂടാതെ അററ്ലസ് പർവ്വത പ്രദേശത്തും ഏററവും തെക്കേ പടിഞ്ഞാറുഭാഗത്തും വേനൽക്കാലത്തു ചൂടും ശൈത്യകാലത്തു മഴയും ആണ്. അതുകൊണ്ട് ഇവിടെ പഴവൃക്ഷത്തോട്ടങ്ങൾ ഉണ്ട്. ഒലീവ്, മുന്തിരി എന്നിവ ഇവിടെ വളരുന്നു.

2. **പുൽപ്രദേശം:**—മദ്ധ്യരേഖയ്ക്കു വടക്കും തെക്കും പ്രദേശങ്ങളിൽ വേനൽക്കാലത്തു മഴയും ശീതകാലത്തു വരൾച്ചയും ഉള്ള കാലാവസ്ഥയാണ്. അവിടെ പൊക്കത്തിൽ വളരുന്ന പുല്ലു കാണപ്പെടുന്നു. ഈ പുൽപ്രദേശത്തിനു 'സാവന്നകൾ' എന്നു പറയുന്നു. ആഫ്രിക്കയുടെ കാലാവസ്ഥയ്ക്ക് ഏററവും അനുയോജ്യമായ പ്രാകൃതിക സസ്യമാണിത്. ഇവിടെ പലതരം മൃഗങ്ങൾ ഉണ്ട്. വേട്ടയാടുന്നതിനു പററിയ സ്ഥലമാണിത്. പുൽപ്രദേശത്തു അങ്ങിങ്ങായി പൊക്കം കുറഞ്ഞ വൃക്ഷങ്ങളും വളരുന്നു. മരുഭൂമിയോടടുത്തുള്ള സാവന്നാപ്രദേശങ്ങളിൽ മഴയുടെ അഭാവംമൂലം പുല്ലു കുറവും മുൾച്ചെടികൾ കൂടുതലുമാണ്.

ദക്ഷിണ പീഠഭൂമിയിൽ മിതമായ ചൂടും തണുപ്പും ഉണ്ട്. അവിടെ മിതമായ മഴയും ലഭിക്കുന്നു. ഈ പ്രദേശങ്ങൾ പുൽമൈതാനങ്ങളാണ്. ആഫ്രിക്കയിൽ ഈ പീഠഭൂമിയെ 'വെൽഡ്' എന്നു പറയുന്നു. കാലി വളർത്തലാണ് ഇവിടത്തെ പ്രധാന തൊഴിൽ.

3. **മരുപ്രദേശം:**—ഉത്തരാഫ്രിക്കയിലെ സഹാറായും ദക്ഷിണാഫ്രിക്കയിലെ കലഹാരിയും ആണ് ഇവിടെയുള്ള മരുഭൂമികൾ. അബിസീനിയൻ പർവ്വത പ്രദേശത്ത് കാലാവസ്ഥയനുസരിച്ചു പ്രാകൃതിക സസ്യങ്ങളും വ്യത്യസ്തമായിരിക്കുന്നു.

# അദ്ധ്യായം 3.

## ആഫ്രിക്കയിലെ രാജ്യങ്ങൾ

ആഫ്റിക്കയിലെ രാജ്യങ്ങളുടെ പേരും, ഓരോന്നിന്റെയും തലസ്ഥാനവും ഭൂപടത്തിൽ നോക്കി മനസ്സിലാക്കുക. എത്തിയോപ്യ, ഈജിപ്ത്, ഉഗണ്ട, ഘാനാ, നൈജീറിയ, കാംഗോ, മൊറോക്കോ, ടൂണിഷ്യ, അബിസീനിയ, അംഗോല മുതലായവയാണ് ചില പ്രധാന രാജ്യങ്ങൾ.

**ജനസംഖ്യ**:—ആഫ്രിക്കയുടെ ഭൂപ്രകൃതിയും കാലാവസ്ഥയും ജനവാസത്തിന് അത്രമാത്രം യോജിച്ചതല്ല. മരുഭൂമിയും പുൽകാടുകളും ഘോരവനങ്ങളും കഴിഞ്ഞാൽ പിന്നെ കൃഷിക്കുപയുക്തമായ പ്രദേശങ്ങൾ കുറവാണ്. മററു വൻകരകളെ അപേക്ഷിച്ച് ജനസംഖ്യയും കുറവാണ്. എന്നാൽ ജനനിബിഡമായ ചില പ്രദേശങ്ങൾ ഇല്ലാതില്ല ആഫ്റിക്കയുടെ ഉത്തരഭാഗത്ത് അററ്ലസ് പ്രദേശവും നൈൽ നദീമുഖവും ജനബഹുലമായ പ്രദേശങ്ങളാണ്. ഈജിപ്തിലും ആളുകൾ തിങ്ങിപാർക്കുന്നു. അററ്ലസ് പ്രദേശത്തെ കാലാവസ്ഥ സുഖകരമായതിനാൽ നാട്ടുകാർക്കു പുറമേ യൂറോപ്യന്മാരും അവിടെ ധാരാളമുണ്ട്.

ജനബാഹുല്യമുള്ള മറെറാരു പ്രദേശം ദക്ഷിണാഫ്രിക്കയാണ്. ഇത് ടാങ്കനിക്കാ തടാകം മുതൽ ഗുഡ്ഹോപ്പ്മുനമ്പു വരെയും വ്യാപിച്ചു കിടക്കുന്നു. ഇവിടെയാണ് യൂറോപ്യന്മാരും ഇൻഡ്യക്കാരും അധികമായി പാർക്കുന്നത്. സമുദ്രതീരത്തുള്ള കേപ്പ് ടൗൺ, പോർട്ട് എലിസബത്ത്, ഡർബാൻ ഈ പട്ടണങ്ങളിൽ യൂറോപ്യന്മാർ തിങ്ങിപ്പാർക്കുന്നു. കൂടാതെ ഉൾപ്രദേശത്ത്, ഖനികളുള്ള ജോഹനസ് ബർഗിലും ഇവർ ധാരാളമുണ്ട്. പന്ത്രണ്ടു ലക്ഷം ചതുരശ്രകിലോ മീററർ വിസ്തീർണ്ണമുള്ള ദക്ഷിണാഫ്റിക്കാ യൂണിയനിൽ

മാത്രമായി ആകെ ജനസംഖ്യ ഏകദേശം ഒന്നരകോടിയുണ്ട്. അതിൽ മുപ്പതുലക്ഷം യൂറോപ്യന്മാരും, കുറച്ചു ഇൻഡ്യാക്കാരും ബാക്കി നാട്ടുകാരുമാണ്.

മദ്ധ്യാഫ്റിക്കയിൽ ജനവാസം കുറവാണ്. നീഗ്രോവർഗ്ഗക്കാരുടെ ഇടയിൽ മുൻകാലങ്ങളിലുണ്ടായിരുന്ന കലഹവും ഒരുതരം ഈച്ചകളുടെ ശല്യവും അത്യുഷ്ണവും മററുമാണ് ഇതിനു കാരണം. സുഡാനിലും നൈജീറിയായിലും ജനങ്ങൾ തിങ്ങിപ്പാക്കുന്നു.

**ജനങ്ങൾ:**—ആഫ്റിക്കയിൽ പ്രധാനമായി ആഫ്റിക്കക്കാർ അറബികൾ, ഇൻഡ്യാക്കാർ, യൂറോപ്യന്മാർ എന്നിവരാണുള്ളതു്.

**ആഫ്രിക്കക്കാർ**:—ആഫ്റിക്കയിൽ സഹാറായ്ക്കു തെക്കു ഭാഗം മുതൽ ദക്ഷിണാഫ്റിക്കയുടെ തെക്കുവരെ നീഗ്രോ വർഗ്ഗക്കാർ പാക്കുന്നു. കറുപ്പുനിറം, ചുരുണ്ട കമ്പിളി പോലുള്ള കറുത്ത തലമുടി, പരന്ന മൂക്ക്, തടിച്ച ചുണ്ട്, പൊക്കമുള്ളതും ഉറപ്പുള്ളതുമായ ശരീരം ഇവയാണ് അവരുടെ പ്രത്യേക ലക്ഷണങ്ങൾ. അവർ കൃഷിചെയ്തും, വേട്ടയാടിയും, മീൻപിടിച്ചും ഉപജീവിച്ചിരുന്നു. അവരെ കൂടാതെ നീഗ്രോകളുടേയും, അറബികളുടേയും, യൂറോപ്യന്മാരുടേയും സങ്കരവർഗ്ഗക്കാരെയും കാണാം.

ആഫ്റിക്കയിൽ കോംഗോതടത്തിലെ വനങ്ങളിൽ പാക്കുന്ന ഒരു വർഗ്ഗം അപരിഷ്കൃതരാണ് പിഗ്മികൾ. ഇവക്ക് പൊക്കം കുറവാണ്. അപരിചിതരായ മനുഷ്യരെ ഇവർക്കു വലിയ ഭയമുണ്ട്. ഇവർ പഴങ്ങൾ തിന്നും വേട്ടയാടിയും വനാന്തർഭാഗത്തുതന്നെ ജീവിക്കുന്നു.

**അറബികൾ:**—ഇവർ അറേബ്യായിൽ നിന്നും കുടിയേറി പാർത്തവരാണ്. ഇവരെ ഇപ്പോൾ ആഫ്രിക്കയിൽ പല സ്ഥലങ്ങളിലും കാണാം.

**യൂറോപ്യന്മാർ**:—കഴിഞ്ഞ ഒരു ശതാബ്ദത്തിനിടയിൽ യൂറോപ്പിൽനിന്ന് വിവിധ രാജ്യക്കാർ ആഫ്രിക്കയിൽ കുടിയേറി പാർത്തു. അവർ നാട്ടുകാരെ തീരപ്രദേശത്തു നിന്ന് കാട്ടുകളിലേക്ക് ഓടിച്ച് വാസയോഗ്യമായ സ്ഥലങ്ങൾ സ്വന്തമാക്കി.

**ഇന്ത്യാക്കാർ**.—യൂറോപ്യന്മാർ ആഫ്രിക്കയിൽ കുടിയേറിപ്പാർക്കാൻ തുടങ്ങിയതിനുശേഷം ഇൻഡ്യയിൽ നിന്നും അനേകംപേർ ഉപജീവനാർത്ഥം ആഫ്രിക്കയിലെത്തി. കാലക്രമത്തിൽ അവർ ദക്ഷിണാഫ്രിക്കയിൽ സ്ഥിരതാമസക്കാരായി.

## ആഫ്രിക്കയിലെ ഉണർവ്വ്

ആഫ്രിക്കയിൽ പല പര്യവേക്ഷണങ്ങൾ യൂറോപ്യന്മാർ നടത്തിയെന്നു നാം പഠിച്ചല്ലോ. ആഫ്റിക്കയുടെ ഉൾനാടുകളെപ്പററി കൂടുതൽ അറിവു ലഭിച്ചതോടുകൂടി അവർ കുടിയേറിപ്പാർക്കുവാൻ ആരംഭിച്ചു. തെക്കെ ആഫ്റിക്കയിൽ ആദ്യമായി കുടിയേറിപ്പാർത്തതു് ഡച്ചുകാർ ആയിരുന്നു. പിന്നീടു് ബ്രിട്ടീഷുകാർ തെക്കേആഫ്റിക്കൻ യൂണിയൻ സ്ഥാപിച്ചു. ഇവരെ കൂടാതെ ഫ്രാൻസ്, ജർമ്മനി, ബെൽജിയം, ഇററലി, പോർട്ടുഗൽ, സ്പെയിൻ എന്നീ രാജ്യക്കാർ അവിടെ കോളനികൾ ഏർപ്പെടുത്തി. അവിടെയുള്ള സ്വർണ്ണഖനികളും വജ്രഖനികളും നല്ല കൃഷിസ്ഥലങ്ങളുമാണു് അവരെ ആകർഷിച്ചതു്. ആ സ്ഥലത്തുണ്ടായിരുന്ന നീഗ്രോകളെക്കൊണ്ടു് അടിമകളെപ്പോലെ ജോലിചെയ്യിച്ചു് വെള്ളക്കാർ വളരെയധികം ലാഭമുണ്ടാക്കി.

ഡച്ചുകാരുടെ കൈവശമിരുന്ന ട്രാൻസ്‌വാൾ എന്ന സംസ്ഥാനത്തിലാണു് ലോകത്തിലെ സുപ്രസിദ്ധ സ്വർണ്ണഖനി. ഇവിടെ ഡച്ചുകാരുടെ പിൻഗാമികളായ ബൂവർ വർഗ്ഗക്കാർ പാർത്തിരുന്നു. ഈ ഖനി കണ്ടെത്തിയ വിവരം അറിഞ്ഞു് ബ്രിട്ടീഷുകാർ അവരെ യുദ്ധത്തിൽ തോല്പിച്ചു് അധികാരം സ്ഥാപിച്ചു. അവിടെ ഖനികളിൽ കൂലിപ്പണി ചെയ്യാൻ ആഫ്റിക്കക്കാരെയും ഇൻഡ്യാക്കാരെയും ബ്രിട്ടീഷുകാർ ഏർപ്പെടുത്തി. വെള്ളക്കാരായ മുതലാളിമാർ ഇവരോടു ക്രൂരമായി പെരുമാറിയിരുന്നു. ഇതു സഹിച്ചുകൊണ്ടിരുന്ന ഇൻഡ്യാക്കാരിൽ ഒരു വിപ്ലവ മനോഭാവമുണ്ടായി. ആ കാലത്താണു് വക്കീൽജോലിക്കായി മഹാത്മാഗാന്ധി ദക്ഷിണാഫ്റിക്കായിൽ പോയതു്. തന്റെ നാട്ടുകാരുടെ കഷ്ടപ്പാടിനു് പരിഹാരം കാണാനും അവരുടെ അഭിമാനം സംരക്ഷിക്കുവാനും അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇൻഡ്യാക്കാർ വെള്ളക്കാരുടെ അക്രമപരമായ പെരുമാററത്തോടുള്ള പ്രതി

ഷേധം പ്രകടമാക്കി. ഇതിന്റെ ഫലമായി ആഫ്റിക്കൻ ഗവണ്മെൻറ് ഗാന്ധിജിയുമായി സന്ധിചെയ്തു. അതു് അന്നു് ഇൻഡ്യക്കാർക്കു് ഒരു വിജയമായിരുന്നു.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടന്ന വിപ്ലവങ്ങളും സ്വാതന്ത്ര്യ സമരങ്ങളും ആഫ്റിക്കൻ ജനങ്ങളെ സ്വാതന്ത്ര്യേച്ഛുക്കളാക്കി. അവിടെ "ആഫ്റിക്ക—ആഫ്റിക്കക്കാർക്കു" എന്ന മുറവിളിമുഴങ്ങി. ഏഷ്യൻ സ്വാതന്ത്ര്യരാജ്യങ്ങൾ അവർക്കു പിന്തുണ നൽകി. സമീപകാലത്തു് മിക്ക പാശ്ചാത്യരാജ്യങ്ങളും ആഫ്റിക്കയിലുള്ള തങ്ങളുടെ കോളനികൾ ഉപേക്ഷിക്കുവാൻ നിർബന്ധിതരാവുകയും ആഫ്റിക്കൻ രാജ്യങ്ങൾ സ്വാതന്ത്ര്യങ്ങളാകുകയും ചെയ്തു.

**വർണ്ണവിവേചനം**:—ആഫ്രിക്കയിലെ നാട്ടുകാരോടും ഇൻഡ്യാക്കാരോടും ദക്ഷിണാഫ്റിക്കയിലെ വെള്ളക്കാർ വിവേചനം കാണിക്കുന്നു. കൃഷിസ്ഥലങ്ങളുടെ ഉടമസ്ഥാവകാശം ആഫ്റിക്കക്കാർക്ക് വെള്ളക്കാർ അനുവദിക്കുന്നില്ല. ഗവണ്മെൻറുദ്യോഗം വെള്ളക്കാർക്കു മാത്രമേ കൊടുക്കുകയുള്ളു. കറുത്ത വർഗ്ഗക്കാരുടെ വാസസ്ഥലം വെള്ളക്കാരുടേതിൽ നിന്നു് വളരെ അകന്നിരിക്കണം. വെള്ളക്കാർ കയറുന്ന വണ്ടിയിൽ കറുത്തവർക്കു കയറാൻ പാടില്ല. അവർക്കു് ഒന്നിച്ചു പഠിക്കാൻ അനുവാദമില്ല. വെള്ളക്കാർക്കൊപ്പമായ രാഷ്ട്രീയ സാമൂഹ്യാവകാശങ്ങൾ ആഫ്റിക്കക്കാർക്കും ഇൻഡ്യാക്കാർക്കും നിഷേധിക്കപ്പെട്ടിരിക്കയാണു്. ഈ വിവേചനത്തെ 'അപ്പാർത്തീഡ്' അഥവാ <u>വർണ്ണവിവേചനം</u> എന്നു പറയുന്നു. ഇൻഡ്യാക്കാരും ആഫ്റിക്കക്കാരും ഇതിനെ ശക്തിയായി എതിർക്കുന്നു.

## സാമ്പത്തികവിഭവങ്ങൾ

(a) **കൃഷി**:—ആഫ്റിക്കയിൽ കുടിയേറിപാർത്ത യൂറോപ്യന്മാർ വ്യവസായം, കച്ചവടം, ഖനനം ഇവയിൽ ഏർപ്പെട്ടിരിക്കുന്നു. ആ നാട്ടുകാർ കൃഷിയിൽ തല്പരരാണു്. പീഠഭൂമികളിലും നദീതടങ്ങളിലും സമതലങ്ങളിലും ചോളം, തിന, പരുത്തി, കൊക്കോ, നിലക്കടല, ഈന്തപ്പന എന്നിവ കൃഷി ചെയ്യുവരുന്നു.

പരുത്തികൃഷി ആഫ്റിക്കയിൽ ധാരാളമുണ്ട്. ഈജിപ്തി ലെ പഞ്ഞിയുടെ നാരു് നീളമുള്ളതും ഏററവും മെച്ചവുമാണ്. ആഫ്റിക്കയിലെ കയററുമതിയിൽ 80 ശതമാനവും പരുത്തി യാണ്. അബിസീനിയാ, നൈജീറിയാ, കോംഗോ, അംഗോല ഈ പ്രദേശങ്ങളിൽ പരുത്തി ധാരാളം കൃഷി ചെയ്യുന്നു.

കൊക്കൊ എന്ന ചെടിയുടെ കായ്ക്കകത്തെ കുരു ഉണക്കി പൊടിച്ചാണ് കൊക്കൊപ്പൊടിയെടുക്കുന്നതു്. ഇതു പാനീയമായി ഉപയോഗിക്കുന്നതിനു പുറമേ ചോക്കലേററിലും മററു മധുര പലഹാരങ്ങളിലും ചേക്കാറുണ്ട്. ലോകത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കൊക്കൊയിൽ 50 ശതമാനം ഗിനി പ്രദേശത്തിലെ ഘാനായിൽ നിന്നും കിട്ടുന്നു.

ആഫ്റിക്കയുടെ ഏററവും വടക്കു പടിഞ്ഞാറും, തെക്കുപടിഞ്ഞാറും ഭാഗങ്ങളിൽ ഒലിവും മുന്തിരിയും മററു പലതരം പഴവർഗ്ഗങ്ങളും സമൃദ്ധിയായി ഉണ്ടാകുന്നു.

ഗോതമ്പ്, പുകയില, പയറുവർഗ്ഗങ്ങൾ, നെല്ല്, കരിമ്പ്, കാപ്പി, തെങ്ങ്, ഗ്രാമ്പു്, എണ്ണപ്പന, ഏത്തവാഴ എന്നിവയാണ് ആഫ്റിക്കയിലെ മററു കൃഷികൾ.

(b) **മൃഗസമ്പത്തു്**:—ആഫ്രിക്കയിൽ ഒരു വലിയ വിഭാഗം പുൽപ്രദേശമായതിനാൽ ആടുമാടുകളെ വളത്താൻ വളരെ സൗകര്യമാണ്. അവിടെ നീഗ്രോകൾ ആടുമേച്ചു കഴിയുന്നു. ദക്ഷിണാഫ്രിക്കയിൽ നിന്നു് വളരെയധികം ആട്ടിൻരോമവും, ഇറച്ചിയും, ക്ഷീരോല്പന്നങ്ങളും, തോലും കിട്ടുന്നു.

ഒട്ടകം, കഴുത, കുതിര, കോവർകഴുത, സീബ്ര, കാള എന്നിവ സഞ്ചരിക്കുന്നതിനും വണ്ടിവലിക്കുന്നതിനും ഉപയോഗിക്കുന്നു. ആഫ്രിക്കൻ മദ്ധ്യരേഖാവനങ്ങളിൽ ധാരാളം ആന, കാണ്ടാമൃഗം, കുരങ്ങുകൾ, ചീങ്കണ്ണി എന്നിവയുണ്ട്. മനുഷ്യകുരങ്ങുകളെയും ഇവിടെ കാണാം. ആനക്കൊമ്പു് നല്ല വരുമാനമാർഗ്ഗമാണ്. പുൽപ്രദേശങ്ങളിൽ പ്ലാവ്, സിംഹം എന്നിവ കാണപ്പെടുന്നു.

(c) **ധാതുസമ്പത്തു്**:— ആഫ്റിക്കയിലെ ധാതുസമ്പത്തു വിദേശിയരെ അവിടേക്കു് ആകർഷിച്ചു. സ്വർണ്ണം, വജ്രം

ചെമ്പ്, കൽക്കരി, യുറേനിയം എന്നിവയാണ് അവിടത്തെ പ്രധാന ധാതുക്കൾ. ലോകത്തിൽ ഖനനം ചെയ്യപ്പെടുന്ന സ്വർണ്ണത്തിൽ 90 ശതമാനം ദക്ഷിണാഫ്റിക്കയിൽ നിന്നു കിട്ടുന്നു. ജോഹനസ്ബർഗ് സ്വർണ്ണഖനികളുടെ കേന്ദ്രമാണ്. കോംഗോ ഘാനാ, റൊഡേഷ്യ, ചെങ്കടലിനടുത്ത പ്രദേശം എന്നിവിടങ്ങളിൽ നിന്നും സ്വർണ്ണം ലഭിക്കുന്നു.

വജ്രം ഏററവും വിലപിടിപ്പുള്ള ഒരു ധാതുപദാർത്ഥമാണ്. ദക്ഷിണാഫ്റിക്കയിലെ കിംബർലി വജ്ര ഖനനത്തിന് ലോകത്തിൽ ഒന്നാംസ്ഥാനം അർഹിക്കുന്നു. കോംഗോയിൽ നിന്നും ഓറഞ്ചുനദീമുഖത്തു നിന്നും വജ്രം എടുക്കുന്നുണ്ട്.

ദക്ഷിണാഫ്റിക്കയിലെ മെസീന, കോംഗോ, റൊഡേഷ്യ ഈ പ്രദേശങ്ങളിൽ നിന്ന് ചെമ്പുഖനനം ചെയ്യപ്പെടുന്നു. ആഫ്റിക്കയിൽ നിന്നും കിട്ടുന്നതിൽ 80 ശതമാനം ചെമ്പും റൊഡേഷ്യയിൽ നിന്നാണ് കിട്ടുന്നത്.

ദക്ഷിണാഫ്റിക്കയിലെ ട്രാൻസ്വാൾ എന്ന സ്ഥലത്തു നിന്ന് കല്ക്കരി ലഭിക്കുന്നു.

യുറേനിയം കോംഗോയിൽ നിന്നും കിട്ടുന്നു. ഇവ കൂടാതെ ഇരുമ്പു, മാംഗനീസ്, വെളുത്തീയം, വെള്ളി, ഈയം, നാകം, ആസ്ബസറേറാസ് മുതലായവയും ഖനനം ചെയ്യപ്പെടുന്നു.

**ഗതാഗതമാർഗ്ഗങ്ങൾ:**—മരുഭൂമിയിൽ കൂടി തുളകൾ ഒട്ടകപ്പുറത്തു കയറി യാത്ര ചെയ്യുന്നു. നീണ്ടയാത്രയ്ക്ക് വിമാനം ഉപയോഗപ്പെടുത്തുന്നു. പീഠഭൂമിയിൽ ഇടയ്ക്കിടയ്ക്ക് പർവ്വതങ്ങളും തരഴ് വരകളും, മദ്ധ്യഭാഗത്തു ഘോരവനങ്ങളും ഉള്ളതിനാൽ റോഡു വെട്ടാൻ വിഷമമുണ്ട്. ചില സ്ഥലങ്ങളിൽ തലച്ചുമടായിട്ടു മാത്രമേ സാധനങ്ങൾ കൊണ്ടുപോകാൻ സാധിക്കയുള്ളൂ. നദികളിൽ കൂടിയുള്ള യാത്രയ്ക്ക് തടസ്സങ്ങളുണ്ട്. ഈ കാരണങ്ങളാൽ ആഫ്റിക്കയിലെ ഉൾപ്രദേശങ്ങളിൽ ജനവാസവും പുരോഗതിയും കുറഞ്ഞിരുന്നു. ഇപ്പോൾ സ്ഥിതിഗതികൾ വ്യത്യാസപ്പെട്ടുവരുന്നു. എങ്കിലും ഗതാഗതമാർഗ്ഗങ്ങൾ വേണ്ടത്ര വികസിച്ചിട്ടില്ല.

തുടർച്ചയായിട്ടല്ലെങ്കിലും, പ്രധാന പട്ടണങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീവണ്ടിപ്പാതകളും റോഡുകളും ഇപ്പോൾ ഉണ്ട്.

ആഫ്റിക്കയുടെ കിഴക്കേ അററം മുതൽ പടിഞ്ഞാറുവരെ തീവണ്ടി മാഗ്ഗം യാത്രചെയ്യാം. തെക്ക് കേപ്പ്ടൌൺ മുതൽ വടക്ക കെയിറോ വരെ ഒരു തീവണ്ടിപ്പാത നിമ്മിക്കുന്നതിന് ശ്രമം നട ത്തിക്കൊണ്ടിരിക്കുകയാണ്. ദക്ഷിണാഫ്റിക്കയിലാണ് തീവണ്ടി പ്പാതകഠം അധികവും ഉള്ളതു്. ഖനന വ്യവസായത്തിന് ഇവ അത്യാവശ്യമാണ്.

നദികളിൽ വെള്ളച്ചാട്ടങ്ങഠം ഉണ്ടെങ്കിലും ഇടയ്ക്കുള്ള ഭാഗം ഗതാഗതസൗകയ്യമുള്ളതാണ്. ഉഠംപ്രദേശത്തുള്ള നദികളും തടാക ങ്ങളും സഞ്ചാരസൗകര്യമുള്ളതാക്കിയിട്ടുണ്ട്.

ആഫ്റിക്കയുടെ ഭൂപ്രകൃതി, കാലാവസ്ഥ മുതലായവ വളരെ അനുകൂലമല്ലാത്തതിനാൽ വിമാനമാഗ്ഗമാണ് കൂടുതൽ സഞ്ചാരം നടത്തിവരുന്നതു്. ഈ ഭൂഖണ്ഡത്തിന്റെ തെക്കേ അററം മുതൽ വടക്കെ അററം വരെ വിമാനസർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

ആഫ്റിക്കയിലെ തുറമുഖങ്ങഠംവഴി അന്യരാജ്യങ്ങളുമായി വിപുലമായ തോതിൽ വാണിജ്യം നടക്കുന്നുണ്ട്.

**വാണിജ്യബന്ധങ്ങഠം**:—ആഫ്റിക്കയിലെ നദികഠം കപ്പൽ ഗതാഗതത്തിന് അത്ര സൗകര്യമുള്ളവയല്ല. തുറമുഖങ്ങളും ഇവിടെ കുറവാണ്. എങ്കിലും ഈ ഭൂഖണ്ഡം മററു രാജ്യങ്ങളു മായി വാണിജ്യബന്ധം പുലർത്തിപ്പോരുന്നതു് കടൽമാർഗ്ഗമാണ്. ഇംഗ്ലണ്ട്, ഇൻഡ്യ, ആസ്ട്രേലിയ മുതലായ രാജ്യങ്ങളിൽനിന്നും വരുന്ന കപ്പലുകളിൽ അധികവും ആഫ്റിക്കൻ തുറമുഖങ്ങളിൽ അടുത്തിട്ടാണ് പോകുന്നതു്.

**പ്രധാന കയററുമതിദ്രവ്യങ്ങഠം**:—വ്യവസായശാലകഠം ക്കാവശ്യമായ അനേകം അസംസ്കൃത സാധനങ്ങളും ചില ഭക്ഷ്യ സാധനങ്ങളും മററും ആഫ്റിക്കയിൽ നിന്നും കയററുമതി ചെയ്യു ന്നുണ്ട്.

നൈജീറിയായിൽ നിന്ന് എണ്ണവിത്തുകളും, കൊക്കോ, പരുത്തി മുതലായവയും കയററുമതി ചെയ്യുന്നു. ഈജിപ്റ്റ്, സുഡാൻ, കെനിയ, റൊഡേഷ്യ ഈ രാജ്യങ്ങളിൽ നിന്ന് പരുത്തി യും വസ്ത്രങ്ങളും കയററുമതി ചെയ്യപ്പെടുന്നു. കെനിയായിൽ

നിന്നു് കാപ്പിക്കുരു കയററി അയക്കുന്നു. യുറേനിയം, സ്വർണ്ണം, വജ്രം, പഴവർഗ്ഗങ്ങൾ, വീഞ്ഞു്, ആട്ടുരോമം എന്നിവയാണു് ദക്ഷിണാഫ്രിക്കൻ യൂണിയനിൽ നിന്നു് കയററുമതി ചെയ്യപ്പെടുന്നതു്.

തുണിത്തരങ്ങളും, ഇരുമ്പും, ഉരുക്കുസാധനങ്ങളും, യന്ത്രങ്ങളും ആണു് ആഫ്ിക്കയിലെ ഇറക്കുമതി സാധനങ്ങൾ. ഇവ അധികവും ഇംഗ്ലണ്ടിൽ നിന്നാണു വരുന്നതു്.

### പ്രായോഗിക പ്രവർത്തനങ്ങൾ:—

1. ആഫ്ിക്കയുടെ പടത്തിൽ അതിരുകളായിക്കിടക്കുന്ന അക്ഷാംശരേഖാംശ രേഖകളും, അതിരുകളും പേരെഴുതി അടയാളപ്പെടുത്തുക.

2. ആഫ്ിക്കയുടെ ഒരു മോഡൽ കളിമണ്ണു കൊണ്ടുണ്ടാക്കി അതിൽ കോങ്ഗോവനങ്ങളും സഹാറയും പുൽപ്രദേശങ്ങളും പീഠഭൂമികളും അടയാളപ്പെടുത്തുക.

3. മററു ഗ്രന്ഥങ്ങൾ വായിച്ചു് അദ്ധ്യാപകന്റെ നേതൃത്വത്തിൽ താഴെ പറയുന്നവയെക്കുറിച്ചു വിവരണങ്ങൾ തയ്യാറാക്കുകയും ചിത്രങ്ങൾ ശേഖരിച്ചു ആൽബങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.

   (1) ആഫ്ിക്കയിലെ ധാതുക്കൾ
   (2) ആഫ്ിക്കയിലെ വന്യമൃഗങ്ങൾ
   (3) ആഫ്ിക്കയിലെ വിവിധ ജനവർഗ്ഗങ്ങൾ
   (4) ആഫ്ിക്കയിലെ ഗതാഗതസൗകര്യങ്ങൾ
   (5) ആഫ്ിക്കയിലെ സ്വതന്ത്രനാടുകൾ

4. വർണ്ണവിവേചനമെന്തെന്നതിനെക്കുറിച്ചു് ഒരു നിയന്ത്രിത ചർച്ച സംഘടിപ്പിക്കുക.

# അദ്ധ്യായം 4

## ആസ്ത്രേലിയാ

ആഫ്രിക്കയെപ്പോലെ വളരെക്കാലം അജ്ഞാതമായിരുന്ന ഒരു ഭൂഖണ്ഡമാണ് ആസ്ത്രേലിയാ. അതിന്റെ കാരണമെന്തെന്ന് ഒരു ഭൂഗോളം നോക്കി മനസ്സിലാക്കുക.

ആസ്ത്രേലിയാ ദക്ഷിണാർദ്ധഗോളത്തിൽ മഹാസമുദ്രങ്ങളുടെ നടുക്ക് മററു ഭൂഖണ്ഡങ്ങളിൽ നിന്ന് അകന്നു സ്ഥിതിചെയ്യുന്നു. പതിനെട്ടാം നൂററാണ്ടിന്റെ അവസാനഘട്ടത്തിൽ മാത്രമാണ് യൂറോപ്യന്മാർ ഈ ഭൂഖണ്ഡത്തിൽ കുടിയേറിപ്പാർക്കാൻ തുടങ്ങിയത്.

1770–ൽ ക്യാപ്ററൻ കുക്ക് എന്ന ഇംഗ്ലീഷുകാരൻ ആസ്ത്രേലിയായിൽ എത്തി. ഇംഗ്ലീഷ് പര്യവേക്ഷകരിൽ പ്രഥമഗണനീയൻ ആയിരുന്നു അദ്ദേഹം.

**കുക്ക്**:—1728–ൽ ഇംഗ്ലണ്ടിലെ യോർക്ക്ഷയർ എന്ന സ്ഥലത്ത് ഒരു കൂലിവേലക്കാരന്റെ പുത്രനായി കുക്ക് ജനിച്ചു. ചെറുപ്പം മുതൽ കൂലിവേലചെയ്തുപജീവിക്കേണ്ടിയിരുന്നതിനാൽ കുക്കിന് വിദ്യാഭ്യാസം ചെയ്യുന്നതിന് സൗകര്യം ഉണ്ടായില്ല.

കപ്പൽ സഞ്ചാരത്തിൽ താല്പര്യം ഉണ്ടായിരുന്ന കുക്ക് ഒരു കപ്പൽ ജോലിക്കാരനായി. ദീർഘകാലത്തെ പരിശ്രമം കൊണ്ട് കപ്പലോട്ടത്തിന്റെ കല എന്തെന്ന് അദ്ദേഹം മനസ്സിലാക്കി.

അദ്ദേഹത്തിന്റെ കഴിവുകൾ മനസ്സിലാക്കിയ മേധാവികൾക്ക് കുക്കിൽ വിശ്വാസം ഉണ്ടായി. ലോകം ചുററിസ്സഞ്ചരിക്കാനായി നിയമിക്കപ്പെട്ട പര്യവേക്ഷക സംഘത്തിന്റെ നായകനായി അദ്ദേഹത്തെ അവർ തെരഞ്ഞെടുത്തു. ഭൂഗോളത്തിൽ തെക്കു ഭാഗത്ത് ഒരു ഭൂഖണ്ഡമുണ്ടെന്ന് അക്കാലത്ത് യൂറോപ്യന്മാർ വിശ്വ

സിച്ചിരുന്നു. ആ ഭൂഖണ്ഡവും മററു പല സ്ഥലങ്ങളും കണ്ടുപിടി ക്കുന്നതിനായി പര്യവേക്ഷക സംഘം പുറപ്പെട്ടു. അദ്ദേഹം മൂന്നു് പ്രാവശ്യം ലോകം ചുററിസ്സഞ്ചരിച്ചു് പലസ്ഥലങ്ങളിലും പര്യവേ ക്ഷണങ്ങൾ നടത്തി.

ക്യാപ്ററൻ കുക്ക് ആസ്ട്രേലിയായുടെ തെക്കുകിഴക്കു ഭാഗ ത്തുള്ള ന്യൂസീലണ്ട് എന്ന ദ്വീപ് സ്ഥാനനിർണ്ണയം ചെയ്തു. തുടന്നു അദ്ദേഹം ആസ്ട്രേലിയായുടെ കിഴക്കേ തീരത്തെത്തി. ആ സ്ഥല ത്തിനു് അദ്ദേഹം ന്യൂസൗത്ത് വെയ്ൽസ് എന്നു പേരിട്ടു. പിന്നീട് യാത്ര തുടന്നു് ബോട്ടണിബേയ് എന്ന സ്ഥലത്തിറങ്ങി. ആ പ്രദേശ ങ്ങളിൽ പര്യടനം നടത്തി. ആ നാട്ടുകാരോട് അദ്ദേഹം വളരെ സൗഹാർദ്ദമായി പെരുമാറി. പിന്നീട് അദ്ദേഹം മടങ്ങിപ്പോയി.

ക്യാപ്ററൻ കുക്കിന്റെ കപ്പൽയാത്രകളിലെല്ലാം തന്റെ നാവി കരുടെ ആരോഗ്യം, ശുചിത്വം ഇവയിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. കൂടാതെ അദ്ദേഹത്തിൻെറ പെരുമാററം നാവികരെ തികച്ചും സംതൃപ്തരാക്കിയുമിരുന്നു.

ഭൂപടം നോക്കി ആസ്ട്രേലിയായുടെ സ്ഥാനം, വലിപ്പം, ആകൃതി, ഭൂപ്രകൃതി ഇവ മനസ്സിലാക്കുക.

**സ്ഥാനം**:—ആസ്ട്രേലിയ ദക്ഷിണാർദ്ധഗോളത്തിൽ, അക്ഷാംശം 10°-ക്കും, 40°-ക്കും, പൂർവ്വരേഖാംശം 113°-ക്കും 154°-ക്കും ഇടയ്ക്കു സ്ഥിതി ചെയ്യുന്നു. ഇതിൻെറ വടക്കും പടിഞ്ഞാറും ഇൻ ഡ്യൻ മഹാസമുദ്രവും തെക്കും കിഴക്കും പസഫിക്ക് മഹാസമു ദ്രവും ചുററിക്കിടക്കുന്നു.

**വലിപ്പം**:—ഭൂഖണ്ഡങ്ങളിൽ വച്ചു് ഏററവും ചെറുതാണ് ആസ്ട്രേലിയാ. ഇതിൻെറ വിസ്തീർണ്ണം ഏകദേശം 77 ലക്ഷം ചതു. കി. മീററർ ആണ്. ഇതിൻെറ മൂന്നിൽ ഒരു ഭാഗത്തിൽ കൂടു തൽ ഉഷ്ണമേഖലയിലും ബാക്കി മിതോഷ്ണമേഖലയിലും സ്ഥിതിചെ യ്യുന്നു. ഇതിൻെറ സമുദ്രതീരത്തിൽ അധികഭാഗവും ഇൻഡ്യൻ മഹാസമുദ്രത്തിലാണ്. പസഫിക്കിലെ ആസ്ട്രേലിയൻ സമുദ്ര തീരപ്രദേശമാണ് ജനനിബിഡമായിട്ടുള്ളതു്. അതിനാൽ ഇതിനെ പസഫിക്കിലെ ഒരു വൻകരയായി കരുതിവരുന്നു.

**രൂപം**:—ആസ്ത്രേലിയായ്ക്കു് ഒരു ദ്വീപിന്റെ രൂപമാണുള്ളതു്. ഒരു ദ്വീപിനു് ഒരേ ഭൂപ്രകൃതിയും കാലാവസ്ഥയും ഉണ്ടായിരിക്കും. ആസ്ത്രേലിയായ്ക്കു ഭിന്നമായ ഭൂപ്രകൃതിയും കാലാവസ്ഥയും ആയതിനാൽ ഇതൊരു ദ്വീപല്ലെന്നു് നിശ്ചയിക്കാം.

**ഭൂപ്രകൃതി**:—ആസ്ത്രേലിയായുടെ ഭൂപ്രകൃതി കാണിക്കുന്ന ഭൂപടത്തിലെ സൂചികയുടെ സഹായത്താൽ നിമ്നോന്നത സ്ഥാനങ്ങൾ കണ്ടുപിടിക്കാം.

ഭൂപ്രകൃതിയനുസരിച്ചു് ആസ്ത്രേലിയായെ പശ്ചിമപീഠഭൂമി, പൂർവപർവ്വതപ്രദേശം, മദ്ധ്യഭാഗ സമതലം, സമുദ്രതീര സമതലപ്രദേശം ഇങ്ങനെ വിഭജിക്കാം.

(a) **പശ്ചിമപീഠഭൂമി**:—ആസ്ത്രേലിയായുടെ പടിഞ്ഞാറുഭാഗം പീഠഭൂമിയാണു്. ഇതിനു് 180 മീററർ മുതൽ 800 മീററർ വരെ ഉയരമുണ്ടു്. ഇതു് ഭൂഖണ്ഡത്തിന്റെ പകുതിയോളം വരും. ഈ പ്രദേശം പാറകളാൽ നിറഞ്ഞതാണു്. പീഠഭൂമിയുടെ വടക്കും പടിഞ്ഞാറും തെക്കും ഭാഗങ്ങൾ തീരപ്രദേശത്തോടു ചേർന്നു കിടക്കുന്ന വീതികുറഞ്ഞ സമതലങ്ങളാണു്. പീഠഭൂമിയിൽ നിന്നുത്ഭവിക്കുന്ന നദികൾ ഇൻഡ്യൻ മഹാസമുദ്രത്തിൽ പതിക്കുന്നു. ഇവ വേനൽക്കാലത്തു വരണ്ടുപോകുന്നു.

(b) **പൂർവ്വപർവ്വതപ്രദേശം**:—ഇതു് പൂർവ്വസമുദ്രതീരത്തോടടുത്തു കിടക്കുന്ന ഉന്നതപ്രദേശമാണു്. ഇവിടെയുള്ള പ്രധാന പർവ്വതനിരകൾ ഗ്രേററ് ഡിവൈഡിംഗ് റേഞ്ചു്, ബ്ലൂമൌണ്ടൻസ്, ആസ്ത്രേലിയൻ ആൽപ്സ് എന്നിവയാണു്. ഇവയിൽ ഏററവും പൊക്കം കൂടിയ കൊടുമുടിക്കു് ഏകദേശം 2200 മീററർ ഉയരമുണ്ടു്. ഈ പർവ്വതനിരകൾ കിഴക്കു ഭാഗത്തു് കൂടുതൽ തൂക്കായും പടിഞ്ഞാറോട്ടു് സമതലം വരെ ക്രമേണ ചരിഞ്ഞും കിടക്കുന്നു. ഈ പർവ്വതങ്ങളിൽ നിന്നു് അനേകം നദികൾ ഉത്ഭവിച്ചു് വടക്കോട്ടും കിഴക്കോട്ടും തെക്കോട്ടും ഒഴുകി സമുദ്രത്തിൽ പതിക്കുന്നു. ഈ നദികൾ നീളം കുറഞ്ഞവയാണു്. കപ്പൽ സഞ്ചാരത്തിനു് ഇവ യോഗ്യമല്ല. മുറേ ഡാർലിംഗ് നദിയൊഴികെ മററു നദികൾ വേനല്ക്കാലത്തു വററിപ്പോകുന്നു.

(c) **മദ്ധ്യഭാഗ സമതലം**:—പൂർവ്വപർവ്വത പ്രദേശത്തിനും പശ്ചിമപീഠഭൂമിക്കും മദ്ധ്യത്തിൽ ഈ സമതലം സ്ഥിതിചെയ്യുന്നു. ഇവിടെ അങ്ങിങ്ങായി ചില കുന്നുകളും പർവ്വതങ്ങളുമുണ്ട്. വടക്ക് കാർപെന്ററിയാ ഉൾക്കടലിനു തൊട്ടു കിടക്കുന്ന സമതലവും, അയർ തടാക സമതലവും, മുറേഡാർലിംഗ് സമതലവും ഇതിൽ ഉൾപ്പെടുന്നു.

അയർ തടാക പ്രദേശം സമുദ്രനിരപ്പിൽ നിന്ന് അല്പം താഴ്ന്നതാണ്. ആസ്ട്രേലിയായിലെ ഏററവും താഴ്ന്ന പ്രദേശമാണിത്. ഇവിടെയുള്ള തടാകങ്ങളിലും നദികളിലും മഴക്കാലത്തു മാത്രമെ വെള്ളമുണ്ടായിരിക്കുകയുള്ളു. ആണ്ടിൽ അധികകാലവും അവിടം വെള്ളമില്ലാത്തവയോ ഉപ്പുള്ള ചതുപ്പു പ്രദേശങ്ങളോ ആയിരിക്കും.

(d) **സമുദ്രതീരസമതലപ്രദേശങ്ങൾ**.—ആസ്ട്രേലിയായിൽ സമുദ്രത്തോടു ചേന്ന് അവിടവിടെയായി വീതി കുറഞ്ഞ സമതല പ്രദേശങ്ങളുണ്ട്. ഇവിടെയാണ് യൂറോപ്യന്മാർ ആദ്യം കുടിയേറിപ്പാത്തതു്.

**കാലാവസ്ഥ**:—ആസ്ട്രേലിയായിൽ നവംബർ മുതൽ ഏപ്രിൽ വരെ ഉഷ്ണകാലമാണ്. മൺസൂൺ കാററടിച്ചു് വടക്കേ തീരപ്രദേശങ്ങളിൽ ധാരാളം മഴ പെയ്യുന്നു. കിഴക്കേ തീരത്തു് തെക്കുകിഴക്കൻ കാററടിച്ചു മഴ കിട്ടുന്നുണ്ട്. ടാസ്മേനിയാ ദ്വീപിലും മഴയുണ്ട്. പൂർവ്വപർവ്വത നിരകളുടെ പടിഞ്ഞാറേ താഴ്വരയിൽ മഴ കുറവാണ്. മെയ് മുതൽ ഒക്ടോബർ വരെ ആസ്ട്രേലിയായിൽ തണുപ്പുകാലമാണ്. അക്കാലത്തു് തെക്കും തെക്കു പടിഞ്ഞാറും മഴയുണ്ടാകുന്നു. പടിഞ്ഞാറേ പീഠഭൂമിയിൽ മഴ വളരെ കുറവാണ് അതിനാൽ ഈ പ്രദേശം മരുഭൂമിയാണ്.

(4) **സസ്യസമ്പത്തു്**:—ഇവിടെ വനപ്രദേശം, പുൽപ്രദേശം, മരുപ്രദേശം ഇങ്ങനെ മൂന്നു പ്രകൃതി സസ്യവിഭാഗങ്ങളുണ്ട്.

ആഫ്രിക്കയുടെ പ്രകൃതിസസ്യവിഭാഗങ്ങളെ കാണിക്കുന്ന ഭൂപടം നോക്കി അവയുടെ സ്ഥാനം മനസ്സിലാക്കുക.

**വനപ്രദേശങ്ങൾ**:—ചൂടും മഴയും ഉള്ള കിഴക്കും, വടക്കും, വടക്കുകിഴക്കും പ്രദേശങ്ങളിൽ വനങ്ങളും പച്ചിലക്കാടുകളും ഉണ്ട്.

മഴ കൂടുതലുള്ള തീരപ്രദേശങ്ങളിൽ ചതുപ്പുനിലങ്ങളും കണ്ടാൽ വൃക്ഷങ്ങളും ധാരാളം കാണാം. അവിടെ കേരളത്തിൽ വളരുന്ന ചില വൃക്ഷങ്ങളും യൂക്കാലിപ്റ്റസ് മരങ്ങളും ധാരാളം ഉണ്ട്. ആസ്ത്രേലിയായിലെ യൂക്കാലിപ്റ്റസ് വളരെ പ്രസിദ്ധമാണ്. അവ വളരെ പൊക്കത്തിൽ വളരും. അവയുടെ തടി കട്ടപ്പമുള്ളതും ചിതൽ പിടിക്കാത്തതുമാണ്. യൂക്കാലിപ്റ്റസ് തൈലം ഔഷധമാകുന്നു. പശയെടുക്കുന്ന പല ഇനം വൃക്ഷങ്ങൾ ആ വനങ്ങളിലുണ്ട്. ഇവിടെയുള്ള മരങ്ങൾക്ക് വരൾച്ച സഹിക്കാനുള്ള കഴിവുണ്ട്.

ശൈത്യകാലത്തു് മഴ കിട്ടുന്ന ചില പ്രദേശങ്ങൾ ആസ്ത്രേലിയായിൽ ഉണ്ട്. അവ തെക്കു കിഴക്കും തെക്കു പടിഞ്ഞാറും ഭാഗങ്ങളാണ്. അവിടെ ഫലവൃക്ഷങ്ങളും യൂക്കാലിപ്റ്റസും പൈനും ധാരാളമായി വളരുന്നു. ആസ്ത്രേലിയൻ-ആപ്പിൾ ലോകപ്രസിദ്ധി നേടിയിട്ടുള്ളതാണ്. ഇവിടെ ഗോതമ്പുകൃഷി ധാരാളമുണ്ട്. വൻകരയുടെ ഉള്ളിലോട്ടു പോകുന്തോറും മഴ കുറയുകയും അവിടെ കുററിക്കാടുകളും പുൽപ്രദേശങ്ങളും കൃഷിസ്ഥലങ്ങളും കാണപ്പെടുകയും ചെയ്യുന്നു.

**പുൽപ്രദേശങ്ങൾ:**—വനപ്രദേശങ്ങൾക്കും മഴയില്ലാത്ത മദ്ധ്യപ്രദേശത്തിനും ഇടയ്ക്കായി ധാരാളം പുൽപ്രദേശങ്ങളുണ്ട്. മുറേ ഡാർലിംഗ്തടം നല്ല പുൽ പ്രദേശമാണ്. ലോകത്തിലെ ഏററവും പ്രധാനപ്പെട്ട ആടുമേച്ചിൽ പ്രദേശങ്ങളിൽ ഒന്നാണിതു്. ഇവിടത്തെ പ്രധാനകൃഷി ഗോതമ്പാണ്.

**മരുപ്രദേശം**:—മഴയില്ലാത്ത ഉൾപ്രദേശം മരുഭൂമിയാണ് ഇവിടെ ഉപ്പു രുചിയുള്ള ചില കുററിച്ചെടികൾ വളരുന്നു. ഇതു്. ആടുകൾക്കു രുചികരമായ തീററിയാണ്. ഇവിടെയുള്ള ഒരുതരം പൊക്കം കുറഞ്ഞ ചെടിയിൽ നിന്നും പശയെടുക്കുന്നു.

വെള്ളം കിട്ടാത്ത സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിച്ച് ജലക്ഷാമം പരിഹരിച്ചുവരുന്നു.

5. **ജനസംഖ്യ**:—ആസ്ത്രേലിയായിൽ ഒരു വർഗ്ഗം ആദിമ നിവാസികൾ വസിക്കുന്നുണ്ട്. ക്യാപ്റ്റൻ കുക്ക് ആസ്ത്രേലിയാ പര്യവേക്ഷണം നടത്തിക്കഴിഞ്ഞു് ഇംഗ്ലീഷുകാർ ആ സ്ഥലം

കൈവശപ്പെടുത്തി. 1787–ൽ എണ്ണൂറോളം കുററവാളികളെ ഇംഗ്ലണ്ടിൽ നിന്നു് ആസ്ത്രേലിയായിലേക്കു നാട്ടുകടത്തി. അവരെ ന്യൂസൌത്ത് വെയിൽസിൽ താമസിപ്പിച്ചു. അവർ അങ്ങനെ ജീവിക്കവെ അവിടെ ചിലസ്ഥലങ്ങളിൽ സ്വർണ്ണം തരിതരിയായി കിടക്കുന്നതു കണ്ടുപിടിച്ചു. ഈ വിവരം ഇംഗ്ലണ്ടിൽ അറിഞ്ഞപ്പോൾ സ്വർണ്ണം വാരിയെടുത്തു് പെട്ടെന്നു ധനികരാകാമെന്നുള്ള ആവേശത്താൽ ഇംഗ്ലീഷുകാർ ധാരാളമായി അവിടെ കുടിയേറിപ്പാർത്തു. അങ്ങനെ ആർക്കും വേണ്ടാതെ കിടന്ന പ്രദേശങ്ങൾ ആൾപ്പാർപ്പുള്ളതായിത്തീർന്നു. സ്വർണ്ണം കിട്ടുന്നതു കുറഞ്ഞുവന്നപ്പോൾ ജനങ്ങൾ കൃഷി, വ്യവസായം മുതലായവയിൽ ഏർപ്പെട്ടു.

ആസ്ത്രേലിയായിൽ ആദിമനിവാസികളും ഇംഗ്ലണ്ടിൽ നിന്നു നാട്ടുകടത്തപ്പെട്ടു വന്നവരുടെ സന്താനങ്ങളും, പിന്നീടു് സ്വർണ്ണം ആഗ്രഹിച്ചും മററും വന്നവരും ഉൾപ്പെടെ ഇപ്പോൾ ജനസംഖ്യ ഏകദേശം 2 കോടിയാണു്. ഭൂഖണ്ഡത്തിന്റെ വലിപ്പം അനുസരിച്ചു നോക്കിയാൽ അതു വളരെ കുറവാണു്. ആകെയുള്ള ജനസംഖ്യയിൽ പകുതിയോളം തെക്കുകിഴക്കുഭാഗത്തുള്ള അഞ്ചു തലസ്ഥാനപട്ടണങ്ങളിലായി തിങ്ങിപ്പാർക്കുന്നു. തീരപ്രദേശങ്ങളിലും ആൾ തിങ്ങിപാർക്കുന്നു.

ആസ്ത്രേലിയായിൽ യൂറോപ്യന്മാർക്കല്ലാതെ മററാർക്കും കുടിയേറിപ്പാർക്കാൻ ഇപ്പോഴും അനുവാദമില്ല. യൂറോപ്യന്മാർക്കു് താമസിക്കാൻ പററിയ സ്ഥലങ്ങൾ കുറവാണു്.

ഭൂഖണ്ഡത്തിലെ ഉൾഭാഗത്തെ പ്രദേശത്തു് സ്വർണ്ണഖനനം ചെയ്യുന്ന സ്ഥലങ്ങളിൽ ജനസംഖ്യ കൂടുതലാണു്. അവിടെ വെള്ളം കിട്ടാൻ പ്രയാസമുണ്ടു്. വെള്ളം കിട്ടുന്നതിനുവേണ്ടി ആർട്ടീഷ്യൻ കിണറുകൾ അഥവാ കുഴൽക്കിണറുകൾ നിർമ്മിച്ചു് ഈ കുറവു് പരിഹരിച്ചു വരുന്നു.

ഭൂമിയുടെ ഉപരിതലത്തിനടിയിൽ പാറക്കെട്ടുകളുടെ മേൽഭാഗത്തായി വെള്ളം കെട്ടിക്കിടക്കുന്ന പല ഭൂഗർഭജലാശയങ്ങളുമുണ്ടു്. ഈ സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ ഉണ്ടാക്കി വെള്ളം എടുക്കുന്നു. ചിലയിടങ്ങളിൽ വളരെ ആഴത്തിൽ കുഴൽ താഴ്ത്തി

യാൽ മാത്രമേ വെള്ളം കിട്ടുകയുള്ളൂ. മററു ചിലസ്ഥലങ്ങളിലെ ജലം ഉപ്പുള്ളതായിരിക്കും. അതു കന്നുകാലികൾക്കു് കുടിക്കാൻ ഉപയോഗിക്കുന്നു. ശുദ്ധജലം കിട്ടുന്നതിനോ കുഴൽകിണർ താഴ്ത്തുന്നതിനോ പ്രയാസമുള്ളിടങ്ങളിൽ ശുദ്ധജലം കിട്ടുന്നസ്ഥലങ്ങളിൽ നിന്നു് കുഴൽ വഴി വെള്ളം കൊണ്ടുവന്നു് കൃഷിക്കും ജനങ്ങളുടെ ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്തുന്നു.

6. **ആസ്ട്രേലിയായിലെ സംസ്ഥാനങ്ങൾ:**—ഒരു സ്വതന്ത്രരാജ്യമാണു് ആസ്ട്രേലിയാ. ഇതിന്റെ തലസ്ഥാനം കാൻബറാ ആണു്. മററുഭാഗങ്ങൾ ഏഴായി വിഭജിച്ചിരിക്കുന്നു. സംസ്ഥാനങ്ങളുടെ പേരും തലസ്ഥാനവും ചുവടെ ചേർത്തിരിക്കുന്നു. ഭൂപടം നോക്കി അവ മനസ്സിലാക്കുക.

| | സംസ്ഥാനം. | തലസ്ഥാനം |
|---|---|---|
| 1. | പശ്ചിമാസ്ട്രേലിയ | പെർത്തു് |
| 2. | ഉത്തരാസ്ട്രേലിയ | ഡാർവിൻ |
| 3. | ദക്ഷിണാസ്ട്രേലിയ | അഡലെയിഡു് |
| 4. | ക്വീൻസ്ലണ്ടു് | ബ്രിസ്ബെയിൻ |
| 5. | ന്യൂസൌത്തു്വെയിൽസ് | സിഡ്നി |
| 6. | വിക്ടോറിയാ | മെൽബോൺ |
| 7. | ടാസ്മേനിയ | ഹോബാർട്ടു് |

7. **സാമ്പത്തികവിഭവങ്ങൾ:—**

1. **കൃഷി:**—ആസ്ട്രേലിയായിലെ പ്രധാന കൃഷി ഗോതമ്പാണു്. ന്യൂസൌത്തുവെയിൽസ്, വിക്ടോറിയ, തെക്കുപടിഞ്ഞാറൻ പ്രദേശം എന്നിവിടങ്ങളിൽ ഗോതമ്പു് സമൃദ്ധിയായി വിളയുന്നു. ഇതിലധികം ഭാഗവും കയററുമതിചെയ്യുന്നു.

ആസ്ട്രേലിയായിൽ പഴങ്ങൾ ധാരാളം ഉണ്ടാകുന്നു. അവ പാശ്ചാത്യരാജ്യങ്ങളിലേക്കു കയററുമതി ചെയ്യുന്നു.

2. **മൃഗങ്ങൾ:**—ആസ്ട്രേലിയായിൽ ധാരാളം മേച്ചിൽ സ്ഥലങ്ങളുള്ളതിനാൽ ആടുമാടുവളർത്തൽ ഒരു പ്രധാന തൊഴിലാണു്. ലോകത്തിൽ ആകമാനം ഉല്പാദിപ്പിക്കുന്ന കമ്പിളി രോമത്തിന്റെ കാൽഭാഗം ആസ്ട്രേലിയായിൽ നിന്നു ലഭിക്കുന്നു. ആടുമേച്ചിലിനു്

ഏററവും കീർത്തികേട്ട സ്ഥലം മുറേ-ഡാർലിംഗ് സമതലമാണ്. കന്നുകാലികളിൽ നിന്ന് ക്ഷീരോല്പന്നങ്ങളും മാംസവും ലഭിക്കുന്നു. ആട്ടിൻമാംസം ധാരാളമായി കയററുമതി ചെയ്യുന്നു.

ആസ്ട്രേലിയായിൽ പ്രത്യേകതരം പക്ഷികളേയും മൃഗങ്ങളേയും കാണാം.

കംഗാരു, ഒപ്പോസം എന്നീ സസ്തനജീവികൾ അവയുടെ കുഞ്ഞുങ്ങളെ ഉദരഭാഗത്തുള്ള സഞ്ചികളിൽ വഹിച്ചുകൊണ്ട് നടക്കുന്നു. ഇവയുടെ പൊതുവെ സഞ്ചിമൃഗം എന്നാണ് പേരു്. ഇവ കൂടാതെ കവാല, വുംബാററ് എന്നീ വിശേഷപ്പെട്ട ജന്തുക്കളും ഇവിടെയുണ്ട്. കവാല ഭംഗിയുള്ള ഒരിനം കരടിയാണ്. ഇതു വൃക്ഷങ്ങളുടെ മുകളിൽ ജീവിക്കുന്നു. യൂക്കാലിപ്ററസ് ഇലയാണ് ഭക്ഷണം. വെള്ളം കുടിയ്ക്കാതെയും ഇവയ്ക്കു ജീവിക്കാൻ കഴിയും. വുംബാററ് പന്നിയെപ്പോലെയിരിക്കും. ഇതു് മണ്ണിനടിയിൽ ജീവിക്കുന്നു.

താറാവിനെപ്പോലെ കൊക്കും കാലും ഉള്ള ഒരുതരം സസ്തനജലജീവികൾ ഇവിടെയുണ്ട്. ഇവ മുട്ടയിടുകയും കുഞ്ഞുങ്ങൾക്കു പാലു കൊടുത്തു വളർത്തുകയും ചെയ്യുന്നു. പ്ലാററിപ്പസ് ഈ വർഗ്ഗത്തിൽപ്പെട്ടതാണ്.

**പക്ഷികൾ**:—പലതരം വിശേഷപ്പെട്ട പക്ഷികൾ ആസ്ട്രേലിയായിൽ ധാരാളമുണ്ട്. എമു എന്ന പക്ഷി വളരെ വേഗത്തിൽ ഓടാൻ കഴിവുള്ളതാണ്. ഇതു് ഒട്ടകപ്പക്ഷിയെപ്പോലെയിരിക്കും. ലോകത്തിലെ ഏററവും വലിപ്പമുള്ള പക്ഷിയായ ഈഗിൾ ഹോക്കിനെ ഇവിടെ കാണാം.

3. **ധാതുസമ്പത്തു്**:—ആസ്ട്രേലിയായിലെ ധാതുസമ്പത്താണ് യൂറോപ്യന്മാരെ അവിടേക്ക് ആകർഷിച്ചതു്. ധാതുവസ്തുക്കളിൽ പ്രധാനമായവ സ്വർണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പ് എന്നിവയാണ്. പശ്ചിമ ആസ്ട്രേലിയായിൽ കാൽഗൂർലി, കൂൾഗാർഡി, എന്നീ സ്ഥലങ്ങൾ സ്വർണ്ണഖനനത്തിന് കീർത്തികേട്ടവയാണ്. ആസ്ട്രേലിയായിൽ ആകെ കിട്ടുന്ന സ്വർണ്ണത്തിൻെറ മുക്കാൽ ഭാഗവും ഈ സ്ഥലങ്ങളിൽ നിന്നാണ് ലഭിക്കുന്നതു്.

വിക്ടോറിയായിലും, ന്യൂസൌത്ത്‌വെയിത്സിലും സ്വർണ്ണഖനികൾ ഉണ്ട്.

ന്യൂസൌത്ത് വെയിത്സിൽനിന്ന് വെള്ളി, ഈയം, ചെമ്പ്, നാകം, ഇരുമ്പ് ഇവ ഖനനം ചെയ്യപ്പെടുന്നുണ്ട്.

4. **ഗതാഗതമാർഗ്ഗം**:— ജനവാസമുള്ള തീരപ്രദേശങ്ങൾ റെയിൽപാതകളാൽ യോജിപ്പിക്കപ്പെട്ടിരിക്കുന്നു ഈ പാതകൾ ഖനനസ്ഥലങ്ങളെ തുറമുഖങ്ങളുമായി യോജിപ്പിക്കുന്നുണ്ട്. പടിഞ്ഞാറ് പെർത്ത് മുതൽ കിഴക്ക് ബ്രിസ്ബെയിൻ വരെ റെയിൽപ്പാതയുണ്ട്. കിഴക്കേതീരത്താണ് പ്രധാനപട്ടണങ്ങൾ സ്ഥിതി ചെയ്യുന്നത്. വിമാനമാർഗ്ഗഗതാഗതമാണ് കൂടുതലായി ഉപയോഗത്തിലിരിക്കുന്നത്.

**ന്യൂസിലാൻഡ്**:— ആസ്ത്രേലിയായിൽ നിന്ന് 1600 കിലോ മീററർ ദൂരെ പസഫിക്ക് സമുദ്രത്തിലുള്ള ദ്വീപുകളാണ് ന്യൂസിലാൻഡ്. ഇത് മിതോഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്നു. ഇതിൽ ഉത്തരദ്വീപും, ദക്ഷിണദ്വീപും മററു ചെറുദ്വീപുകളും ഉൾപ്പെടുന്നു. വടക്കഭാഗത്ത് ചൂട് കൂടുതലാണ്. ഇതിൽ നെടുനീളെ പർവ്വതനിരയുണ്ട്. ഉത്തര ദ്വീപിൽ ചില അഗ്നി പർവ്വതങ്ങളുണ്ട്. ദക്ഷിണദ്വീപിലെ ഉയന്ന ഭാഗം മഞ്ഞുമൂടി കിടക്കുന്നു. കടൽക്കാററ് കാലാവസ്ഥയെ സമീകരിക്കുന്നു. ഇവിടെ മഴയുണ്ട്. ചൂടുള്ള നീരുറവകൾ ഈ രാജ്യത്തിന്റെ പ്രത്യേകതയാണ്. മയോറി എന്നൊരു വർഗ്ഗക്കാരാണ് ഇവിടത്തെ ആദിമ നിവാസികൾ. വനങ്ങളിൽ പൈൻ വൃക്ഷങ്ങളും, സമതലങ്ങളിൽ പുൽമേടുകളും ധാരാളമായി കാണാം. ഇവിടത്തെ പ്രധാന തൊഴിൽ ഖനനവും, ആടുമാടുവളർത്തലും, ക്ഷീരവ്യവസായവുമാണ്. ആട്ടിൻ രോമം കയററി അയക്കുന്നതിൽ ന്യൂസിലാൻഡിന് ലോകത്തിൽ മൂന്നാം സ്ഥാനമാണുള്ളത്. ഇതിന്റെ തലസ്ഥാനം വെല്ലിംഗ്ടൺ ആണ്.

# അദ്ധ്യായം 5

## യൂണിററ് IV

### ബി. മദ്ധ്യകാലകേരളം

കുലശേഖര രാജാക്കന്മാരുടെ ഭരണകാലത്ത് കേരളം മുഴവൻ അവരുടെ ഭരണത്തിൻകീഴിലായിരുന്നു. സൽഭരണം കൊണ്ടും വാണിജ്യം, വ്യവസായം, സാഹിത്യം, സംസ്ക്കാരം എന്നീ തുറകളിലെ പുരോഗതികൊണ്ടും അക്കാലം കേരളചരിത്രത്തിലെ സുവർണ്ണകാലം എന്നറിയപ്പെട്ടിരുന്നു. കുലശേഖരസാമ്രാജ്യത്തിൻെറ തകർച്ചയോടുകൂടി കേരളത്തിൽ ചില ചെറു രാജ്യങ്ങൾ രൂപം കൊണ്ടു. അവയിൽ പ്രധാനമായവ വേണാട്, നെടിയിരുപ്പ്, പെരുമ്പടപ്പ് എന്നിവയായിരുന്നു.

**വേണാട്:**— സ്വതന്ത്ര വേണാടിൻെറ ആദ്യത്തെ രാജാവ് കുലശേഖരപ്പെരുമാൾ ആയിരുന്നു അദ്ദേഹത്തിന്റെ കാലത്ത് തലസ്ഥാനം മഹോദയപുരത്തു നിന്ന് കൊല്ലത്തേക്കുമാററി. ഈ വംശമാണ് പിന്നീട് തിരുവിതാംകൂർ രാജവംശമായി പരിണമിച്ചത്. ശ്രീചിത്തിരതിരുനാൾ വരെയുള്ള രാജാക്കന്മാർ തങ്ങളുടെ പേരിനോട് കുലശേഖരപ്പെരുമാൾ എന്ന സ്ഥാനപ്പേര് കൂട്ടിച്ചേർത്തിരുന്നു.

ഈ രാജാക്കന്മാരുടെ കാലത്ത് വേണാട് സമ്പൽസമൃദ്ധമായി. സാഹിത്യവും കലയും രാജാക്കന്മാരുടെ പ്രത്യേക പ്രോത്സാഹനം കൊണ്ട് വളർന്നു. കൊല്ലം ഒരു തിരക്കുപിടിച്ച വാണിജ്യ കേന്ദ്രമായി അഭിവൃദ്ധിപ്പെട്ടു.

കേരളത്തിൻെറ വടക്ക് ശക്തി പ്രാപിച്ച മറെറാരു രാജവംശമായിരുന്നു കോഴിക്കോട്ടു സാമൂതിരിവംശം (നെടിയിരുപ്പ്).

ഈ വംശത്തിൻെറ ഉത്ഭവത്തെക്കുറിച്ച് പല ഐതിഹ്യങ്ങളുമുണ്ട്. ഏറനാട്ടിലെ നാടുവാഴികളുടെ പിൻതലമുറക്കാരായ ഇവർ പോളനാട് കീഴടക്കി സമുദ്രംവരെ രാജ്യത്തിന്റെ അതിർത്തി വ്യാപിപ്പിച്ചു. തുറമുഖം അധീനമാക്കുകയും സമുദ്രവാണിജ്യത്തിൽ നേരിട്ടു പങ്കെടുക്കുകയും ചെയ്യണമെന്നായിരുന്നു അവരുടെ ഉദ്ദേശം. സാമൂതിരി തൻെറ ആസ്ഥാനം കോഴിക്കോട്ടേയ്ക്കു മാററി. കോഴിക്കോട് ഒരു മികച്ച തുറമുഖമായി മാറുകയും അറബികൾക്കു കച്ചവടക്കുത്തക കിട്ടുകയും ചെയ്തു. അതിനു പകരം അറബികൾ സാമൂതിരിക്കു കപ്പലുകൾ, കുതിരകൾ മുതലായവ കൊടുത്തു.

**പെരുമ്പടപ്പുസ്വരൂപം.**—കേരളത്തിൻെറ മദ്ധ്യദേശത്തു ഭരിച്ചിരുന്ന നാട്ടുവാഴിവംശമായിരുന്നു പെരുമ്പടപ്പുസ്വരൂപം. ഒരു പെരുമ്പടപ്പുരാജാവു സാമൂതിരിയെ ഭയന്ന് തിരുവഞ്ചിക്കുളത്തു നിന്ന് ആസ്ഥാനം കൊച്ചിയിലേക്കു മാററി. സാമൂതിരി യുദ്ധം ചെയ്തു് ബേപ്പൂർ, പരപ്പനാട്, വെട്ടത്തുനാട്, കുറനാട് വള്ളുവനാട് എന്നീ സ്ഥലങ്ങൾ അധീനപ്പെടുത്തി.

പന്ത്രണ്ടു വർഷത്തിലൊരിക്കൽ തിരുനാവായിൽവച്ച് വലിയ ഒരു ഉത്സവം നടന്നിരുന്നു. മാമാങ്കം എന്നറിയപ്പെട്ടിരുന്ന ഈ ഉത്സവത്തിൽ കേരളത്തിലെ എല്ലാ നാട്ടുരാജ്യങ്ങളിലേയും രാജാക്കന്മാർ പങ്കെടുത്തിരുന്നു. വള്ളുവനാട്ടു രാജാവാണ് ഈ ഉത്സവത്തിൽ അദ്ധ്യക്ഷത വഹിച്ചിരുന്നതു്. കേരളത്തിലെ പല രാജാക്കന്മാരും ആ പദവി കൊതിച്ചിരുന്നു. ആ ബഹുമതി തനിക്ക് കിട്ടണമെന്നു കരുതിയാണ് സാമൂതിരി വള്ളുവനാടു കീഴടക്കിയതു്. ഉത്തരകേരളത്തിലെ സ്വശക്തനായ കോലത്തിരി രാജാവിനെയും സാമൂതിരി കീഴടക്കുകയുണ്ടായി. A. D. 1446 മുതൽ 1475 വരെ ഭരിച്ചിരുന്ന ഉദയവർമ്മൻ കോലത്തിരി കൃഷ്ണഗാഥാകർത്താവായ ചെറുശ്ശേരിയുടെ രക്ഷാധികാരിയായിരുന്നു എന്നു വിശ്വസിക്കപ്പെടുന്നു.

സർവ്വാധികാരികൾ എന്നറിയപ്പെട്ടിരുന്ന നാലു പ്രധാന മന്ത്രിമാർ സാമൂതിരിയെ ഭരണത്തിൽ സഹായിച്ചു പോന്നു. പ്രധാന മന്ത്രിമാരിൽ പ്രമുഖൻ 'മങ്ങാട്ടച്ചൻ' ആയിരുന്നു. കുഞ്ഞാലിമാരുടെ നേതൃത്വത്തിൽ ഉണ്ടായിരുന്ന കപ്പൽപ്പട വളരെ

പ്രസിദ്ധമാണ്. സ്വത്തുസംബന്ധമായ തക്കങ്ങളെല്ലാം തീർത്തിരുന്നതു് പഞ്ചായത്തുകളാണ്. നീതിനിർവ്വഹണം സാമൂതിരി തന്നെ നടത്തിവന്നു.

സാംസ്കാരികമായും സാമൂതിരിമാർ നല്ല സംഭാവനകൾ നൽകിയിട്ടുണ്ട്. ശാസ്ത്രം, സാഹിത്യം ഇവയുടെ സംരക്ഷകരായിരുന്നു സാമൂതിരിമാർ. മാനവിക്രമസാമൂതിരിയുടെ കാലത്തു് ഉദ്ദണ്ഡശാസ്ത്രിയും, കാക്കശ്ശേരിഭട്ടതിരിയും മററും അദ്ദേഹത്തിൻെറ സദസ്സിലെ പണ്ഡിതന്മാരായിരുന്നു. അക്കാലത്തു കേരളം സന്ദർശിച്ച ആഫ്രിക്കൻസഞ്ചാരിയായ 'ഇബിൻബത്തൂത്ത' കോഴിക്കോട്ടു തുറമുഖത്തെക്കുറിച്ച് പുകഴ്ത്തിയെഴുതിയിട്ടുണ്ട്. കോഴിക്കോട്ടുതുറമുഖത്തു നംങ്കൂരമടിച്ചു കിടന്നിരുന്ന ചീനക്കപ്പലുകളെക്കുറിച്ച് ബത്തൂത്ത വിവരിക്കുന്നുണ്ട്. ചീനക്കച്ചവടക്കാരും പട്ടണത്തിൽ ധാരാളമുണ്ടായിരുന്നു. ഇവരുടെ സമ്പക്കം മൂലമാണ് കേരളത്തിൽ ചീനവല, ചീനച്ചട്ടി എന്നീവാക്കുകൾ പ്രചാരത്തിൽ വന്നതു്.

അക്കാലത്തു് ഇൻഡ്യയുമായി കച്ചവടം നടത്തിയിരുന്ന വെനീസിൻെറ ഐശ്വര്യം കണ്ടു് യൂറോപ്പിലെ മററു രാഷ്ട്രങ്ങൾ അസൂയപ്പെട്ടു. **A. D. 1497**-ൽ പോർട്ടുഗൽ രാജാവു് ഇൻഡ്യയിലേയ്ക്കുള്ള ഒരു മാർഗ്ഗം കണ്ടുപിടിക്കാനും ഇൻഡ്യയുമായി കച്ചവടബന്ധം സ്ഥാപിക്കാനുമായി വാസ്കോഡിഗാമയെ അയച്ചു. അദ്ദേഹം 1498-ൽ കോഴിക്കോട്ടെത്തി സാമൂതിരിയെ സന്ദർശിച്ചു. ചില കച്ചവടാനുകൂല്യങ്ങൾ പോർട്ടുഗലിനു കിട്ടിയതോടുകൂടി അറബികൾക്കുണ്ടായിരുന്ന കച്ചവടക്കുത്തക അവസാനിച്ചു. സാമൂതിരിയുമായി പിണങ്ങാനിടവന്ന വാസ്കോഡഗാമ പിന്നീട് കോലത്തുനാട്ടിലേയ്ക്കാണു പോയതു്. സാമൂതിരിയുടെ ശത്രുവായിരുന്ന കോലത്തിരി രാജാവാണ് വാസ്കോഡഗാമയെ അങ്ങോട്ടു ക്ഷണിച്ചതു്. ഗാമ കോലത്തുനാട്ടുമായി വ്യാപാരം നടത്തുകയും ധാരാളം പണവുമായി നാട്ടിലേക്കു് മടങ്ങുകയും ചെയ്തു.

അതിനുശേഷം പോർട്ടുഗീസുകാർ അറബികളുമായി കലഹിക്കുകയും വിദ്വേഷം മുഴുത്തു് കോഴിക്കോട്ടു കൊള്ളയിടുകയും തീവയ്ക്കുകയും ചെയ്തു. കോഴിക്കോട്ടു് പട്ടാളക്കാർക്കു കലി കയറി അവർ എതാനും പോർട്ടുഗീസുകാരെ വധിക്കുകയും അവരുടെ

വ്യാപാരകേന്ദ്രങ്ങൾ തകർക്കുകയും ചെയ്തു. സാമൂതിരിയുടെ ശത്രുവായ കൊച്ചി പോർട്ടുഗീസുകാരെ സ്വാഗതം ചെയ്യുകയും കച്ചവട സൗകര്യങ്ങൾ അനുവദിച്ചുകൊടുക്കുകയും ചെയ്തു.

വാസ്കോഡിഗാമ വീണ്ടും കേരളത്തിൽ എത്തുകയും കോഴിക്കോട്ടു നിന്ന് എല്ലാ മുസ്ലീങ്ങളേയും പുറത്താക്കണമെന്ന് സാമൂതിരിയോടാവശ്യപ്പെടുകയും ചെയ്തു. സാമൂതിരി അതു നിരസിച്ചു. പോർട്ടുഗീസുകാർ കോഴിക്കോട്ട് ആക്രമിച്ചു. പിന്നീടവർ കൊച്ചിയിലേക്ക കപ്പലോടിച്ചുപോയി. അവർ കൊച്ചീരാജാവിനു വിലപ്പെട്ട സമ്മാനങ്ങൾ കൊടുത്തു വശത്താക്കി. ഇഷ്ടമുള്ളിടത്തെല്ലാം പാണ്ടികശാലകളും സൈന്യസങ്കേതങ്ങളും ഏർപ്പെടുത്തുവാൻ പോർട്ടുഗീസുകാർക്ക അനുവാദം കിട്ടി.

സാമൂതിരിക്ക് ഇത് ഒട്ടും ഇഷ്ടപ്പെട്ടില്ല. സാമൂതിരിയെക്കാൾ മുൻഗണന വിദേശീയരായ പോർട്ടുഗീസുകാർക്ക കൊടുക്കരുതെന്നും പോർട്ടുഗീസുകാരെ പുറത്താക്കണമെന്നും സാമൂതിരി കൊച്ചിയോടഭ്യർത്ഥിച്ചു. പക്ഷെ കൊച്ചീ രാജാവു സാമൂതിരിയുടെ അഭ്യർത്ഥന സ്വീകരിച്ചില്ല. അതുകൊണ്ടു സാമൂതിരി കൊച്ചിയ്ക്കെതിരായി പടനീക്കം നടത്തി. കൊച്ചീ സൈന്യം പോർട്ടുഗലിന്റെ സഹായത്തോടെ ഇടപ്പള്ളിക്കോട്ട സംരക്ഷിച്ചു. കൊച്ചിയിലെ മൂന്നു രാജാക്കന്മാർ ആ യുദ്ധത്തിൽ മരണമടഞ്ഞു. വിജയം വരിച്ച സാമൂതിരി സുശക്തമായ ഒരു സൈന്യത്തെ അവിടെ ആക്കിയിട്ടു കോഴിക്കോട്ടേയ്ക്കു മടങ്ങി.

ഈ ഘട്ടത്തിൽ പോർട്ടുഗീസു നേതാവായ ആൽബുക്കർക്ക് ഒരു സൈന്യത്തോടുകൂടി കൊച്ചിയിൽ എത്തി. സാമൂതിരിയുടെ പട പരിഭ്രമിച്ചു പിൻവാങ്ങി. കൊച്ചീ രാജാവിനു നഷ്ടപ്പെട്ട സിംഹാസനം വീണ്ടുകിട്ടി. രാജാവു് നന്ദിപൂർവ്വം പോർട്ടുഗീസുകാർക്ക കൊച്ചിയിൽ കോട്ട കെട്ടുവാൻ അനുവാദം നൽകി. സാമൂതിരി വീണ്ടും യുദ്ധത്തിനു മുതിർന്നു. ഈ യുദ്ധത്തിൽ കോഴിക്കോട്ടു സൈന്യത്തിനു വൻപിച്ച നാശനഷ്ടങ്ങളുണ്ടായി. അതിനും പുറമേ അനവധി കാലമായി സാമൂതിരിയുടെ കൈവശമുണ്ടായിരുന്ന കൊടുങ്ങല്ലൂര് നഷ്ടപ്പെടുകയും ചെയ്തു. ഇതോടെ കൊച്ചിയിൽ പോർട്ടുഗീസുകാരുടെ ആധിപത്യം ഉറച്ചു.

അതിനുശേഷം പോർട്ടുഗീസുകാർ കോഴിക്കോടാക്രമിച്ചു. തീവയ്പ്പും കൊള്ളയും നടത്തിയ പോർട്ടുഗീസുകാരെ സാമൂതിരി തോല്പിച്ചോടിച്ചു. ആൽബുക്കർക്കിനു യുദ്ധത്തിൽ മുറിവേററു. അതോടുകൂടി പോർട്ടുഗീസുകാർ തങ്ങളുടെ ആസ്ഥാനം ഗോവായിലേക്കു മാററി.

നാവികപാരമ്പര്യമുള്ള കുഞ്ഞാലിമാർ സാമൂതിരിയുടെ കപ്പിത്താന്മാർ ആയിരുന്നു അവർ പോർട്ടുഗീസുകാരെ ചാലിയം ഉറമുഖത്തുവച്ചു പരാജയപ്പെടുത്തി. അതോടെ കുഞ്ഞാലിമരയ്ക്കാർ പ്രസിദ്ധരായി. കടലിൽ പോർട്ടുഗലിന്റെ ആധിപത്യത്തിനു തടസ്സമായി നിന്നതു് കുഞ്ഞാലിമാർ ആയിരുന്നുവെന്നു തീർത്തു പറയാം. സാമൂതിരി പോർട്ടുഗീസുകാൎക്കു ചില കച്ചവടസൗകര്യങ്ങൾ നൽകിയതു് കുഞ്ഞാലിമരയ്ക്കാൎക്കു് ഇഷ്ടമായില്ല. ഈ കാരണത്താൽ അദ്ദേഹം സാമൂതിരിയെക്കൂടി ധിക്കരിച്ചു. സാമൂതിരി കുഞ്ഞാലിയ്ക്കെതിരേ പടനീക്കം നടത്തി. അതേസമയം തന്നെ പോർട്ടുഗീസുകാർ കുഞ്ഞാലിയെ കടൽ വഴിയും ആക്രമിച്ചു കുഞ്ഞാലി സാമൂതിരിക്കു കീഴടങ്ങി. സാമൂതിരി അദ്ദേഹത്തെ പോർട്ടുഗീസുകാർക്കു വിട്ടുകൊടുത്തു. പോർട്ടുഗീസുകാർ അദ്ദേഹത്തെ ഗോവയിൽ കൊണ്ടുപോയി കൊന്നു.

പോർട്ടുഗീസുകാരിലൂടെ പാശ്ചാത്യപരിഷ്ക്കാരവും സുഖഭോഗ സാധനങ്ങളും കേരളത്തിൽ പ്രചരിച്ചു. കത്തോലിക്കാ പള്ളികളും പുരോഹിതന്മാൎക്കുള്ള കാളേജുകളും കേരളത്തിൽ ഇക്കാലത്തു സ്ഥാപിക്കപ്പെട്ടു. ഫ്രാൻസിസ് സേവ്യർ കേരളത്തിൽ വരികയും വൈദികോപദേശങ്ങൾ മലയാളത്തിലേയ്ക്കു തർജ്ജിമചെയ്തു അച്ചടിപ്പിക്കുകയും ചെയ്തു. പോർട്ടുഗീസുകാർ മതഭ്രാന്തരായിരുന്നു. അവർ നിർബ്ബന്ധിതമായി മതപരിവൎത്തനം ചെയ്യിച്ചിരുന്നു. അതുകൊണ്ടു് അവൎക്കു ജനങ്ങളുടെ പിന്തുണ നശിച്ചു. എഴുത്തച്ഛൻ, മേല്പത്തൂർ ഭട്ടതിരി, പൂന്താനം എന്നിവർ ഈ കാലത്താണു ജീവിച്ചിരുന്നതു്. ഇവരുടെ കൃതികൾ കേരളീയരിൽ സന്മാൎഗ്ഗചിന്തയും ഈശ്വരവിശ്വാസവും വളരുന്നതിനു വളരെ സഹായകമായി.

**പ്രായോഗിക പ്രവർത്തനങ്ങൾ.—**

1. കേരളത്തിൽ വിദേശാധിപത്യം ഉറയ്ക്കുവാനുണ്ടായ യഥാർത്ഥ കാരണത്തെക്കുറിച്ച് ഒരു ചർച്ച നടത്തുക.
2. "മാമാങ്ക"ത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ സമാഹരിച്ചു പഠനം നടത്തുക.
3. മങ്ങാട്ടച്ചൻ, കുഞ്ഞാലിമരയ്ക്കാർ ഇവരുടെ ധീരതയും ത്യാഗവും സ്മരിക്കുന്ന കഥകൾ ക്ലാസ്സിൽ വായിപ്പിക്കുക. കുട്ടികൾ ഇവരോരോരുത്തരുടേയും തൂലികാചിത്രങ്ങൾ തയ്യാറാക്കട്ടെ.
4. എഴുത്തച്ഛൻ, മേല്പത്തൂർ, പൂന്താനം, ഉദ്ദണ്ഡശാസ്ത്രികൾ, കാക്കശ്ശേരി എന്നിവരുടെ കൃതികളും കഥകളും വായിക്കുവാൻ സന്ദർഭം ഉണ്ടാക്കുക.

# അദ്ധ്യായം 6

## യൂണിററ് V

### വേണാട്

A.D. 800–ൽ കുലശേഖര ആഴ്‌വാർ മഹോദയപുരം തലസ്ഥാനമാക്കിക്കൊണ്ട് രണ്ടാം ചേരവംശമായ കുലശേഖരവംശം സ്ഥാപിച്ചു. ആ കാലം കേരളത്തിൽ പൊതുവെ ഒരു നല്ല കാലഘട്ടമായിരുന്നു. ആ വംശത്തിലെ രാജാക്കന്മാരെല്ലാം വലിയ ഭക്തന്മാരായിരുന്നു. അക്കാലത്ത് സാഹിത്യത്തിനു വലിയ പുരോഗതിയുണ്ടായി. അതേ വംശത്തിലെ ശേഖരവിവർമ്മന്റെ കാലത്ത് കേരളം മുഴുവൻ അദ്ദേഹത്തിന്റെ സാമ്രാജ്യത്തിൽ പെട്ടിരുന്നു. കൊല്ലം മുതൽ തിരുവനന്തപുരം വരെ വ്യാപിച്ചിരുന്ന വേണാട്ടും അന്ന് ഈ സാമ്രാജ്യത്തിൽ ലയിച്ചു. അന്നു ചേരന്മാർ തെക്കേ ഇൻഡ്യയിലെ മികച്ച ഭരണാധികാരികൾ ആയിരുന്നു.

പതിനൊന്നാം നൂററാണ്ടിന്റെ ആദ്യകാലത്തായി ചേരന്മാരുടെ ശക്തിക്ഷയിക്കുകയും തെക്കെ ഇൻഡ്യയിലെ ശക്തന്മാരായ ചോളരാജാക്കന്മാരുടെ ആക്രമണത്തിന് കേരളം വിധേയമാവുകയും ചെയ്തു. രാജരാജ ചോളനും മകൻ രാജേന്ദ്ര ചോളനും അതിശക്തന്മാരായ ചോള രാജാക്കന്മാരായിരുന്നു. അവർ കേരളം ആക്രമിക്കുകയും അരനൂററാണ്ടു കാലത്തോളം കേരളത്തിന്റെ കുറേ ഭാഗങ്ങൾ കയ്യടക്കി വയ്ക്കുകയും ചെയ്തു. കുലശേഖര വംശത്തിലെ ഒറ്റവിലത്തെ രാജാവായ രാമവർമ്മ കുലശേഖരനാണ് ഈ ആക്രമണങ്ങളെ തുരത്തി ചേരശക്തി പുനഃസ്ഥാപിച്ചത്.

മഹോദയപുരത്തു നിന്ന് കൊല്ലത്തേയ്ക്കു തലസ്ഥാനം മാററിയ രാമവർമ്മ കുലശേഖരൻ തനിക്കുവേണ്ടി പട പൊരുതി

വീരസ്വർഗ്ഗം വരിക്കുവാൻ തയ്യാറുള്ള കുറേ പടയാളികളെ തെരഞ്ഞെടുത്ത് ഒരു 'ചാവേറുപട' സജ്ജമാക്കി. അവർ മരണം വരെ സമരം ചെയ്യുന്ന രണശൂരന്മാരായിരുന്നു. അവരുടെ സഹായത്താൽ രാജവർമ്മന് ചോള സൈന്യത്തെ തുരത്തുവാനും ചേര സാമ്രാജ്യം വീണ്ടെടുക്കുവാനും കഴിഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ കാലശേഷം രണ്ടാം ചേരവംശം അവസാനിക്കുകയാണുണ്ടായത്.

കുലശേഖരവംശത്തിന്റെ നാശത്തിനു ശേഷം കേരളം ഭരിക്കുവാൻ 'പെരുമാൾ' സ്ഥാനത്തേയ്ക്കു ആളുകളെ തെരഞ്ഞെടുക്കുകയായിരുന്നുവത്രേ പതിവ്. തിരുനാവായിൽ സമ്മേളിച്ചിരുന്ന മഹായോഗമായിരുന്നു കേരളത്തിനു പുറമേ നിന്ന് ഏതെങ്കിലും ഒരാളെ പെരുമാളായി തെരഞ്ഞെടുത്തിരുന്നത്. ഓരോ പെരുമാളും പന്ത്രണ്ടു വർഷം ഭരിച്ചുപോന്നു. അങ്ങിനെ ഇരുപത്തിനാലു പെരുമാക്കന്മാരുണ്ടായിരുന്നുവെന്നു പറയപ്പെടുന്നു.

കുലശേഖരന്മാരുടെ സാമ്രാജ്യം കേരളം മുഴുവൻ ഉൾക്കൊണ്ടിരുന്നു. സാമ്രാജ്യത്തെ അനേകം നാടുകൾ (സംസ്ഥാനങ്ങൾ) ആയി ഭാഗിച്ചിരുന്നു. അതിൽ ഏററവും തെക്കേ അററത്തെ സംസ്ഥാനമായിരുന്നു 'വേണാട്'. നാട്, ദേശം, കര എന്നിവ ഭരിക്കുന്നതിന് 'കൂട്ടം' എന്നു വിളിച്ചുവന്നിരുന്ന പ്രതിനിധികളായിരുന്നു നിർദ്ദേശങ്ങൾ നൽകിയിരുന്നത്. കുലശേഖരന്മാർക്കു സുസജ്ജമായ ഒരു കരസേനയും നാവികസേനയും ഉണ്ടായിരുന്നു.

മഹോദയപുരമായിരുന്നു തലസ്ഥാനം. ഒരു തലസ്ഥാനത്തിനുവേണ്ട എല്ലാ സൗകര്യങ്ങളും അവിടെ ഉണ്ടായിരുന്നു. കോട്ടയാൽ സംരക്ഷിക്കപ്പെട്ടിരുന്ന ആ നഗരത്തെ 'മഹോദയ പട്ടണം' എന്നു കൂടി വിളിച്ചിരുന്നു.

ഈ രാജാക്കന്മാർ വൈഷ്ണവരോ ശൈവരോ ആയിരുന്നു. അതിനാൽ ഹിന്ദുമതം അഭിവൃദ്ധിപ്പെട്ടു. ജൈനമതവും ബുദ്ധമതവും ക്രമേണ ക്ഷയിക്കുകയും കേരളം മുഴുക്കെ ഹിന്ദുമതം പ്രചാരത്തിലാവുകയും ചെയ്തു. നിരവധി ക്ഷേത്രങ്ങൾ ഈകാലത്തു പണിയിക്കപ്പെട്ടു. ക്ഷേത്രങ്ങളുടെ നടത്തിപ്പിന് 'സഭകൾ' എന്ന പേരിലുള്ള കമ്മിററികളുണ്ടായിരുന്നു. ക്ഷേത്രങ്ങളുടെ അഭിവൃദ്ധിയോടുകൂടിത്തന്നെ സംസ്കാരത്തിനും പുരോഗതിയുണ്ടായി.

ഉത്സവാഘോഷങ്ങളും മററും ക്രമപ്പെടുത്തി. കുലശേഖരന്മാരുടെ അദ്ധ്യക്ഷതയിൽ തൃക്കാക്കര വച്ച് ഓണാഘോഷം നടന്നിരുന്നു. കൂടിയാട്ടം, കൂത്ത് എന്നീ ദൃശ്യശ്രാവ്യകലകളും കൊത്തുപണി, എണ്ണച്ചായാചിത്രം മുതലായ ഉത്തമകലകളും ക്ഷേത്രത്തോടിണങ്ങിക്കൊണ്ടു പുരോഗമിച്ചു. ക്ഷേത്രങ്ങളോടനുബന്ധിച്ച് ആശുപത്രികളും നടത്തിയിരുന്നു.

വൈദികസ്കൂളുകളും കോളേജുകളും ഇതോടുകൂടി വളർന്നു. 'ശാലൈകൾ' എന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ ധാരാളമുണ്ടായിരുന്നു. പ്രശസ്തമായ ഒരു കോളേജായിരുന്നു "കാന്തലൂർശാലൈ". ഗുരുകുലരീതിയിൽ നടത്തിയിരുന്ന ഈ ശാലൈകളിൽ ശാസ്ത്രങ്ങളിൽ ഉന്നതപഠനം സാദ്ധ്യമായിരുന്നു.

മതസഹിഷ്ണുത നിറഞ്ഞ ഒരന്തരീക്ഷമായിരുന്നു അന്ന്. വിവിധ മതക്കാർ അന്യോന്യം ബഹുമാനിച്ചിരുന്നു.

കൊല്ലം, വിഴിഞ്ഞം, കൊടുങ്ങല്ലൂർ എന്നിവ അന്നത്തെ പ്രധാന കച്ചവടകേന്ദ്രങ്ങളായിരുന്നു. അന്യരാജ്യങ്ങളുമായി വൻതോതിൽ കച്ചവടം നടത്തിവന്നിരുന്നു. കച്ചവട സംഘടനകളും കാർഷികസംഘങ്ങളും അന്നു നല്ലനിലയിൽ പ്രവർത്തിച്ചുവന്നു. അവക്കു സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്താൻ സാധിച്ചിരുന്നു.

തമിഴ്സ്വാധീനത്തിൽ നിന്നും സ്വാതന്ത്ര്യമായിക്കൊണ്ട് അന്ന് മലയാളഭാഷ വികസിച്ചുതുടങ്ങി. കുലശേഖരരാജാക്കന്മാർ ഭാഷയ്ക്കും സാഹിത്യത്തിനും പ്രോത്സാഹനം നൽകിയിരുന്നു. ചില രാജാക്കന്മാർ പണ്ഡിതന്മാരും കവികളും ആയിരുന്നു.

കുലശേഖരന്മാരുടെ അധഃപതനത്തോടുകൂടി വേണാട് സ്വാതന്ത്ര്യമായി പുരോഗമിച്ചു.

പന്ത്രണ്ടാം നൂററാണ്ടിന്റെ ആരംഭത്തോടുകൂടി മാത്രമേ വേണാടിനു സ്വാതന്ത്ര്യപദവി ലഭിച്ചുള്ളു. വേണാടിന്റെ തലസ്ഥാനം 'കൊല്ലം' ആയിരുന്നു. വേണാട്ടുരാജാക്കന്മാരുടെ കാലത്ത് കൊല്ലം വളരെ അധികം വികസിക്കുകയും ഒരൊന്നാംതരം കച്ചവടകേന്ദ്രമായി വളരുകയും ചെയ്തു. ഈ വംശത്തിലെ ചില രാജാക്കന്മാർ പണ്ഡിതന്മാരും യോദ്ധാക്കളും ആയിരുന്നതി

നാൽ രാജ്യത്തു ഭൗതികാഭിവൃദ്ധിയും സാംസ്കാരികാഭിവൃദ്ധിയും ഉണ്ടായി. ഇവർ സുശക്തമായ ഭരണം ഉറപ്പിക്കുകയും സംഗീതം, സാഹിത്യം, മതം ഇവകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഇക്കാലത്തു് വേണാടും വിജയനഗരവുമായി കടുത്ത യുദ്ധങ്ങൾ നടന്നു. ഈ മത്സരം ഒരു നൂററാണ്ടു നീണ്ടുനിന്നു. അവസാനം വേണാട്ട് വിജയനഗരത്തിന്റെ മേൽക്കോയ്മ അംഗീകരിച്ചു. ഈ യുദ്ധം നിന്നിയ ഉടനെ വേണാടിന്ന് തിരുമലനായ്ക്കനുമായി യുദ്ധം ചെയ്യേണ്ടി വന്നു. ഫലവത്തായ വഞ്ചിനാട്ട് അധീനപ്പെടുത്താൻ തിരുമലനായ്ക്കൻ ശ്രമിച്ചു. പ്രസിദ്ധനായ ഇരവിക്കുട്ടിപ്പിള്ള യാണു് വേണാട്ടുസൈന്യത്തെ നയിച്ചതു്. ഇരവിക്കുട്ടിപ്പിള്ള വീരമൃത്യു വരിച്ചു. അൻപതു കൊല്ലം നീണ്ടുനിന്ന യുദ്ധംമൂലം നാഞ്ചിനാടു തരിശായി.

അന്നത്തെ വേണാട്ടരചനായിരുന്ന വീരകേരളവർമ്മ സെൻറ സേവ്യർക്കു ക്രിസ്തുമതപ്രചരണത്തിനനുമതി നൽകി. A.D.1644-ൽ വിഴിഞ്ഞത്തു് ഒരു ഇംഗ്ലീഷ്കച്ചവടക്കമ്പനി സ്ഥാപിക്കപ്പെട്ടു.

യുദ്ധം കൊണ്ടു് വേണാട്ട് തകർന്നുകഴിഞ്ഞിരുന്നു. A.D.1663 മുതൽ കുറെക്കാലം ശക്തന്മാരായ ഭരണാധികാരികൾ ആരും ഇല്ലായിരുന്നു. തന്മൂലം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭരണച്ചുമതല വഹിച്ചിരുന്ന യോഗക്കാരും എട്ടുവീട്ടിൽ പിള്ള മാരും രാജാക്കന്മാരെ ധിക്കരിച്ചുകൊണ്ടിരുന്നു. ഉമയമ്മറാണിയുടെ കാലത്താണു് ഇവരെ ഏറെക്കുറെ നിലയ്ക്കു നിറുത്താൻ കഴിഞ്ഞതു്. ഉമയമ്മറാണിയെ രാജ്യകാര്യങ്ങളിൽ സഹായിച്ചിരുന്ന ഇളംകൂർ കേരളവർമ്മ വേണാടിനെ ആക്രമിച്ച മുകിലപ്പടയെ കൊന്നൊടുക്കി.

പൊതുവേ കേരളത്തിൽ വിദേശീയർക്കു വന്നുപററുവാൻ ഉതകിയ കാലമായിരുന്നു ഇതു്. ചെറുരാജ്യങ്ങളായി തിരിഞ്ഞു് അന്യോന്യം കലഹിക്കുന്ന ഭരണാധിപന്മാർ അയൽ നാട്ടുകാരോടു പകവീട്ടാൻ വിദേശശക്തികളെ ആശ്രയിച്ചു പോന്നു.

ജനസാമാന്യം ദാരിദ്ര്യത്തിൽ മുഴുകുകയും മാടമ്പിമാർ രാജാവിനെ ധിക്കരിച്ചുകൊണ്ടു പ്രഭുത്വം നടിക്കുകയും ഭരണം

കുഴഞ്ഞുമറിയുകയും ചെയ്തപ്പോഴാണ് ബുദ്ധിമാനും തന്ത്രജ്ഞനുമായ മാർത്താണ്ഡവർമ്മ സ്ഥാനാരോഹണം ചെയ്തത്.

**മാർത്താണ്ഡവർമ്മ**:—മാർത്താണ്ഡവർമ്മ അധികാരത്തിൽ വരുന്നതിനു മുമ്പേ അദ്ദേഹത്തിനു ഭരണകാര്യത്തിൽ ഇടപെട്ടു പരിചയം നേടാൻ സൗകര്യം കിട്ടിയിരുന്നു. അമ്മാവനായ ബാലരാമവമ്മയുടെ കാലത്ത് അദ്ദേഹം ഭരണകാര്യങ്ങൾക്കായി നിയോഗിക്കപ്പെട്ടിരുന്നു. എന്നാൽ സുശക്തമായ ഭരണം നടത്തുന്നതിന് അനുകൂലമായ ഒരു പരിതഃസ്ഥിതിയല്ല അന്നുണ്ടായിരുന്നത്. യുദ്ധം കൊണ്ടു വേണാടിന്റെ സാമ്പത്തികസ്ഥിതി വളരെ മോശമായിരുന്നു. പൊതുരംഗത്തു രാജാവിനു യാതൊരു ബഹുമതിയും കല്പിക്കപ്പെട്ടിരുന്നില്ല. പിള്ളമാരും മാടമ്പിമാരും തങ്ങളുടെ അധികാരം നടത്തി. യോഗക്കാരും രാജാവിനെതിരായിരുന്നു. രാജഭരണം തകച്ചയുടെ വക്കത്തെത്തി നിൽക്കുകയായിരുന്നു.

ഇക്കാലത്തു പ്രശ്നങ്ങളെ കൂടുതൽ കുഴച്ചു മറിച്ചു മറെറാരു സംഭവമുണ്ടായി. മാർത്താണ്ഡവർമ്മയ്ക്കു മുമ്പു ഭരിച്ചിരുന്ന ബാലരാമവർമ്മയുടെ പുത്രന്മാരായ 'കുഞ്ചുത്തമ്പിമാർ' തങ്ങൾക്കാണ് രാജ്യാവകാശം എന്നു വാദിച്ച് ലഹളയ്ക്കൊരുങ്ങി. ഇതു തന്നെ തക്കമെന്നു കരുതി മാടമ്പിമാരും പിള്ളമാരും യോഗക്കാരും തമ്പിമാരെ പിൻതാങ്ങി. കൂടാതെ തമ്പിമാരെ സഹായിക്കാൻ മധുരയിലെ നായിക്കന്മാരും ഒരുങ്ങിനിന്നു. മധുരനായിക്കന്റെ സേനാനായകനായ അഴകപ്പാമുതലിയാരെ കൈക്കൂലികൊടുത്തു മാർത്താണ്ഡവർമ്മ സൂത്രത്തിൽ മടക്കി അയച്ചു.

അതിനുശേഷം മാർത്താണ്ഡവർമ്മ തമ്പിമാരെ ശക്തിപൂവ്വം നേരിട്ടു. അദ്ദേഹം അവരെ ബന്ധനസ്ഥരാക്കുകയും പിന്നീടു വധിക്കുകയും ചെയ്തു. നിർദ്ദാക്ഷിണ്യം നടപടികളെടുത്ത രാജാവിനു ജനങ്ങളുടെ പിന്തുണ നശിക്കുന്നുണ്ടോ എന്നും ജനങ്ങളുടെ മനഃസ്ഥിതി എന്താണെന്നും അറിയുന്നതിനു വേണ്ടി മാർത്താണ്ഡവമ്മ മഹാരാജാവ് വേഷം മാറി രാജ്യമാസകലം ചുററിനടന്നു പഠനം നടത്തി. അദ്ദേഹം പിള്ളമാർക്കും പോററിമാർക്കും എതിരായി കശ്നമായ നടപടികളെടുത്തു. അദ്ദേഹത്തെ വധിക്കാൻ ഗൂഢാലോചന

നടത്തിയ പിള്ളമാരെ വധിക്കുകയും പോററിമാരെ നാടുകടത്തു കയും മററെല്ലാ കലാപകാരികളേയും തടവിലാക്കുകയും ചെയ്തു തോടു കൂടി ആഭ്യന്തരസമാധാനം കൈവന്നു. ശത്രുക്കൾ മേലാൽ തലപൊക്കരുതെന്നു കരുതി അദ്ദേഹം കൈക്കൊണ്ട നടപടികൾ വളരെ കർശനങ്ങളായിരുന്നു.

തന്റെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിൽ ഭരണം കെട്ടുറപ്പുള്ളതാക്കാൻ അദ്ദേഹം പല നടപടികളും കൈക്കൊണ്ടു. മൊത്തത്തിലുള്ള ഭരണ സംവിധാനത്തെ പല വകുപ്പുകളായി ഭാഗിച്ച് ഓരോന്നിന്റേയും ചെലവുകൾ ക്രമീകരിച്ചു. പൊതുഖജനാവിൽ നിന്നു പണം ദുർവ്യയം വരാതെ നോക്കി. ഭരണച്ചെലവ് ആവുന്നത്ര കുറച്ചു. അങ്ങനെ രാജ്യത്തിന്റെ ധനസ്ഥിതി നന്നാക്കിയതിനുശേഷം അദ്ദേഹം തന്റെ സൈന്യത്തെ നവീകരിക്കാൻ നടപടികളെടുത്തു. നവീനായുധങ്ങൾ ശേഖരിച്ചുകൊണ്ടും സൈന്യങ്ങൾക്കു പരിശീലനം കൊടുത്തുകൊണ്ടും സൈന്യനവീകരണം സാധിച്ചു. ഇക്കാലത്ത് ഇംഗ്ലീഷുകാരും ഡച്ചുകാരും തമ്മിൽ കേരളത്തിൽ ആധിപത്യത്തിനു വേണ്ടി നടന്ന മത്സരങ്ങളും വേണാടിന് ആശങ്കയുണ്ടാക്കിയ കാര്യമാണ്. എന്തുകൊണ്ടും തയ്യാറെടുത്തു നിൽക്കേണ്ട ഒരു കാലഘട്ടമായിരുന്നു അത്.

അയൽ പ്രദേശങ്ങളെക്കൂടി തന്റെ രാജ്യത്തിൽ ലയിപ്പിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു. ആററിങ്ങൽ പ്രദേശം തന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കി. തന്റെ അമ്മാവൻ സ്വാതന്ത്ര്യാധികാരം നടത്തിയിരുന്ന കൊല്ലം, നെടുമങ്ങാട്, കൊട്ടാരക്കര, കായംകുളം എന്നീ സാമന്ത രാജ്യങ്ങളും അദ്ദേഹം തന്റെ നേരിട്ടുള്ള ഭരണത്തിലാക്കി. ഇവിടത്തെ സാമന്തന്മാരെല്ലാം അന്യോന്യം സഹായിച്ചുകൊണ്ടും ഡച്ചുകാരുടെ സഹായം സ്വീകരിച്ചുകൊണ്ടും മാർത്താണ്ഡവർമ്മയ്ക്കെതിരായി ദീർഘകാലം യുദ്ധം ചെയ്തു.

ഈ സാമന്ത രാജ്യങ്ങളുമായി ഡച്ചുകാർക്ക് കച്ചവടബന്ധമുണ്ടായിരുന്നു. ശക്തനായ മാർത്താണ്ഡവർമ്മ ഈ രാജ്യങ്ങൾ കീഴടക്കുന്നത് ഡച്ചുകാരുടെ താല്പര്യങ്ങൾക്കു തടസ്സമായിരിക്കുമെന്ന് അവർ മനസ്സിലാക്കി. അതുകൊണ്ടു, ഡച്ചുകാർ കൊട്ടാര

ക്കരയിലെ എളയിടത്തു റാണിയുടെ രാജ്യാവകാശത്തിനു പിന്തുണ നൽകി. അങ്ങിങ്ങായി ഏററുമുട്ടലുകൾ ഉണ്ടായെങ്കിലും ഒടുവിൽ 1741–ൽ കുളച്ചലിൽ വച്ച് മാർത്താണ്ഡവർമ്മയുടെയും ഡച്ചുകാരുടേയും സൈന്യങ്ങൾ ഏററുമുട്ടി. ആ യുദ്ധത്തിൽ ഡച്ചുകാർ പരാജയപ്പെട്ടു. ഇളയിടത്തു റാണി ഡച്ചുകാരുടെ സഹായത്തോടെ കൊച്ചിയിൽ അഭയം തേടി. അന്നു മാർത്താണ്ഡവർമ്മയ്ക്കു കീഴടങ്ങിയ ഡച്ചു കപ്പിത്താൻ 'ഡിലനായ്'' പിന്നീടു മാർത്താണ്ഡവർമ്മയുടെ വലിയ കപ്പിത്താനായി സേവനമനുഷ്ഠിച്ചു. കുളച്ചൽ യുദ്ധത്തോടുകൂടി ഡച്ചുകാർക്കു കേരളത്തിൽ ആധിപത്യം നഷ്ടപ്പെട്ടു.

അടുത്തവർഷം തെക്കുംകൂർ, വടക്കുംകൂർ, പുറക്കാട്ട് എന്നീ സാമന്തന്മാരുടെ പിൻബലത്തോടുകൂടി കായംകുളം രാജാവു മാർത്താണ്ഡവർമ്മയെ പരാജയപ്പെടുത്താൻ ഒരു ശ്രമം നടത്തി. സുപ്രസിദ്ധനായ രാമയ്യൻ ദളവായുടെ നേതൃത്വത്തിലുള്ള കരസേനയും ഡിലനായിയുടെ നേതൃത്വത്തിലുള്ള നാവികസേനയും ഈ മുന്നണിയെ പരാജയപ്പെടുത്തുകയും കായംകുളവും പുറക്കാടും കീഴടക്കുകയും ചെയ്തു. തെക്കുംകൂറും വടക്കുംകൂറും യുദ്ധം കൂടാതെ തന്നെ പിന്നീട് മാർത്താണ്ഡവർമ്മയ്ക്കു കീഴടങ്ങി.

ഇങ്ങനെ മിക്ക നാട്ടുവാഴികളേയും കീഴടക്കി മാർത്താണ്ഡവർമ്മ തിരുവിതാംകൂർ രാജ്യം സ്ഥാപിച്ചു. എങ്കിലും സ്ഥാനഭ്രഷ്ടരായ സാമന്തന്മാർ കൊച്ചിയുടെ സഹായത്തോടെ തിരുവിതാംകൂറിൻെറ വടക്കേ മേഖലയിൽ ഒരു കലാപം സൃഷ്ടിച്ചു. കൊച്ചിയുമായി ഒരു സമാധാന ഉടമ്പടിയിൽ ഏർപ്പെട്ടുകൊണ്ട് മാർത്താണ്ഡവർമ്മ കൊച്ചിയെ അദ്ദേഹത്തിൻെറ മിത്രമാക്കി മാററി. സാമൂതിരി രാജാവിനെ ഭയന്നു കഴിഞ്ഞിരുന്ന കൊച്ചി രാജാവിനും മാർത്താണ്ഡവർമ്മയുമായുള്ള ഈ സഖ്യം ഗുണം ചെയ്തു.

തിരുവിതാംകൂർ രാജ്യത്തിനെതിരായുള്ള ശക്തികളെ അമർച്ച ചെയ്യുന്നതിൽ സ്തുത്യർഹമായ പങ്കാണ് രാമയ്യൻദളവായ്ക്കുണ്ടായിരുന്നതു്. വിശ്വസ്തനായ ഡിലനായിയുടെ സേവനവും പ്രശംസാവഹമാണ്. 1757–ൽ രാമയ്യൻ ദളവാ മരണമടഞ്ഞു. രാമയ്യൻ ദളവായുടെ മരണം മാർത്താണ്ഡവർമ്മയെ വല്ലാതെ ദുഃഖിപ്പിക്കുകയും നിരാശനാക്കുകയും ചെയ്തു.

യുദ്ധത്തിലും രാജ്യഭരണതന്ത്രത്തിലും ഒരുപോലെ ശോഭിച്ച ഒരു ഭരണാധികാരിയായിരുന്നു മാർത്താണ്ഡവർമ്മ. താൻ കീഴടക്കിയ പ്രദേശങ്ങളടങ്ങിയ രാജ്യം മുഴുവൻ അദ്ദേഹം തന്റെ കുലദൈവമായ ശ്രീപത്മനാഭന് അടിയറവയ്ക്കുകയും ദേവന്റെ പേരിൽ ഭരണം നടത്തുകയും ചെയ്തു. അദ്ദേഹം ശ്രീപത്മനാഭദാസൻ എന്ന പേർ സ്വയം സ്വീകരിച്ചു. ശ്രീപത്മനാഭസ്വാമിക്ഷേത്രം പുതുക്കിപ്പണിയിക്കുകയും ക്ഷേത്രഭരണം പരിഷ്കരിക്കുകയും ചെയ്തു.

മാർത്താണ്ഡവർമ്മ ഭരണസൗകര്യത്തിന് ആവശ്യമായ വകുപ്പുകൾ ഏർപ്പെടുത്തുകയും ഓരോ വകുപ്പിനും പതിവു കണക്ക് (വാർഷിക ബഡ്ജറ്റ്) തയ്യാറാക്കുകയും ചെയ്തു.

അദ്ദേഹം ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷിയെ അഭിവൃദ്ധിപ്പെടുത്തി. കുരുമുളക്, അടയ്ക്കാ, ചുക്ക് എന്നീ വിഭവങ്ങളുടെ കച്ചവടക്കുത്തക സർക്കാരിനായിരുന്നു. ഇവ ശേഖരിക്കുന്നതിനു വലിയ ഒരു പണ്ടകശാല കൊല്ലത്തു പണികഴിപ്പിച്ചു. കള്ളക്കടത്തു തടയുന്നതിന് അദ്ദേഹം അതിർത്തികളിൽ ചൗക്കകൾ ഏർപ്പെടുത്തി. ഇതു സർക്കാരിന്റെ സാമ്പത്തിക ശേഷി വർദ്ധിപ്പിച്ചു. ഭൂമി അളന്നു തിട്ടപ്പെടുത്തി കൃഷിക്കാർക്കു പട്ടയങ്ങൾ നൽകി. ഓരോരുത്തരും നൽകേണ്ട നികുതി ക്ലിപ്തപ്പെടുത്തിയിരുന്നു. ഇതു് സർക്കാരിന്റെ മുതലെടുപ്പു വർദ്ധിപ്പിച്ചു.

തിരുവനന്തപുരം, പത്മനാഭപുരം, കൊല്ലം എന്നിവിടങ്ങൾ പ്രസിദ്ധ പട്ടാള സങ്കേതങ്ങളായിരുന്നു. അദ്ദേഹം ഇവിടെ ശക്തങ്ങളായ കോട്ടകൾ കെട്ടിയുറപ്പിച്ചു.

സാംസ്കാരിക രംഗത്ത് അദ്ദേഹത്തിന്റെ കാലത്ത് മഹത്തായ നേട്ടങ്ങളുണ്ടായി. ക്ഷേത്രകലകളായ കൂത്ത്, തുള്ളൽ, കഥകളി എന്നിവ പുരോഗതി പ്രാപിച്ചു. തുള്ളൽക്കത്താവായ കുഞ്ചൻ നമ്പ്യാർ അദ്ദേഹത്തിന്റെ ആസ്ഥാന കവിയായിരുന്നു. പത്മനാഭപുരം കൊട്ടാരത്തിലെ പ്രസിദ്ധങ്ങളായ ചുവർ ചിത്രങ്ങൾ ഇക്കാലത്ത് എഴുതപ്പെട്ടവയാണ്.

ഭരണരംഗത്തും സാംസ്കാരികരംഗത്തും, ഒരുപോലെ ശ്രദ്ധ ചെലുത്തിയ മാർത്താണ്ഡവർമ്മയെ 'തിരുവിതാംകൂറിന്റെ

വിധാതാവ് എന്നു വിളിക്കുന്നു. ഡച്ചുകാരേയും കലാപകാരികളായ നാടുവാഴികളേയും അമർച്ച ചെയ്ത് സുശക്തമായ ഒരു തിരുവിതാംകൂർ കെട്ടിപ്പടുത്തത് ഇദ്ദേഹമാണ്. ഇദ്ദേഹം ഡച്ചുകാരുടെ ശത്രുക്കളായ ഇംഗ്ലീഷുകാരുമായി മിത്രഭാവത്തിൽ കഴിഞ്ഞുവന്നു.

## ധർമ്മരാജാവ്

മാർത്താണ്ഡവർമ്മമഹാരാജാവിന്റെ അനന്തിരവനായ കാർത്തികതിരുനാൾ ആണ് പിന്നീട് അധികാരത്തിൽ വന്നത്. ഭക്തനും ഉദാരനും പ്രജാവത്സലനും ആയ അദ്ദേഹം ധർമ്മരാജാവ് എന്ന പേരിലാണ് അറിയപ്പെടുന്നത്. അമ്മാവന്റെ നയം പിന്തുടർന്നുകൊണ്ട് അദ്ദേഹം തിരുവിതാംകൂറിന്റെ ഭരണം വ്യവസ്ഥപ്പെടുത്തി. അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയും, രാജാകേശവദാസനും അദ്ദേഹത്തിന്റെ പ്രധാനമന്ത്രിമാരായിരുന്നു.

കൊച്ചിയും തിരുവിതാംകൂറുമായി അദ്ദേഹം പുതുതായി ഒരു സന്ധിയുണ്ടാക്കുകയും കൊച്ചിയുടെ ഭാഗത്തു നിന്ന് സാമൂതിരിക്കെതിരായി ഒരു യുദ്ധം നടത്തുകയും ചെയ്തു. അതിൽ സാമൂതിരി പരാജയപ്പെട്ടു കൊച്ചീരാജാവ് ആലങ്ങാടും പറവൂരും പ്രതിഫലമായി തിരുവിതാംകൂറിനു കൊടുത്തു. ഇതോടുകൂടി കേരളത്തിനു താല്കാലികമായി ഒരു യോജിപ്പുണ്ടായി. തിരുവിതാംകൂർ രാജാവും. കൊച്ചീരാജാവും, കോഴിക്കോട്ടു സാമൂതിരിയും പരസ്പരം ആക്രമിക്കുകയില്ലെന്ന വ്യവസ്ഥ അവർ തമ്മിലുണ്ടായ ഉടമ്പടികൾ മൂലം നിലവിൽ വന്നു. അത് അന്നത്തെ നിലയ്ക്ക് ആവശ്യവുമായിരുന്നു. കാരണം മൈസൂറിലെ ഹൈദരാലി കേരളത്തെ ആക്രമിക്കാൻ അന്ന് തക്കം നോക്കി നില്ക്കുകയായിരുന്നു. താമസിയാതെ ഹൈദരാലി തിരുവിതാംകൂറിനോടു തന്റെ മേൽക്കോയ്മ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. തിരുവിതാംകൂർ അതു നിരസിച്ചു. ഹൈദരാലിയുടെ ആക്രമണത്തെ ഭയന്ന് ഉത്തരകേരളത്തിലെ സാമാന്യജനങ്ങളും രാജാക്കന്മാരും തിരുവിതാംകൂറിൽ അഭയം തേടി. ധർമ്മരാജാവായ കാർത്തികതിരുനാൾ അവരെയെല്ലാം സ്വീകരിച്ച് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തു.

മൈസൂറിന്റെ ആക്രമണത്തിനെതിരെ പ്രതിരോധം സംഘടിപ്പിക്കുന്നതിനു വേണ്ടി മഹാരാജാവു ഡച്ചുകാരിൽ നിന്ന് കൊടു

ങ്ങല്ലൂർ കോട്ടയും മററും വിലയ്ക്കുവാങ്ങി. മൈസൂർപ്പടയുടെ മുന്നേററം തടയാൻ അദ്ദേഹം മദ്ധ്യകേരളത്തിൽ സുപ്രസിദ്ധമായ നെടുംകോട്ട കെട്ടി. ആലുവാ വരെയെത്തിയ ടിപ്പുവിൻെറ സൈന്യം വെള്ളപ്പൊക്കംമൂലം യുദ്ധം നിറുത്തിവച്ചു. ഈ ഘട്ടത്തിൽ തിരുവിതാംകൂറിന്റെ മിത്രമായിരുന്ന ഇംഗ്ലീഷുകാർ മൈസൂറിൻെറ തലസ്ഥാനമായ ശ്രീരംഗ പട്ടണം ആക്രമിച്ചതുകൊണ്ടു ടിപ്പുവിനു സൈന്യസമേതം മടങ്ങിപ്പോകേണ്ടിവന്നു. രാജാകേശവദാസൻെറ കീഴിൽ തിരുവിതാംകൂർ സൈന്യം തയ്യാറായി നിന്നിരുന്നു.

തിരുവിതാംകൂറിൽ ദിവാൻ എന്ന സ്ഥാനപ്പേരു സ്വീകരിച്ച ആദ്യത്തെ മന്ത്രി രാജാകേശവദാസനായിരുന്നു. ഇംഗ്ലീഷുകാരുമായി ഉടമ്പടികൾ ഉണ്ടാക്കിക്കൊണ്ട് തിരുവിതാംകൂറിൻെറ പ്രതിരോധം ശക്തിപ്പെടുത്തിയതിൻെറ പിന്നിൽ പ്രവർത്തിച്ചിരുന്നതു് രാജാകേശവദാസൻെറ രാജ്യതന്ത്രമായിരുന്നു. കൊച്ചി യുദ്ധത്തിനുശേഷം ഡച്ചുകാരും തിരുവിതാംകൂറിനോടു യോജിപ്പിലാണു കഴിഞ്ഞുപോന്നിരുന്നതു്.

രാജാകേശവദാസൻെറ ഭരണകാലത്തു് തിരുവിതാംകൂറിലെ തരിശുഭൂമികൾ പലതും കൃഷിക്കുപയോഗപ്പെടുത്തി. അദ്ദേഹം ഈ ആവശ്യത്തിനായി ധാരാളം ജലസേചനപദ്ധതികൾ നടപ്പിലാക്കി. കൃഷിക്കാർക്കു വായ്പ നൽകിയും നികുതി ഇളവുനൽകിയും സഹായിച്ചുപോന്നു. ആലപ്പുഴത്തുറമുഖത്തിൻെറ നിർമ്മാണം അദ്ദേഹത്തിൻെറ ഒരു പ്രധാന നേട്ടമായിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവിൻെറ കാലത്തു തുടങ്ങിവച്ചിരുന്ന പത്മനാഭസ്വാമി ക്ഷേത്രത്തിൻെറ പണി പൂർത്തിയാക്കിയതു് ഇദ്ദേഹത്തിൻെറ ചുമതലയിലായിരുന്നു.

## പ്രായോഗിക പ്രവർത്തനങ്ങൾ:—

1. കേരളത്തിലെ ക്ഷേത്രങ്ങളോടനുബന്ധിച്ചു വളന്ന കലാരൂപങ്ങളുടെ വിശേഷതകൾ അന്വേഷിച്ചറിഞ്ഞു് ഒരു ലേഖനം തയ്യാറാക്കുക. ചിത്രങ്ങൾ ശേഖരിക്കുക.

2. വേണാട്ടു വളർന്നു തിരുവിതാംകൂറായി രൂപം പ്രാപിച്ചതിനെക്കാണിക്കുന്ന ഒരു പടം വർണ്ണക്കടലാസോ ചായമോ ഉപയോഗിച്ചു നിർമ്മിക്കുക.

അദ്ധ്യാപകന്റെ സഹായത്തോടെ ആററിങ്ങൽ, കൊട്ടാരക്കര, കായംകുളം, നെടുമങ്ങാട്, കൊല്ലം, തെക്കുംകൂർ, വടക്കുംകൂർ, പുറക്കാട്, അമ്പലപ്പുഴ എന്നീ വിഭാഗങ്ങൾ പ്രത്യേകം വെള്ളക്കടലാസ്സിൽ വെട്ടി ഒട്ടിക്കുക.

3. കുഞ്ചൻ നമ്പ്യാർ, ഉണ്ണായിവാര്യർ, രാമപുരത്തുവാര്യർ എന്നിവരുടെ ജീവചരിത്രം വായിച്ചറിയുക.

---

# അദ്ധ്യായം 7

## യൂണിററ് VI

### മദ്ധ്യകാല ഇൻഡ്യാചരിത്രം

ഗുപ്തരാജാക്കന്മാരുടെ കാലത്തു് രണശൂരന്മാരായ ചില വർഗ്ഗക്കാർ വിദേശത്തുനിന്നും പശ്ചിമേൻഡ്യയിൽ പ്രവേശിച്ചു് പഞ്ചാബിലും അതിനടുത്ത പ്രദേശങ്ങളിലും വ്യാപിച്ചു. അവർ ക്രമേണ ഹിന്ദുമതം സ്വീകരിച്ചു് ഇൻഡ്യൻസമുദായത്തിൽ ലയിച്ചുചേൎന്നു. ഇവരാണു് രജപുത്രർ.

രജപുത്രർ മററ ഹിന്ദുസമുദായങ്ങളിൽ നിന്നും വേർപിരിഞ്ഞു നിന്നിരുന്നു. അവരുടെ ഇടയിൽ പല ജാതികളും ഉപജാതികളും ഉണ്ടായി. ബ്രാഹ്മണരെ അവർ ബഹുമാനിച്ചുവന്നു. പല വിശിഷ്ട ഗുണങ്ങളുടേയും വിളനിലമായിരുന്നു രജപുത്രർ. ആത്മാഭിമാനം, ധൈര്യം, സത്യനിഷ്ഠ, മഹാമനസ്കത, അനുസരണം എന്നീ ഗുണങ്ങൾ അവരുടെ കൂടപ്പിറപ്പായിരുന്നു. രാജ്യത്തിനു വേണ്ടി ജീവൻ ബലികഴിക്കുക ഒരു ധർമ്മമായി അവർ കരുതി. രജപുത്രർ ചെറുപ്പം മുതൽ ആയുധാഭ്യാസം നടത്തിയിരുന്നു. സ്ത്രീകളോടു് അവൎക്കു് ഏററവും ബഹുമാനമുണ്ടായിരുന്നു. രജപുത്രസ്ത്രീകളും യുദ്ധമുറകൾ അഭ്യസിച്ചിരുന്നു.

മരണത്തെ തൃണവൽ ഗണിച്ചു് ധീരകൃത്യങ്ങൾ ചെയ്ത രജപുത്രവീരന്മാരുടേയും മഹതികളുടേയും കഥകൾ നിറഞ്ഞതാണു് രജപുത്രചരിത്രം. രജപുത്രർ പരാക്രമശാലികളായിരുന്നു. അവർ പരസ്പരം കലഹിച്ചിരുന്നു. സ്വാതന്ത്ര്യേച്ഛയും പ്രാമാണ്യമോഹവും നിമിത്തം ഇവർ തമ്മിൽ എപ്പോഴും യുദ്ധത്തിൽ ഏർപ്പെട്ടിരുന്നു. ഇതു് അവരുടെ നാശത്തിനു വഴി തെളിച്ചുവെന്നു് റാണി സംയുക്തയുടെ കഥ വ്യക്തമാക്കുന്നതാണു്.

**സംയുക്താറാണി**:—ഉത്തരഇൻഡ്യയിലെ പ്രധാനപ്പെട്ട രാജ്യങ്ങളായിരുന്ന ഡൽഹിയും, ആജ്മീറും, കന്യാകുബ്ജവും. കന്യാകുബ്ജം ഭരിച്ചിരുന്നതു് ജയചന്ദ്രൻ എന്നൊരു പ്രസിദ്ധരാജാവായിരുന്നു. പൃഥ്വീരാജൻ എന്നൊരു യുവാവാണു് ആജ്മീർ ഭരിച്ചിരുന്നതു്. ഡൽഹിയിലെ രാജവംശം നിലനിറുത്താൻ ആളില്ലാതെ വന്നപ്പോൾ ആ രാജ്യം പൃഥ്വീരാജനു ലഭിച്ചു. അതോടുകൂടി ജയചന്ദ്രനു പൃഥ്വീരാജനോടു വിരോധമുണ്ടായി. മുഹമ്മദുഗോറി എന്ന വിദേശീയരാജാവു് പഞ്ചാബിനെ ആക്രമിച്ചപ്പോൾ അദ്ദേഹത്തെ എതിർക്കുന്നതിനു് ജയചന്ദ്രൻ ഒഴികെയുള്ള മററു രജപുത്രരാജാക്കന്മാർ പൃഥ്വീരാജന്റെ നേതൃത്വത്തിൽ അണിനിരന്നു. ആ യുദ്ധത്തിൽ പൃഥ്വീരാജനു വിജയം സിദ്ധിച്ചു. ഇതു് ജയചന്ദ്രന്റെ വൈരം വർദ്ധിക്കുന്നതിനു കാരണമായി.

രജപുത്ര രാജാക്കന്മാരിൽ പ്രമാണി താൻ തന്നെയാണെന്നു് സ്ഥാപിക്കുന്നതിനായി ഒരു അശ്വമേധയാഗം കഴിക്കുന്നതിനു് ജയചന്ദ്രൻ നിശ്ചയിച്ചു. പൃഥ്വീരാജൻ ഈ യാഗത്തിൽ പങ്കുകൊള്ളുകയില്ലെന്നു ജയചന്ദ്രനു നിശ്ചയമുണ്ടായിരുന്നു. അതുകൊണ്ടു അദ്ദേഹത്തിന്റെ വികൃതരൂപത്തിലുള്ള ഒരു പ്രതിമയുണ്ടാക്കി യാഗശാലയുടെ നടയിൽ ജയചന്ദ്രൻ പ്രതിഷ്ഠിച്ചു.

ജയചന്ദ്രനു് സംയുക്ത എന്നൊരു അതിസുന്ദരിയായ പുത്രിയുണ്ടായിരുന്നു. പൃഥ്വീരാജനു് സംയുക്തയെ വിവാഹം കഴിക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വീരപരാക്രമങ്ങളെക്കുറിച്ചു് കേട്ടിരുന്നതിനാൽ സംയുക്തക്കു് അദ്ദേഹത്തോടും താത്പര്യമുണ്ടായി. അശ്വമേധയാഗദിവസം തന്നെ സംയുക്തയുടെ സ്വയംവരത്തിനു് ജയചന്ദ്രൻ ഏർപ്പാടുകൾ ചെയ്തിരുന്നു.

വരണമാലയുമേന്തി സംയുക്ത വിവാഹപ്പന്തലിൽ പ്രവേശിച്ചു. പൃഥ്വീരാജൻ ക്ഷണിക്കപ്പെട്ടിട്ടില്ലെന്നും അദ്ദേഹത്തെ അപമാനിക്കുവാനായി ഒരു രൂപം അവിടെ വച്ചിട്ടുണ്ടെന്നും കുമാരിക്കു മനസ്സിലായി. മണ്ഡപത്തിൽ വരിവരിയായി ആസനസ്ഥരായിരുന്ന രാജകുമാരന്മാരെ കടന്നു് കുമാരി യാഗശാലയുടെ വാതില്ക്കൽ ചെന്നു് പൃഥ്വീരാജന്റെ പ്രതിമയിൽ തന്നെ വരണമാല്യം അർപ്പിച്ചു. അവിടെ ഒളിച്ചു നിന്നിരുന്ന പൃഥ്വീരാജൻ ഉടനെ പ്രത്യക്ഷപ്പെട്ടു് സംയുക്തയെ കുതിരപ്പുറത്തു കയററി അതിവേഗം അവിടെ നിന്നു മറഞ്ഞു. ഈ സംഭവം ജയചന്ദ്രനെ രോഷാകുല

നാക്കി. ജയചന്ദ്രന്റെ സൈന്യം പൃഥ്വീരാജനെ പിൻതുടൎന്നുവെങ്കിലും അവർ പരാജയപ്പെട്ടു. ഡൽഹിയിൽ വച്ചു രാജോചിതമാം വിധം പൃഥ്വീരാജൻ സംയുക്തയുമായുള്ള വിവാഹം ആഘോഷിച്ചു.

കോപാകുലനായ ജയചന്ദ്രൻ പൃഥ്വീരാജനെ ഒരു പാഠം പഠിപ്പിക്കണമെന്നു തീരുമാനിച്ചു. തറയിൻ യുദ്ധത്തിൽ രജപുത്രർ തോല്പിച്ച മുഹമ്മദുഗോറിയെ ക്ഷണിച്ചുവരുത്തി പൃഥ്വീരാജനോടു യുദ്ധം ചെയ്യുവാൻ ജയചന്ദ്രൻ വേണ്ട ഏൎപ്പാടുകൾ ചെയ്തു. പൃഥ്വീരാജനെ സഹായിക്കുവാൻ മററു രജപുത്രർ ചെല്ലുകയില്ലെന്നു ജയചന്ദ്രൻ ഗോറിയെ ധരിപ്പിച്ചു.

ഗോറി വീണ്ടും യുദ്ധത്തിനൊരുങ്ങി. ഈ പ്രാവശ്യവും പൃഥ്വീരാജൻ രജപുത്രരാജാക്കന്മാരെ യുദ്ധത്തിനു ആഹ്വാനം ചെയ്തു. പക്ഷേ എല്ലാവരും അതിനു സന്നദ്ധരായില്ല. ധൈൎയ്യം വെടിയാതെ പൃഥ്വീരാജൻ പോർക്കളത്തിലേയ്ക്കു തിരിച്ചു. സംയുക്ത ഭൎത്താവിനെ കവചവും വാളും ധരിപ്പിച്ചു് വിജയതിലകം ചാൎത്തി സസന്തോഷം പടക്കളത്തിലേക്കു യാത്രയാക്കി.

ഇൻഡ്യയിൽ തുൎക്കി സാമ്രാജ്യം സ്ഥാപിക്കണമെന്നാഗ്രഹിച്ചിരുന്ന ഗോറി യുദ്ധത്തിനു പുറപ്പെട്ടു. ജയചന്ദ്രനും കൂട്ടരും ഗോറിയെ സഹായിച്ചു. തറൈൻ പോൎക്കളത്തിൽ വച്ചു് ഗോറിയുടേയും പൃഥ്വീരാജന്റേയും സൈന്യങ്ങൾ തമ്മിൽ രണ്ടാമതും യുദ്ധമുണ്ടാവുകയും പൃഥ്വീരാജൻ കൊല്ലപ്പെടുകയും ചെയ്തു. ഈ വാൎത്തയറിഞ്ഞ സംയുക്ത അഗ്നിപ്രവേശം ചെയ്തു. ഗോറി ഡൽഹിയും ആജ്മീറും കൈവശപ്പെടുത്തി. അതിനുശേഷം മിത്രമായിരുന്ന ജയചന്ദ്രന്റെ രാജ്യം ആക്രമിക്കുകയും ജയചന്ദ്രനെ വധിക്കുകയും ചെയ്തു. ക്രമേണ ഉത്തര ഇൻഡ്യയിലെ രജപുത്രരാജാക്കന്മാർ ഗോറിക്കു കീഴടങ്ങിത്തുടങ്ങി. ഈ രാജ്യങ്ങൾ ഭരിക്കുന്നതിനു് തന്റെ അടിമയും സേനാനായകനുമായ കുട്ബുദ്ദീൻ ഐബക്കിനെ ഭരമേല്പിച്ചിട്ടു് ഗോറി സ്വദേശത്തേയ്ക്കു മടങ്ങി. കുട്ബുദ്ദീൻ സ്ഥാപിച്ച വംശമാണു് അടിമ വംശം.

### കലയും സംസ്കാരവും

പത്തും പന്ത്രണ്ടും ശതാബ്ദങ്ങൾക്കുള്ളിൽ സ്ഥാപിക്കപ്പെട്ട 'ഖജൂറാവോ' ക്ഷേത്രം വളരെ മനോഹരമായ ശില്പവേലകൾ

നിറഞ്ഞതാണ്. ഉയൻ നില്ക്കുന്ന ഒരു വലിയ ഗോപുരത്തിനു ചുററും ചെറിയ ചെറിയ ഗോപുരങ്ങൾ നില്ക്കുന്നവിധമാണ് ഇതിന്റെ നിർമ്മാണം. അതുപോലെ തന്നെ രജപുത്രരീതിയിലുള്ള ഒരു കലാരൂപമാണ് മൗണ്ട് അബുവിലെ ജൈനക്ഷേത്രം. ഒറീസ്സയിൽ ഭുവനേശ്വരത്തിലെ ലിംഗരാജക്ഷേത്രവും കൊണാർക്കിലെ സൂര്യക്ഷേത്രവും രജപുത്രന്മാർ നിർമ്മിച്ചതാണ്.

രജപുത്രന്മാർ ഫ്രെസ്കോരീതിയിൽ ചുവരിലും തറയിലും ചിത്രമെഴുതിയിരുന്നു. ചുവരുകളിൽ വെങ്കളി (കുമ്മായക്കൂട്ട്) തേച്ച് അതു ഉണങ്ങുന്നതിനുമുമ്പ് ചിത്രമെഴുതി പിടിപ്പിക്കുന്ന രീതിയാണ് ഫ്രെസ്കോ. രജപുത്ര സംസ്കാരകേന്ദ്രങ്ങളിൽ വിശേഷിച്ചും ജയപ്പൂരിൽ ഇത്തരം ചിത്രങ്ങൾ ധാരാളമുണ്ട്.

എട്ടാംശതകത്തിൽ ജീവിച്ചിരുന്ന ശങ്കരാചാര്യർ ഹിമാലയം തൊട്ട കന്യാകുമാരിവരെ സഞ്ചരിച്ച കേരളീയ സന്യാസിയാണ്. അദ്ദേഹത്തിന്റെ മതപ്രവർത്തനങ്ങളാണ് ഹിന്ദുമതത്തെ വീണ്ടും ശക്തിപ്പെടുത്തിയതു്. അദ്ദേഹം ഭാരതത്തിന്റെ നാലുഭാഗങ്ങളിൽ—ബദരി, പുരി, ദ്വാരക, ശൃംഗേരി എന്നീസ്ഥലങ്ങളിലായി നാലു മഠങ്ങൾ ഏർപ്പെടുത്തി. ഇതു് ഹിന്ദുമതത്തിന്റെ കെട്ടുറപ്പിനു സഹായകമായി. ഹിന്ദുമതതത്വങ്ങൾ പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം ഈ മഠങ്ങളെ സന്യാസിമാരുടെ ഒരു സങ്കേതമാക്കി മാററി. ബുദ്ധമതകേന്ദ്രങ്ങളായിരുന്ന നളന്ദ മുതലായ സർവ്വകലാശാലകൾ പോലും ഹിന്ദുമതകേന്ദ്രങ്ങളായി മാറി. ബുദ്ധമതവും ഹിന്ദുമതവും തമ്മിൽ തത്വങ്ങളിൽ ഉണ്ടായിരുന്ന വ്യത്യാസം ശ്രീശങ്കരൻ ഇല്ലാതാക്കി. എല്ലാ മതപണ്ഡിതന്മാരേയും ശങ്കരാചാര്യർ വാദപ്രതിവാദത്തിൽ തോല്പിച്ചു. എല്ലാവരും അദ്ദേഹത്തിന്റെ അഭിപ്രായം സ്വീകരിച്ചതോടു കൂടി ഹിന്ദുമതത്തിൽ നിന്നു വ്യത്യാസപ്പെട്ട ബുദ്ധമതം എന്നൊന്നു് ഭാരതത്തിൽ ഇല്ലാതായി. പുരിയിലെ ജഗന്നാഥക്ഷേത്രം മുമ്പ് ഒരുബുദ്ധവിഹാരമായിരുന്നു. പിന്നീട് അതൊരു ഹിന്ദുക്ഷേത്രമായി മാറി. പത്താം നൂററാണ്ടിന്റെ അവസാനത്തോടുകൂടി ബുദ്ധമതം ക്ഷയിക്കുകയും ഹിന്ദുമതം ശക്തി വീണ്ടെടുക്കുകയും ചെയ്തു.

### പ്രായോഗിക പ്രവർത്തനങ്ങൾ

1. സംയുക്താറാണിയുടെ കഥ അഭിനയിക്കുക.
2. രജപുത്രന്മാരുടെ വീരകഥകൾ ശേഖരിച്ച് വായിക്കുക.
3. രജപുത്രകൊട്ടാരങ്ങൾ, ക്ഷേത്രങ്ങൾ ഇവയുടെ ചിത്രങ്ങൾ ശേഖരിച്ച് വിവരണക്കുറിപ്പുകൾ തയ്യാറാക്കുകയും ആൽബത്തിൽ സൂക്ഷിക്കുകയും ചെയ്യുക.

---

# അദ്ധ്യായം 8

## യൂണിററ് VII

### തുർക്കിസുൽത്താന്മാരുടെ ഭരണകാലം

1. **ഇസ്ലാമിൻെറ ഉദയം:**— അറേബ്യയുടെ തലസ്ഥാനമായ മെക്കാനഗരം A. D. 6–ാംനൂററാണ്ടിൽ ഖുറൈഷിവംശക്കാരുടെ ഭരണത്തിലായിരുന്നു. മെക്കായിൽ ക–ആബാ എന്നൊരു ക്ഷേത്രമുണ്ടായിരുന്നു. അനേകം ദേവന്മാരുടേയും ദേവിമാരുടേയും വിഗ്രഹങ്ങൾ അവിടെ പ്രതിഷ്ഠിച്ച് അറബികൾ ആരാധന നടത്തിവന്നു. ജന്തുക്കളെ മാത്രമല്ല മനുഷ്യരെക്കൂടി ആ ക്ഷേത്രത്തിൽ ബലികഴിക്കുക പതിവായിരുന്നു.

ആറാംനൂററാണ്ടിൽ ഖുറൈഷിവംശത്തിലെ പ്രഭുവായിരുന്ന അബ്ദുല്ല. A.D. 670–ൽ അദ്ദേഹത്തിന് ഒരു പുത്രൻ ജനിച്ചു. ആ കുട്ടിക്ക് മുഹമ്മദ് എന്നായിരുന്നു പേര്. മുഹമ്മദു ജനിക്കുന്നതിനു മുമ്പ് തന്നെ അച്ഛൻ മരിച്ചു. മുഹമ്മദിൻെറ ആറാമത്തെ വയസ്സിൽ മാതാവായ അമീനയും മരിച്ചു. മുഹമ്മദ് തൻെറ അച്ഛൻെറ സഹോദരനായ അബൂതാലിബിൻെറ സംരക്ഷണയിലാണു വളൎന്നതു്.

ബാല്യം മുതൽ തന്നെ മുഹമ്മദ് ചിന്താശീലനായി കാണപ്പെട്ടു. അബൂത്താലിബിന്റെ കന്നുകാലികളെ മേയ്ക്കുന്ന തന്റെ സാധാരണജോലികൾക്കിടയിൽ മുഹമ്മദ് ധ്യാനത്തിൽ മുഴുകും. രാത്രികാലങ്ങളിൽ നക്ഷത്രങ്ങളെ നോക്കി നില്ക്കും. ഇങ്ങനെ അദ്ദേഹം കഴിഞ്ഞുവന്നു. സ്നേഹം, കരുണ, ദീനാനുകമ്പ, വിശുദ്ധി മുതലായ സദ്ഗുണങ്ങൾ അദ്ദേഹത്തിൽ വിളങ്ങിയിരുന്നു. ദുർമ്മാർഗ്ഗത്തിൽ ജീവിക്കുന്നവരെ സന്മാർഗ്ഗത്തിലേയ്ക്കു നയിയ്ക്കുവാനുള്ള ഉപായങ്ങളെപ്പററിയായിരുന്നു അദ്ദേഹത്തിന്റെ ചിന്ത.

മുഹമ്മദിന് ഇരുപത്തിയഞ്ചു വയസ്സുള്ളപ്പോൾ അദ്ദേഹം ഖദീജാ എന്നൊരു ധനികയായ വിധവയെ വിവാഹം കഴിച്ചു. അന്നു മുതൽ കാലക്ഷേപത്തിനുവേണ്ടി കഷ്ടപ്പെടേണ്ടിവന്നില്ല. അദ്ദേഹം എപ്പോഴും ചിന്തിച്ചും ധ്യാനിച്ചും കഴിഞ്ഞുകൂടി.

**ഇസ്ലാംമത പ്രവചനം.**— മെക്കായ്ക്കടുത്തുള്ള ഒരു ഗുഹയിൽ വളരെനാൾ മുഹമ്മദ് ഏകാന്തമായിരുന്നു ധ്യാനം നടത്തി. ഒരു ദിവസം ഒരു വലിയ ശബ്ദംകേട്ട് ധ്യാനത്തിൽ നിന്നുണൎന്നു. "ഉൽഘോഷിക്കുക" എന്ന് അദ്ദേഹത്തോട് ആരോ പറഞ്ഞതായി തോന്നി. മൂന്നു പ്രാവശ്യം ആ ശബ്ദം കേട്ടു. "എന്തു പറഞ്ഞാണ് ഞാൻ ഉൽഘോഷിക്കേണ്ടതു്?" എന്നു മുഹമ്മദു ചോദിച്ചു. "ഈശ്വരനാമത്തിൽ ഉൽഘോഷിക്കുക" എന്ന് അദ്ദേഹത്തിനു വ്യക്തമായ മറുപടി കിട്ടി.

സമാധിയിൽ നിന്നെഴുന്നേററു് മുഹമ്മദു വീട്ടിൽ ചെന്നു് വിവരങ്ങൾ ഖദീജയെ ധരിപ്പിച്ചു. ദൈവം മുഹമ്മദിനെ തന്റെ പ്രവാചകനായി നിയോഗിച്ചിരിക്കുകയാണെന്നും അതിനാൽ ആനന്ദിക്കേണ്ടതാണെന്നും ഖദീജ പറഞ്ഞു. അന്നു് അദ്ദേഹത്തിനു നാല്പതു വയസ്സു പ്രായമുണ്ടായിരുന്നു. അന്നുമുതൽ മുഹമ്മദ് 'നബി' അഥവാ പ്രവാചകൻ എന്നറിയപ്പെട്ടു. അദ്ദേഹം പ്രഖ്യാപനം ചെയ്തു മതത്തെ "ഇസ്ലാം" എന്നു പറയുന്നു. ആരാധനയ്ക്കു് അർഹനായി സാക്ഷാൽ ദൈവം മാത്രമേ ഉള്ളൂ. അതു് അള്ളായാണ്. ദൈവത്താൽ നിയോഗിക്കപ്പെട്ട പ്രവാചകനാണു് താൻ. ഈ തത്വമാണ് അദ്ദേഹം പ്രഖ്യാപിച്ചതു്. ഇസ്ലാംമതം സ്വീകരിച്ചവരെ മുസ്ലീങ്ങൾ എന്നു പറഞ്ഞു വരുന്നു.

ഇസ്ലാംമതം സ്വീകരിച്ച ആദ്യത്തെ ആൾ ഖദീജയാണ്. പിന്നീട് മുഹമ്മദിന്റെ പിതൃസഹോദരപുത്രൻ അലിയും, അബൂബക്കർ എന്ന ഒരു പ്രമാണിയും ഇസ്ലാംമതത്തിൽ ചേന്നു. തുടന്ന് മുഹമ്മദ് പരസ്യമായി മതപ്രചരണം തുടങ്ങി. "ദൈവം ഒന്നേയുള്ളു. അവനെ മാത്രമേ ആരാധിക്കാവൂ. മനുഷ്യരെല്ലാം ദൈവത്തിന്റെ കണ്ണിൽ തുല്യരും സഹോദരങ്ങളുമാണ്. മാതാപിതാക്കന്മാരെയും സ്ത്രീകളെയും ബഹുമാനിക്കണം. പാതിവ്രത്യം സദാ പാലിക്കണം. ദാനധമ്മം ചെയ്യണം" എന്നെല്ലാം അദ്ദേഹം പഠിപ്പിച്ചു. വിഗ്രഹാരാധന, മൃഗബലി, മദ്യപാനം തുടങ്ങിയവയെ അദ്ദേഹം ശക്തിയായി എതിൎത്തു.

## മെക്കയിൽ നിന്നും മെദീനയിലേയ്ക്കു

മുഹമ്മദിന്റെ പുതിയ ഉപദേശം മൂലം ക-ആബായിലെ വരുമാനം ക്ഷേത്രഭാരവാഹികൾ മനസ്സിലാക്കി. അവരുടെ പ്രാമാണ്യവും കുറയുമെന്നു ശങ്കിച്ചു. നബി ഒരു ഭ്രാന്തനാണെന്നും മതവിദ്വേഷിയാണെന്നും അവർ പറഞ്ഞു പരത്തി. മുഹമ്മദിനേയും ഇസ്ലാം വിശ്വാസികളേയും പല വിധത്തിൽ ശല്യപ്പെടുത്തി. ആയിടെ അബൂതാലിയും ഖദീജയും മരിച്ചു. നബി മെക്കയിൽ നിന്നു പോകാൻ നിർബന്ധിതനായി.

മെദീന എന്ന സ്ഥലത്തു് അനേകം ആളുകൾ ഈ സമയം കൊണ്ടു് ഇസ്ലാംമതം സ്വീകരിച്ചിരുന്നു. അതിനാൽ മുഹമ്മദ് നബി അവിടേയ്ക്കു പോകുവാൻ തീർച്ചയാക്കി. അദ്ദേഹം പോകുന്നതിനു മുമ്പ് ഉറക്കറയിൽ വച്ചു് ശത്രുക്കൾ അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചു. അലിയുടെ സഹായത്തോടുകൂടി അദ്ദേഹം അവിടെ നിന്നു രക്ഷപ്പെട്ടു. ശത്രുക്കൾ പിൻതുടൎന്നെങ്കിലും മൂന്നു ദിവസത്തെ വിഷമം നിറഞ്ഞ യാത്രയ്ക്കുശേഷം മെദീനയിലെത്തി. ഈ പ്രയാണത്തെ 'ഹിജ്റാ' എന്നു പറയുന്നു. A. D. 662-ൽ ആണ് ഈ സംഭവം ഉണ്ടായതു്

നബി മെദീനയിൽ എത്തിയ ശേഷം ബാക്കികാലം അവിടെത്തന്നെ കഴിച്ചുകൂട്ടി. ഖുറൈഷികൾ അവിടെയും അദ്ദേഹത്തെ ഉപദ്രവിച്ചതിനാൽ അവരോടു യുദ്ധം ചെയ്യേണ്ടതായി വന്നു.

A. D. 630–ൽ മെക്കാ പിടിച്ചടക്കി. അതോടുകൂടി ക–ആബാ യിലെ വിഗ്രഹങ്ങൾ മാററുകയും ഖുറൈഷികൾ ഇസ്ലാമതം സ്വീ കരിക്കുകയും ചെയ്തു. രണ്ടുകൊല്ലം കഴിഞ്ഞു് 62–ാമത്തെ വയ സ്സിൽ നബി ഇഹലോകവാസം വെടിഞ്ഞു. അതിനുശേഷം മുസ്ലീ ങ്ങൾ അബൂബക്കറെ ഖലീഫാ (നബിയുടെ പിൻവാഴ്ച്ചക്കാരൻ) ആയി വാഴിച്ചു.

മതപ്രചരണത്തിനുവേണ്ടി അബൂബക്കർ പുറപ്പെട്ടു. നബിയുടെ ദിവ്യമായ അരുളപ്പാടുകൾ അടങ്ങിയ മതഗ്രന്ഥമാണു് ഖുർ–ആൻ. ഒരു കൊല്ലം കൊണ്ടു് അറേബ്യ മുഴുവൻ അബൂബേക്കർ ഇസ്ലാം മതം വ്യാപിപ്പിച്ചു. സിറിയാ, പാലസ്തീൻ, ഈജിപ്ത്, പേഷ്യാ, ടർക്കി, അഫ്ഗാനിസ്ഥാൻ, ബലൂചിസ്ഥാൻ എന്നീ പ്രദേശങ്ങളും അതിനടുത്തുള്ള പ്രദേശങ്ങളും മുസ്ലീം രാജ്യങ്ങളായിത്തീൎന്നു. അതിനുശേഷം മുസ്ലീങ്ങൾ ഇൻഡ്യയെയും ആക്രമിച്ചു.

## അറബികളുടെ സിൻഡാക്രമണം

ഇൻഡ്യയെ ആക്രമിച്ച മുസ്ലീങ്ങൾ അറബികളായിരുന്നു. അറബിരാജ്യമായ ഇറാക്കിൻെറ തലസ്ഥാനം ബാഗ്ദാദു നഗര മായിരുന്നു. സാമ്രാജ്യത്തിൻെറ ഭരണത്തലവനു് ഖലീഫ് എന്നാ യിരുന്നു സ്ഥാനപ്പേരു്.

എട്ടാം ശതകത്തിൻെറ ആദ്യഘട്ടത്തിൽ സിൻഡ് ഭരിച്ചിരു ന്നതു് ദാഹിർ എന്നൊരു ഹിന്ദുരാജാവായിരുന്നു. സിൻഡിനടുത്തു വച്ചു് ഏതാനും കടൽക്കള്ളന്മാർ കുറേ കപ്പലുകൾ കവർച്ച ചെയ്തു. ഈ കപ്പലുകളിൽ ഖലീഫയ്ക്കു സിലോണിലെ രാജാവു് പാരിതോഷികങ്ങൾ അയച്ചിരുന്നു. ഇറാക്കിലെ ഗവർണ്ണർ ഒരു സംഘം നാവികരെ അയയ്ക്കുകയും അവർ നിശ്ശേഷം പരാജി തരാകുകയും പടനായകൻ കൊല്ലപ്പെടുകയും ചെയ്തു. വീണ്ടും അറബികൾ മുഹമ്മദുബിൻ കാസിം എന്നൊരു ചെറുപ്പക്കാരനായ സേനാനായകൻെറ നേതൃത്വത്തിൽ സിൻഡ് ആക്രമിച്ചു വിജയം നേടി. തുടൎന്നു് അദ്ദേഹം സിൻഡിൻെറ വടക്കേ ഭാഗത്തേയ്ക്കു നീങ്ങി മുൾട്ടാൻ വരെ എത്തുകയും അവിടം വരെയുള്ള പ്രദേശ ങ്ങൾ കീഴടക്കുകയും ചെയ്തു. ഏറെത്താമസിയാതെ മുഹമ്മദു് ബിൻകാസിം വധിക്കപ്പെട്ടു.

അതിനുശേഷം ഖലീഫയുടേയോ ഗവർണ്ണരുടേയോ ശ്രദ്ധ സിൻഡിൽ പതിഞ്ഞില്ല. അവിടെ ഏതാനും മുസ്ലീം ഭരണ കർത്താക്കൾ സ്വതന്ത്രമായി ഭരണം നടത്തി. ഇങ്ങനെ ഖലീഫാ മാരുടെ അധീനതയിൽ നിന്നു ഒററപ്പെട്ട് സിൻഡ് അറബി കളുടെ കീഴിൽ ഒരു സംസ്ഥാനമായിത്തീർന്നു.

## തുർക്കികളുടെ ആക്രമണം

കാബൂളിൽ നിന്ന് ഉദ്ദേശം 70 മൈൽ തെക്ക പടിഞ്ഞാററായി കിടക്കുന്ന ഗസ്നിനഗരം അഫ്ഗാനിസ്ഥാനിൻെറ തലസ്ഥാനമായി രുന്നു. A. D. 998-ൽ ഗസ്നിയിലെ മുഹമ്മദ് സുൽത്താനായി. ബാഗ്ദാദിലെ ഖലീഫ അദ്ദേഹത്തെ സ്വതന്ത്ര്യരാജാവായി അംഗീ കരിച്ചു. ഈ സുൽത്താൻ പതിനേഴ പ്രാവശ്യം ഇൻഡ്യയെ ആക്രമിച്ചു.

ഇൻഡ്യയെ കൊള്ളചെയ്തു കിട്ടുന്നിടത്തോളം ധനം ഗസ്നി യിലേയ്ക്കു കൊണ്ടുപോകണമെന്നായിരുന്നു മുഹമ്മദിൻ്റെ ആഗ്രഹം. അദ്ദേഹത്തിൻെറ സൈന്യത്തിലെ തുർക്കിഭടന്മാർ നല്ല യോദ്ധാക്ക ളായിരുന്നു. നദികൾ നീന്തിക്കടന്നും ഘോരവനങ്ങളിൽ കൂടെ സഞ്ചരിച്ചും മഞ്ഞുമൂടിയ പ്രദേശങ്ങളിലൂടെ നിരങ്ങിയും ചുട്ടുപഴുത്ത മണലാരണ്യങ്ങളിലൂടെ യാത്രചെയ്തും തുർക്കികൾ കൊള്ള നടത്തി ക്കൊണ്ടിരുന്നു. അവർ സമർത്ഥരായ വില്ലാളികളിയിരുന്നു. മുഹമ്മദ് പല ഹിന്ദുരാജാക്കന്മാരെയും തോല്പിക്കുകയും ക്ഷേത്രങ്ങൾ നശിപ്പിക്കുകയും, ഭണ്ഡാരങ്ങൾ കൊള്ളയടിക്കുകയും ധാരാളം സ്വർണ്ണവും രത്നവും കൈക്കലാക്കുകയും ചെയ്തു. ഓരോ ആക്രമണ വും കഴിഞ്ഞു് കിട്ടിയ കൊള്ള മുതലുമായി അദ്ദേഹം ഗസ്നിയിലേയ്ക്കു മടങ്ങുക പതിവായിരുന്നു.

അറബിക്കടലിൻെറ തീരത്തു സ്ഥിതിചെയ്യുന്ന കത്തിയവാർ എന്നസ്ഥലത്താണ് സുപ്രസിദ്ധ സോമനാഥ ക്ഷേത്രം. ആ ക്ഷേത്ര ത്തിൽ ധാരാളം സമ്പത്തുണ്ടായിരുന്നു. സിൻഡ്-രജപുതാണാ മരുഭൂമിയിലൂടെ എഴുന്നൂറു മൈലോളം സഞ്ചരിച്ച് മുഹമ്മദ് അവിടെ എത്തി. ദാഹവും ക്ഷീണവും കൊണ്ടു ഭടന്മാരിൽ പലരും വഴിയിൽ വച്ചുതന്നെ മൃതിയടഞ്ഞു. അതൊന്നും കൂട്ടാക്കാതെ മുഹമ്മദ് യാത്രതുടൎന്നു. ക്ഷേത്രാവക സ്വർണ്ണവും രത്നങ്ങളുമെല്ലാം

കൊള്ളയടിച്ചു. കൊണ്ടുപോകാൻ കഴിയാത്ത സ്വത്തുക്കളെല്ലാം നശിപ്പിച്ചു. ക്ഷേത്രത്തിന്റെ അത്യുന്നതമായ ഗോപുരവാതിലു കൾ കൊണ്ട് അദ്ദേഹം തന്റെ കൊട്ടാരത്തിന് വാതിലുണ്ടാക്കി.

കൊള്ളയടിച്ച സമ്പത്തിൽ ഏറിയ പങ്കം ഗസ്നിയിൽ ഒരു സർവ്വകലാശാല ഉണ്ടാക്കാൻ മുഹമ്മദ ചെലവാക്കി. സുപ്ര സിദ്ധ പേർഷ്യൻ കവിയായ ഫിർദൗസിയും മഹാപണ്ഡിതനായ അൽബറൂണിയും കുറെക്കാലം മുഹമ്മദിന്റെ കൊട്ടാരത്തിൽ വസിച്ചിരുന്നു.

**ദില്ലിസുൽത്താന്മാർ**:—ഗസ്നിയിലെ മുഹമ്മദ് ഇൻഡ്യയെ പല പ്രാവശ്യം ആക്രമിച്ചു. സമ്പത്തെല്ലാം കൊണ്ടുപോയെങ്കിലും ഇൻഡ്യൻ രാജാക്കന്മാർ തങ്ങളുടെ കിടമത്സരം തുടൎന്നുകൊണ്ടി രുന്നു. തന്മൂലം രാജ്യം ക്രമേണ കൂടുതൽ ദുർബലമായി. അങ്ങ നെയിരിക്കുമ്പോഴാണ് അഫ്ഗാനിസ്ഥാനിലെ മുഹമ്മദുഗോറി ഇൻഡ്യയെ ആക്രമിച്ചത്.

മുഹമ്മദുഗോറി രജപുത്രന്മാരിൽ നിന്ന് ദില്ലിസിംഹാസനം പിടിച്ചടക്കിയശേഷം അഫ്ഗാനിസ്ഥാനിലേയ്ക്കു മടങ്ങി. അദ്ദേ ഹത്തിനു കുത്ത്ബുദീൻ ഐബക്ക് എന്ന അതിസമൎത്ഥനായ ഒരു അടിമയുണ്ടായിരുന്നു. അയാളെ ദില്ലിയിൽ തന്റെ പ്രതിപുരുഷ നായി ഗോറി നിയമിച്ചു. കാൎയ്യശേഷിയുള്ളവരായ അടിമകളെ ഉത്തരവാദപ്പെട്ട ജോലികൾക്കു നിയമിക്കുന്നത് അക്കാലത്ത് മുസ്ലീം രാജ്യങ്ങളിൽ പതിവായിരുന്നു. അങ്ങനെയാണ് കുത്ത്ബു ദീനെ ഗോറി നിയമിച്ചത്. കുത്ത്ബുദീൻ പല രാജ്യങ്ങളും പിടിച്ചടക്കി. മുഹമ്മദുഗോറി മരിച്ചശേഷം അദ്ദേഹം ദില്ലിയിലെ സുൽത്താനായി. കുത്ത്ബുദീൻ ഇൻഡ്യയിലെ ആദ്യത്തെ സുൽ ത്താനായിരുന്നു. അദ്ദേഹത്തിനു ശേഷം അറുനൂറുവൎഷം മുസ്ലീങ്ങ ളാണ് ദില്ലി ഭരിച്ചത്.

കുത്ത്ബുദീനു ശേഷം അൽത്തമിഷ് സുൽത്താനായി. കുത്ത് ബുദീന്റെ കാലത്താരംഭിച്ച ദില്ലിയിലെ കുത്തബ്മിനാറിന്റെ പണി പൂൎത്തിയാക്കിയതു് അൽത്തമിഷാണ്. തന്റെ പ്രധാന ഉദ്യോഗസ്ഥന്മാരായ നാല്പതു് അടിമകളുടെ സഹായത്തോടെയാണ് അൽത്തമിഷ് രാജ്യം ഭരിച്ചത്. കുത്ത്ബുദീനും തുടൎന്നുള്ള രാജാക്ക

ന്മാരും ഒരു കാലത്തു് അടിമകളായിരുന്നതുകൊണ്ടു് ദില്ലിയിലെ ആദ്യത്തെ സുൽത്താന്മാരുടെ വംശത്തിനു് അടിമവംശം എന്നു പറയുന്നു.

അൽത്തുമിഷിന്റെ പുത്രന്മാർ രാജ്യഭരണത്തിൽ പ്രാപ്തരല്ലാ യിരുന്നു. അതിനാൽ പുത്രിയായ റിസിയായെ അൽത്തുമിഷ് സുൽത്താനയാക്കി. റിസിയായുടെ ഭരണം വളരെക്കാലം നീണ്ടു നിന്നില്ല. പടത്തലവന്മാരുടേയും മററുദ്യോഗസ്ഥന്മാരുടേയും സഹ കരണം അവൾക്കു ലഭിച്ചിരുന്നില്ല. അവർ വധിക്കപ്പെട്ടു. പിന്നീടു റിസിയായുടെ രണ്ടു സഹോദരന്മാർ ഭരണംനടത്തി. അവരും കൊല്ല പ്പെട്ടു. ഏ. ഡി. 1246-ൽ അൽത്തുമിഷിന്റെ മൂന്നാമത്തെ പുത്രൻ നാസ്സറുദ്ദീൻ സുൽത്താനായി. അദ്ദേഹത്തിനു ഭരണശേഷി ഉണ്ടായിരുന്നില്ല. സൗമ്യനും ഈശ്വരഭക്തനുമായിരുന്ന അദ്ദേ ഹത്തിനു് ഗിയാസ്സുദ്ദീൻ ബാൽബനെന്ന സമർത്ഥനായ ഒരടിമയുടെ വിശ്വസ്ഥസേവനം ലഭിച്ചു. നാസ്സറുദ്ദീൻ ഭരണം ബാൽബനെ ഏല്പിച്ചിട്ടു് സൈ്വരമായി ജീവിതം കഴിച്ചു.

**ബാൽബൻ**.— ബാൽബൻ മംഗോളിയരുടെ ഇൻഡ്യാ ആക്രമണത്തെ പലപ്രാവശ്യം എതിർത്തു് അവരെ തുരത്തി ദില്ലിയും അതിർത്തി പ്രദേശങ്ങളും സുരക്ഷിതമാക്കാൻ കോട്ടകൾ കെട്ടി. ഒരു വലിയ സൈന്യത്തെ അവിടെ പാർപ്പിക്കുകയുംചെയ്തു.

ബാൽബന്റെ ഭരണകാലത്തു് ഹിന്ദുക്കൾ പലപ്പോഴും ലഹള യുണ്ടാക്കി. അദ്ദേഹം അവരെ അടിച്ചമർത്തി. ഹിന്ദുക്കളെ ശത്രു ക്കളായി കരുതുകയാൽ അവരെ ഉത്തരവാദപ്പെട്ട ഉദ്യോഗങ്ങളിൽ നിയമിച്ചിരുന്നില്ല.

A.D. 1266-ൽ നാസ്സറുദ്ദീൻ മരിച്ചപ്പോൾ ബാൽബൻ സുൽത്താനായി. അന്നു് നാട്ടിനകത്തും പുറത്തുമുണ്ടായിരുന്ന ശത്രു ക്കളെ ക്രൂരമായി അടിച്ചമർത്തി. സ്വന്തസാമ്രാജ്യം സുരക്ഷിത മാക്കാൻ അദ്ദേഹം പരമാവധി പ്രയത്നിച്ചു. അക്കാലത്തു ദില്ലിക്കു ചുററും കൊള്ളക്കാരുടെ സങ്കേതങ്ങളുണ്ടായിരുന്നു. അദ്ദേഹം അവരെ അമർച്ചചെയ്തു. ബംഗാളിലെ ഗവർണ്ണർ അദ്ദേഹത്തെ ധിക്ക രിച്ചു സ്വതന്ത്രനാകുവാൻ ശ്രമിച്ചു. ബാൽബൻ അദ്ദേഹത്തേയും അനുയായികളേയും മുഴുവൻ കൊന്നൊടുക്കി. തന്റെ മകനെ

ബംഗാൾ ഗവൺറായി നിയമിച്ചു. A.D. 1268–ൽ ബാൽബൻ മരിച്ചു. അദ്ദേഹത്തെപ്പോലെ ശക്തനായ മറെറാരു രാജാവു് അടിമ വംശത്തിൽ ഉണ്ടായിരുന്നില്ല.

**അലാവുദീൻ കിൽജി:—** അടിമ വംശത്തിലെ അവസാനത്തെ സുൽത്താനെ കൊന്നശേഷം കിൽജി വംശത്തിൽപ്പെട്ട ജലാലുദീൻ 1290–ൽ രാജ്യഭാരമേററു. ജലാലുദീനു വിപ്ലവങ്ങളെ നേരിടേണ്ടി വന്നു. മംഗോളിയർ തുടന്നു് ആക്രമണം നടത്തി. അനന്തിരവനായ അലാവുദീൻ ഭരണ കാര്യങ്ങളിൽ ജലാലുദീനെ സഹായിച്ചു വന്നിരുന്നു. മററു രാജ്യങ്ങൾ പിടിച്ചടക്കുന്നതിനു അലാവുദീൻ താത്പര്യം കാണിച്ചു. സുൽത്താന്റെ അനുമതിയോടു കൂടി അദ്ദേഹം മാളവം ആക്രമിച്ചു് ധാരാളം സ്വർണ്ണവും രത്നവും സുൽത്താനു കാഴ്ചവച്ചതിനാൽ സുൽത്താനിൽ നിന്നു പദവികൾ ലഭിച്ചു. അലാവുദീൻ ജലാലുദീനെ വധിച്ചു് ദില്ലിസുൽത്താനായി.

അലാവുദീൻ രാജ്യഭാരമേററപ്പോൾ തന്നെ എതിക്കുമെന്നു സംശയം തോന്നിയവക്കു ധാരാളം സ്വർണ്ണം കൈക്കൂലി കൊടുത്തു. കൈക്കൂലി വാങ്ങിക്കൊണ്ടു അദ്ദേഹത്തെ സഹായിച്ചവരെയെല്ലാം അദ്ദേഹം കൊന്നൊടുക്കുകയും അവരുടെ വസ്തു വകകൾ കണ്ടുകെട്ടുകയും ചെയ്തു.

അലാവുദീൻ ദില്ലി ഭരിച്ചിരുന്ന കാലത്തു് ഇൻഡ്യയിലെ രജപുത്ര രാജ്യങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് മീവാർ ആയിരുന്നു. അവിടത്തെ റാണാ (രാജാവു്) ആയിരുന്ന ഭീമസിംഹനു് പത്മിനി എന്നു അതിസുന്ദരിയായ ഭാര്യയുണ്ടായിരുന്നു. അവരുടെ സൗന്ദര്യത്തെപ്പററി അലാവുദീൻ കേട്ടിരുന്നു. അദ്ദേഹം സുൽത്താൻ ആവുന്നതിനു മുമ്പു് ഒരിക്കൽ മീവാറിലെത്തി ചിററൂർ കോട്ട വളഞ്ഞു. പത്മിനിയെ ഒന്നു കാണ്മാൻ മാത്രം അനുവദിച്ചാൽ മടങ്ങിക്കൊള്ളാമെന്നു് അലാവുദീൻ ഭീമസിംഹനെ അറിയിച്ചു. യുദ്ധം ഒഴിവാക്കാമെന്നു കരുതി ഭീമസിംഹൻ അതിനു സമ്മതിച്ചു. പത്മിനിയുടെ രൂപം ഒരു കണ്ണാടിയിൽക്കൂടി പ്രതിബിംബിച്ചു കാണിച്ചു. അതിൽ തൃപ്തനായ അലാവുദീൻ മടങ്ങി. ഭീമസിംഹൻ അദ്ദേഹത്തെ കൂടാരം വരെ അനുഗമിച്ചു. അവിടെ വച്ചു് മുസ്ലീം പടയാളികൾ ഭീമസിംഹനെ തടവിലാക്കി. പത്മിനി അലാവുദീന്റെ

കൂടാരത്തിൽ ചെന്നാൽ മാത്രമേ റാണായെ വിട്ടയയ്ക്കുകയുള്ളൂ എന്നു് ചിററൂരിൽ അറിയിച്ചു.

രാജോചിതമാം വിധം പരിചാരകരോടു കൂടി പോകാൻ തയ്യാറാണെന്നും വഴിയിൽ പുരുഷന്മാരാരും കാണരുതെന്നും പത്മിനി പറഞ്ഞയച്ചു. സുൽത്താൻ സമ്മതിച്ചു. എഴുനൂറു മൂടിപ്പൊതിഞ്ഞ പല്ലക്കുകൾ അങ്ങോട്ടു നീങ്ങി. കൂടാരത്തിൽ എത്തിയ ഉടനേ ഭർത്താവിനെ തനിച്ചു കാണുവാൻ പത്മിനിയെ അനുവദിക്കണമെന്നു് ഒരു ദൂതൻ സുൽത്താനോടപേക്ഷിച്ചു. അനുവാദം കിട്ടിയ ഉടനേ ഒരു പല്ലക്കു് അവിടേയ്ക്കു നീങ്ങി. അതിൽ നിന്നിറങ്ങിയതു രജപുത്ര യോദ്ധാക്കളായിരുന്നു. അവർ ഭീമസിംഹനെ ഒരു വാളും പരിചയും ഏല്പിച്ചതോടുകൂടി രജപുത്രരെല്ലാം പല്ലക്കുകളിൽ നിന്നുപുറത്തുചാടി മുസ്ലീങ്ങളോടു യുദ്ധം ചെയ്തു. ധാരാളം മുസ്ലീങ്ങൾ മരിക്കുകയും ബാക്കിയുള്ളവർ ഓടിപ്പോകുകയും ചെയ്തു. ഭീമസിംഹനും ശേഷിച്ച രജപുത്രയോദ്ധാക്കളും ചിററൂരിലേക്കു മടങ്ങി.

പത്തു കൊല്ലങ്ങൾക്കു ശേഷം അലാവുദീൻ വീണ്ടും ചിററൂരാക്രമിച്ചു. രജപുത്രർ സുധീരം പോരാടി. കോട്ടയെ രക്ഷിക്കാൻ ശ്രമിച്ചു. അസാദ്ധ്യമെന്നു കണ്ടപ്പോൾ കോട്ടയ്ക്കുള്ളിൽ ഒരു ചിത കൂട്ടി രജപുത്രസ്ത്രീകൾ എല്ലാവരും ചിതയിൽ ചാടി ആത്മാഭിമാനം രക്ഷിച്ചു. അവരുടെ ചിതാഭസ്മം പോലും മുസ്ലീങ്ങൾ കാണാതിരിക്കത്തക്കവണ്ണം മറവു ചെയ്തശേഷം രജപുത്രർ എല്ലാവരും സുധീരംപോരാടി വീരചരമം പ്രാപിച്ചു എന്നൊരു കഥയുണ്ടു്.

അലാവുദീന്റെ സാമ്രാജ്യം ഉത്തരേൻഡ്യ മുഴുവൻ വ്യാപിച്ചു. അദ്ദേഹത്തിന്റെ സേനാനായകൻ മാലിക്‌കാഫർ തെക്കു് മധുര വരെയുള്ള സ്ഥലങ്ങളെ കീഴടക്കി. അന്നു് ആദ്യമായിട്ടാണു് തമിഴു് രാജ്യങ്ങളെ ഒരു മുസ്ലീം സൈന്യം ആക്രമിക്കുന്നതു്.

അലാവുദീന്റെ കാലത്തു് മംഗോളിയർ പലപ്രാവശ്യം ഇൻഡ്യയെ ആക്രമിച്ചു. അവരെ ഓരോതവണയും അദ്ദേഹം തോല്പിച്ചോടിച്ചു. സാമ്രാജ്യത്തിന്റെ രക്ഷയ്ക്കായി ഒരു വലിയ സൈന്യം ആവശ്യമായിവന്നു. സൈനികച്ചെലവിനു പണമുണ്ടാക്കാൻ അദ്ദേഹം നികുതികൾ ചുമത്തി. മുസ്ലീങ്ങൾക്കു നല്കിയി

രുന്ന അട്ടത്തുൺ നിവൃത്തൽ ചെയ്തു. സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും നാട്ടിൽ സമാധാനം നിലനിറുത്തുന്നതിനും വേണ്ട നിയമങ്ങൾ അദ്ദേഹം നിർമ്മിച്ചു. പ്രഭുക്കന്മാരുടെ സൽക്കാര സമ്മേളനങ്ങളും മദ്യപാനവും രാജദ്രോഹത്തിനു വഴി തെളിക്കുമെന്നു കരുതി അദ്ദേഹം തടഞ്ഞു.

അലാവുദീന് എഴുതാനും വായിക്കാനും കഷ്ടിച്ചേ അറിയാമായിരുന്നുള്ളു. എന്നാൽ അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ മഹാനായ ഒരു കവിയുണ്ടായിരുന്നു. അമീൻ ഖുസ്രോ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്.

നന്മയും തിന്മയും അലാവുദീന്റെ ജീവിതത്തിൽ ഇടകലർന്നിരുന്നു. അദ്ദേഹം ക്രൂരനും അതേസമയം നീതിനിഷ്ഠനുമായിരുന്നു.

## മുഹമ്മദുബിൻ തുഗ്ലക്ക്

അലാവുദീന്റെ മരണശേഷം കുറേക്കാലം കഴിഞ്ഞ് തുഗ്ലക്ക് വംശത്തിന് ദില്ലിയിലെ ഭരണാധികാരം ലഭിച്ചു. തുഗ്ലക്ക് വംശത്തിലെ ഗിയാസ്സുദ്ദീൻ എന്നൊരു സൈനികോദ്യോഗസ്ഥനാണ് ദില്ലി സിംഹാസനം പിടിച്ചെടുത്തത്. അദ്ദേഹത്തിനു ജൂണാൻ എന്നൊരു പുത്രനുണ്ടായിരുന്നു. തന്റെ പിതാവിന്റെ നിയോഗപ്രകാരം ഡക്കാൺ രാജ്യങ്ങളായ ബീദാറും വാറംഗലും ജൂണാൻ ആക്രമിച്ചു കീഴടക്കി. അതിനിടയ്ക്ക് ബംഗാൾ ഗവർണ്ണർ ഒരു കലാപമുണ്ടാക്കി. ഗിയാസ്സുദ്ദീൻ അവിടെ എത്തി ഗവർണ്ണറെ തോല്പിച്ചു തടവുകാരനാക്കി. അയാളെയുംകൊണ്ടു സുൽത്താൻ ദില്ലിയിലേയ്ക്ക് ഒരു ജൈത്രയാത്ര നടത്തി. സുൽത്താനെ സ്വീകരിക്കുവാൻ ജൂണാൻ ഒരു വലിയ സ്വീകരണപ്പന്തൽ തയ്യാറാക്കിയിരുന്നു. സ്വീകരണവേളയിൽ ആ പന്തൽ ഇടിഞ്ഞു വീണ് സുൽത്താൻ മരിച്ചു. ജൂണാൻ മുഹമ്മദുബിൻ തുഗ്ലക് എന്നപേരു സ്വീകരിച്ചുകൊണ്ട് ഏ. ഡി. 1325-ൽ സിംഹാസനസ്ഥനായി.

തന്റെ സാമ്രാജ്യത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ദേവഗിരിയിലേയ്ക്ക് തലസ്ഥാനം മാററാൻ അദ്ദേഹം തീരുമാനിച്ചു. ദില്ലിയിലുള്ള ആളുകൾ ആബാലവൃദ്ധം അവിടേയ്ക്കു പോകണമെന്ന് ചക്രവർത്തി കല്പന പുറപ്പെടുവിച്ചു. വളരെ ക്ലേശിച്ച്

അവിടെ എത്തിയപ്പോഴാം താമസത്തിനുള്ള സൗകര്യങ്ങൾ ഇല്ലെന്നു കണ്ടു. അതുകൊണ്ട് ഒരു വർഷം കഴിഞ്ഞപ്പോൾ എല്ലാവരും മടങ്ങിപ്പോകുവാൻ സുൽത്താൻ വേറൊരാജ്ഞ പുറപ്പെടുവിച്ചു.

പേർഷ്യയെ ആക്രമിക്കാൻ സുൽത്താൻ ഒരു വലിയ സൈന്യം സജ്ജമാക്കി. പിന്നീട് ആക്രമണം സാദ്ധ്യമല്ലെന്നു കണ്ട് ശമ്പളം മുഴുവൻ കൊടുക്കാതെ സൈന്യത്തെ പിരിച്ചുവിട്ടു. ഇതിൽ നിരാശരായ സൈനികർ രാജ്യത്തെങ്ങും കൊള്ളയും കൊലയും നടത്തി.

ഹിമാലയപ്രാന്തങ്ങളിലുള്ള രാജ്യങ്ങളെ ആക്രമിക്കുന്നതിനു് അദ്ദേഹം ഒരു സൈന്യത്തെ അയച്ചു. അതിൽ അധികം പേരും തണുപ്പുകൊണ്ടു മരിച്ചു. തിരിച്ചുവന്നവരെ സുൽത്താൻ ശിരച്ഛേദം ചെയ്തു.

തന്റെ രാജ്യത്തു നേരിട്ട പണക്കുഴപ്പം പരിഹരിക്കുവാൻ ചെമ്പുനാണയങ്ങൾക്കു വെള്ളി നാണയങ്ങളുടേയും സ്വർണ്ണനാണയങ്ങളുടേയും വില കല്പിച്ചു പ്രചരിപ്പിക്കുവാൻ സുൽത്താൻ നിശ്ചയിച്ചു. പാവപ്പെട്ടവർക്കു വേണ്ടത്ര പണമുണ്ടായിരിക്കണമെന്നു കരുതിയാണ് ഇങ്ങനെ ചെയ്തതു്. പക്ഷേ പലരും ചെമ്പുനാണയങ്ങൾ വ്യാജമായി നിർമ്മിക്കുവാൻ തുടങ്ങി. അധികകാലം കഴിയുന്നതിനുമുമ്പു രാജ്യം ദരിദ്രമായി. സ്വർണ്ണവും വെള്ളിയും രാജ്യത്തില്ലാതായി. ചെമ്പുനാണയങ്ങൾ കണക്കില്ലാതെ കുന്നുകൂടിയതിനാൽ അതിനു വിലയില്ലാതായി. ഇതു മനസ്സിലാക്കിയ തുഗ്ലക്ക് തന്റെ ഉത്തരവു പിൻവലിച്ചു.

ഖജനാവിലെ കുറവു നികത്തുന്നതിനു് സുൽത്താൻ കരം കൂട്ടി. കൃഷിക്കാർ നിലം തരിശിട്ടു. കോപാകുലനായ സുൽത്താൻ അവരെ വേട്ടയാടി. നാട്ടിൽ വലിയ ക്ഷാമമായി. ഉടനേ കൃഷിക്കാരെ വരുത്തി സുൽത്താൻ അവർക്കു വേണ്ട സഹായങ്ങൾ നൽകുകയും കരം കുറയ്ക്കുകയും ചെയ്തു.

സുൽത്താന്റെ വീണ്ടുവിചാരമില്ലാത്ത പ്രവൃത്തി കണ്ടു ജനങ്ങൾ ഇളകി. ബംഗാളും ഡക്കാണും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഗുജറാത്തിൽ ലഹള ആരംഭിച്ചു. അതു സിൻഡിലും വ്യാപിച്ചു. അവിടത്തെ ലഹള അമർച്ച ചെയ്യുവാൻപോയ വഴിക്ക് എ.ഡി. 1351ൽ സുൽത്താൻ നിര്യാതനായി.

മുഹമ്മദുബിൻ തുഗ്ലക്കിനു ശേഷമുണ്ടായിരുന്ന തുഗ്ലക്ക സുൽത്താന്മാർ അശക്തരായിരുന്നു. അവരുടെ ഉദ്യോഗസ്ഥന്മാർ തന്നെ സുൽത്താന്മാർക്കെതിരായി ഗൂഢാലോചന നടത്തി. ആഭ്യന്തര യുദ്ധങ്ങളുണ്ടായി. അങ്ങനെ പരസ്പരം കലഹിച്ചു കഴിഞ്ഞ ആ കാലഘട്ടത്തിൽ വടക്കുപടിഞ്ഞാറെ ഭാഗത്തുനിന്നു പിന്നെയും ആക്രമണമുണ്ടായി.

മദ്ധ്യഏഷ്യയിൽ തൈമൂർ എന്നു പേരുള്ള ഒരു ഇടപ്രഭുവുണ്ടായിരുന്നു. ഹിന്ദുസ്ഥാനിലെ ധനസമൃദ്ധിയെപ്പററി അയാഠം കേട്ടറിഞ്ഞിരുന്നു. അദ്ദേഹം തന്റെ തലസ്ഥാനമായ സമർഖണ്ഡിൽനിന്നും വലുതായ ഒരു കുതിരപ്പടയുമായി ഇൻഡ്യ ആക്രമിക്കുവാൻ പുറപ്പെട്ടു. ദില്ലിയിൽ എത്തി തുഗ്ലക്കരാജാക്കന്മാരെ തോല്പിച്ച് അന്നു ദില്ലിയിൽ നിലനിന്നിരുന്ന ഭരണക്രമത്തെ നാമാവശേഷമാക്കി.

ദില്ലിയിലെ അവസാനത്തെ തുർക്കിസുൽത്താന്മാരായിരുന്നു തുഗ്ലക്ക രാജാക്കന്മാർ. അതിനുശേഷം തൈമൂറിന്റെ ഗവർണ്ണർമാരിൽ ഒരാഠം ദില്ലി സിംഹാസനം കൈക്കലാക്കി.

സുൽത്താന്മാരുടെ ഭരണകാലത്തു് വളരെ അധികം ആളുകഠം ഇസ്ലാം മതത്തിലേയ്ക്കു് നിർബ്ബന്ധപൂർവ്വം പരിവർത്തനം ചെയ്യപ്പെട്ടു. അവർ ഹിന്ദുക്കളുമായി ഇടപഴകി, അവരുടെ ജീവിതരീതികഠം പലതും കൈക്കൊണ്ടു. തന്മൂലം ഇരുകൂട്ടരുടേയും വിവാഹം തുടങ്ങി പല ആഘോഷങ്ങഠംക്കും മററു ആചാരങ്ങഠംക്കും ഐകരൂപ്യമുണ്ടായി. ഹിന്ദുക്കഠം മുസ്ലീങ്ങളിൽ നിന്നും മുസ്ലീങ്ങഠം ഹിന്ദുക്കളിൽ നിന്നും പലതും പഠിച്ചു. അങ്ങനെ അവർ പരസ്പരം ഇണങ്ങിയും അന്യോന്യം ബഹുമാനിച്ചും ജീവിച്ചു.

ഹിന്ദുക്കളും മുസ്ലീങ്ങളും ഒന്നിച്ചു ജീവിക്കാൻ തുടങ്ങിയപ്പോഠം ഇരുകൂട്ടരുടേയും സംസ്കാരങ്ങഠം ഒന്നിച്ചുചേർന്നു് ഒരു പുതിയ സംസ്കാരം ഉടലെടുത്തു. ഹിന്ദുക്കഠം ഉറദുവും പേർഷ്യനും ഭാഷകഠം പഠിച്ചുതുടങ്ങി. മുസ്ലീങ്ങഠം ഹിന്ദുക്കളുടെ മതഗ്രന്ഥങ്ങഠം പഠിക്കുകയും അവരുടെ ഭാഷകളിലേയ്ക്കു് അവയെ തർജ്ജമചെയ്യുകയും ചെയ്തു. ഇങ്ങനെ രണ്ടു വിഭാഗക്കാരുടേയും ആശയങ്ങഠം തമ്മിലിണങ്ങാൻ തുടങ്ങുകയും ഹിന്ദുസ്ഥാനി എന്ന പുതിയ ഒരു

ഭാഷ ഉടലെടുക്കുകയും ചെയ്തു. ഇക്കാലത്തെ ഒരു പ്രസിദ്ധ പേർഷ്യൻ കവിയാണ് ഖുസ്രു.

ആയിടയിൽ പണികഴിപ്പിച്ച സ്മാരകങ്ങളും പള്ളികളും പേർഷ്യൻ മാതൃകയിലോ മദ്ധ്യഏഷ്യൻ മാതൃകയിലോ ഉള്ളവയാണ്. ഈ മന്ദിരങ്ങളിൽ ഭാരതീയ ശില്പകലയുടേയും പേർഷ്യൻ ശില്പകലയുടേയും പ്രത്യേകതകൾ കാണാം.

അക്കാലത്ത് സമ്പന്നരും ദരിദ്രരും തമ്മിൽ വലിയ വ്യത്യാസമുണ്ടായിരുന്നു. നാട്ടിൽ പൊതുവേ സമൃദ്ധിയുണ്ടായിരുന്നു. ഭൂരിഭാഗം ജനങ്ങളും കൃഷിയിലാണ് ഏർപ്പെട്ടിരുന്നത്. പട്ടണങ്ങളിൽ വ്യവസായങ്ങൾ നടത്തിവന്നു. ചക്രവർത്തിമാർക്കും അവരുടെ ബന്ധുക്കൾക്കും വേണ്ടി വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനു ദില്ലിയിൽ പ്രത്യേകവ്യവസായശാലകൾ ഉണ്ടായിരുന്നു അവിടത്തെ ഒരു സിൽക്കു ഫാക്ടറിയിൽ നാലായിരം ജോലിക്കാർ ഉണ്ടായിരുന്നുവത്രെ. മററു പട്ടണങ്ങളിലും വ്യവസായശാലകളുണ്ടായിരുന്നു. സിൽക്ക്, പരുത്തി, രോമം ഇവകൊണ്ടുള്ള വസ്ത്രം, പഞ്ചസാര, ഇഷ്ടിക, ലോഹസാധനങ്ങൾ, കടലാസ്സ് എന്നിവ നിർമ്മിക്കുന്ന വലിയ വ്യവസായശാലകളുണ്ടായിരുന്നു. പാത്രങ്ങൾ, ആയുധങ്ങൾ, ചെരുപ്പ് എന്നിവ ഉണ്ടാക്കുന്ന ചെറു വ്യവസായശാലകളും ഉണ്ടായിരുന്നു. മദ്ധ്യേഷ്യാ, അഫ്ഗാനിസ്ഥാൻ, പേർഷ്യാ, ടിബററ്, ഭൂട്ടാൻ എന്നീ രാജ്യങ്ങളുമായി വാണിജ്യബന്ധം പുലർത്തിവന്നു.

ജാതിവ്യത്യാസം കൂടുതൽ പ്രബലമായിരുന്നു. തുക്കിസുൽത്താന്മാർ ആയിരക്കണക്കിന് അടിമകളെ പോററുകയും അടിമകളുടെ വിദ്യാഭ്യാസത്തിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

ഹിന്ദുക്കളുടെയും മുഹമ്മദീയരുടേയും ഇടയിൽ പർദാസമ്പ്രദായം കൂടുതൽ പ്രചരിച്ചു. ബാല്യവിവാഹം, സതി എന്നീ ആചാരങ്ങൾ നടന്നു വന്നു. ഗ്രാമീണസ്ത്രീകൾ ഗൃഹജോലികൾ മാത്രമേ ചെയ്തിരുന്നുള്ളു. എന്നാൽ നഗരങ്ങളിലെ സ്ത്രീകൾ വിദ്യാഭ്യാസം, കല എന്നീ രംഗങ്ങളിൽ പ്രവർത്തിച്ചിരുന്നു.

**ഭക്തിപ്രസ്ഥാനം:—** ഭാരതത്തിൽ ഹിന്ദുമതവും ഇസ്ലാം മതവും സൗഹാർദ്ദത്തിൽ കഴിഞ്ഞുവന്നു. ഈ രണ്ടു മതങ്ങളുടേയും

സാരാംശം ഉൾക്കൊള്ളുന്ന ഒരു പുതിയ പ്രസ്ഥാനം ഈ കാലഘട്ടത്തിൽ ഉടലെടുത്തു. അതാണ് ഭക്തിപ്രസ്ഥാനം. രാമാനന്ദസ്വാമിയാണ് ഈ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയതു്. അലഹബാദിൽ ജനിച്ച ഇദ്ദേഹം വടക്കേ ഇൻഡ്യയിലെ എല്ലാ പുണ്യസ്ഥലങ്ങളും സന്ദർശിച്ചു. ഇദ്ദേഹം ശ്രീരാമ ഭക്തനായിരുന്നു. സമുദായത്തിലെ ഉയർന്നവരും താഴ്ന്നവരും എല്ലാം ഇദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു.

**കബീർ:**—രാമാനന്ദന്റെ ശിഷ്യരിൽ പ്രധാനിയായിരുന്നു കബീർ. ഇദ്ദേഹം ഒരു നെയ്ത്തുകാരനായിരുന്നു. 'സ്നേഹം' ആയിരുന്നു അദ്ദേഹത്തിന്റെ മതം. ഈശ്വരന്റെ കണ്ണിൽ എല്ലാവരും സമന്മാരാണെന്ന് അദ്ദേഹം പഠിപ്പിച്ചു. "ഹിന്ദുവും തുക്കിയും ഒരേ മണ്ണുകൊണ്ടുണ്ടാക്കിയ പാത്രങ്ങളാണ്" എന്ന് അദ്ദേഹം പാടാറുണ്ടായിരുന്നു. ആയിരക്കണക്കിന് ഹിന്ദുക്കളും മുസ്ലീങ്ങളും അദ്ദേഹത്തിന്റെ ശിഷ്യരായി.

**നാനാക്ക്**:—ഏകദൈവവിശ്വാസവും സർവ്വ സാഹോദര്യവും പ്രചരിപ്പിച്ച വേറൊരാചാര്യനാണ് നാനാക്ക ഗുരു. ഇദ്ദേഹം അന്നത്തെ പഞ്ചാബ് സംസ്ഥാനത്തിലെ ലാഹോറിൽ ജനിച്ചു. എല്ലാ മതങ്ങളിലേയും നന്മകൾ അംഗീകരിച്ച് നിലവിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഇല്ലായ്മ ചെയ്ത് യഥാർത്ഥ ഭക്തരാവാൻ അദ്ദേഹം ഉപദേശിച്ചു. കപടഭക്തി, സ്വാർത്ഥത, അസത്യം എന്നിവയെ അദ്ദേഹം കഠിനമായി എതിർത്തു. കബീറിന്റെ ഉപദേശം തന്നെയാണ് നാനാക്കും സ്വീകരിച്ചിരുന്നതു്. തന്റെ സന്ദേശങ്ങളുമായി ക്ഷേത്രങ്ങളിലേയ്ക്കും മുസ്ലീം പള്ളികളിലേയ്ക്കും ഹിന്ദുക്കളുടേയും മുസ്ലീങ്ങളുടേയും പുണ്യസ്ഥലങ്ങളിലേയ്ക്കും അദ്ദേഹം തീർത്ഥയാത്ര നടത്തി. അദ്ദേഹത്തിനു വലിയ ഒരു സംഘം ശിഷ്യരുണ്ടായിരുന്നു. ഗുരുനാനാക്കിന്റെ അനുയായികളെ സിക്കുകാർ എന്നു പറയുന്നു.

ഭക്തിപ്രസ്ഥാനത്തിൽപ്പെട്ട അനവധി ആചാര്യന്മാരുണ്ടായിരുന്നു. കാശിയിലെ വല്ലഭാചാര്യനും ബംഗാളിലെ ചൈതന്യനും മഹാരാഷ്ട്രയിലെ നാമദേവനും ഇവരിൽ പ്രധാനികളാണ്. രജപുത്ര വംശത്തിലെ മീരാഭായിയും ഇതിലുൾപ്പെട്ട പ്രശസ്തയായ ഒരു ഭക്തയായിരുന്നു.

## ദക്ഷിണേന്ത്യൻ രാജ്യങ്ങൾ

**ബാമിനിരാജ്യം** — മുഹമ്മദ്തുഗ്ലക്കിന്റെ കാലത്തു് സുൽത്താൻ ഭരണത്തിന്റെ ഉന്നതനിലയും അതിന്റെ അധഃപതനത്തിന്റെ തുടക്കവും നമുക്കു കാണാവുന്നതാണു്. അക്കാലത്തു ഡക്കാണിലെ മുസ്ലീം പ്രമാണികൾ ദില്ലിസുൽത്താനോടു പിണങ്ങി ബാമിനി വംശം സ്ഥാപിച്ചു. ആ വംശത്തിന്റെ സ്ഥാപകൻ ഒരു തുർക്കി ഉദ്യോഗസ്ഥനായ ഹസ്സൻ ആയിരുന്നു. ഹസ്സൻ പിന്നീടു് അലാവുദീൻ ഒന്നാമൻ എന്ന സ്ഥാനപ്പേരു സ്വീകരിച്ചു. അലാവുദീൻ തന്നോടു് എതിർത്ത പ്രമാണികളെ അമർച്ച ചെയ്തു് ഗുൽബർഗാ തലസ്ഥാനമാക്കി ഭരണം ആരംഭിച്ചു. തന്റെ രാജ്യം നാലു പ്രവിശ്യകളാക്കി സമർത്ഥമായി ഭരണം നടത്തി. ഈ ബാമിനിരാജ്യം ഏതാണ്ടു് ഇരുനൂറുവർഷം നിലനിന്നു.

ഫിറോസ്ഷാ എന്ന സുൽത്താന്റെ കീഴിൽ അറബിക്കടൽ മുതൽ ബംഗാൾ ഉൾക്കടൽ വരെ ഡക്കാനിൽ ബാമിനിരാജ്യം വ്യാപിച്ചിരുന്നു. ബാമിനി സുൽത്താന്മാരിൽ എട്ടാമനായ ഇദ്ദേഹമായിരുന്നു ആ വംശത്തിലെ ഏററവും ശ്രേഷ്ഠനായ ഭരണാധികാരി. ഫിറോസ്ഷാ ഒരു ശാസ്ത്രജ്ഞനും എഴുത്തുകാരനും ആയിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്തു് അനേകം മന്ദിരങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. വാണിജ്യാഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം പരിശ്രമിച്ചു. രാജ്യാതിർത്തി വിസ്തൃതമാക്കുകയും മൂന്നുപ്രാവശ്യം വിജയനഗരവുമായി യുദ്ധം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ കാലശേഷം ബാമിനി വംശത്തിൽ പല സുൽത്താന്മാരും ഭരിച്ചു. അവസാനമായി രാജ്യം ബീഡാർ, ബീറാർ, അഹമ്മദനഗരം, ബീജാപ്പൂർ, ഗോൾക്കണ്ടാ എന്നീ അഞ്ചു സ്വതന്ത്രരാജ്യങ്ങളായി വിഭജിക്കപ്പെടുകയും അവ ഒന്നിനു പുറകേ ഒന്നായി മുഗൾ ചക്രവർത്തിമാർ കീഴടക്കുകയും ചെയ്തു.

ബാമിനി രാജാക്കന്മാരുടെ കൂട്ടത്തിൽ വിവേകശാലികളായ പല ഉത്തമ ഭരണകർത്താക്കളും ഉണ്ടായിരുന്നു. പേർഷ്യായിൽ നിന്നും മററു നാടുകളിൽ നിന്നും കവികളും കലാകാരന്മാരും അവരുടെ രാജധാനിയിൽ വന്നു താമസിക്കാറുണ്ടായിരുന്നു. ബാമിനി രാജാക്കന്മാർ ഒട്ടേറെ മനോഹരസൗധങ്ങൾ പണി കഴിപ്പിച്ചിട്ടുണ്ടു്. അനവധി ഉർദ്ദുഗ്രന്ഥങ്ങൾ അവരുടെ കാലത്തു രചിക്കപ്പെട്ടു.

**വിജയനഗരസാമ്രാജ്യം**:—ഡക്കാണിലേയുള്ള മുഹമ്മദീയരുടെ ഒരു ആക്രമണത്തെ തടഞ്ഞു നിറുത്തുന്നതിനായി സ്ഥാപിക്കപ്പെട്ട ഹിന്ദുരാജ്യമാണ വിജയനഗരം. ദില്ലിസുൽത്താനായ മുഹമ്മദ ബിൻ തുഗ്ലക്ക് എ.ഡി. 1328-ൽ ഡക്കാണിലെ വാരംഗൽ എന്ന ഹിന്ദുരാജ്യം ആക്രമിച്ചു കീഴടക്കി. ആ അവസരത്തിൽ അവിടെനിന്നും രണ്ടു സഹോദരന്മാർ തുംഗഭദ്രാനദിയുടെ കിഴക്കഭാഗത്തു വന്ന് ഒരു ചെറിയ സ്വാതന്ത്ര്യരാജ്യം സ്ഥാപിച്ചു. അവരുടെ വന്ദ്യഗുരുവായ വിദ്യാരണ്യസ്വാമികളുടെ ഉപദേശമനുസരിച്ചാണ് അവർ രാജ്യം സ്ഥാപിച്ചതു്. അതിനാൽ അവർ ആ രാജ്യത്തിന്ന് വിദ്യാനഗരം എന്നു പേരിട്ടു. കാലാന്തരത്തിൽ അതു വിജയനഗരമായി പരിണമിച്ചു.

വിജയ നഗരരാജ്യം പടിപടിയായി അഭിവൃദ്ധിപ്പെട്ടുകയും വിസ്തൃതമാകുകയും ചെയ്തു. പതിനഞ്ചാം നൂററാണ്ടായപ്പോഴേയ്ക്കും ഈ രാജ്യത്തിൻെറ ശക്തി തെക്കേഇൻഡ്യ മുഴവൻ വ്യാപിച്ചു. ആ ശതകത്തിൻെറ അവസാനഘട്ടത്തിൽ ഇവിടെ ഭരിച്ചിരുന്നതു് നരസിംഹരായർ എന്ന രാജാവായിരുന്നു. അദ്ദേഹം പ്രജാക്ഷേമതല്പരനായിരുന്നു. അദ്ദേഹത്തിൻെറ പുത്രനായ കൃഷ്ണദേവരായർ ബാല്യത്തിൽ തന്നെ അസാമാന്യ സമത്ഥനായിരുന്നു. വിശ്വസ്തനായ ഒരു മന്ത്രിയുടെ മേൽനോട്ടത്തിൽ കൃഷ്ണദേവരായർ കാലോചിതമായ എല്ലാവിദ്യകളിലും സാമത്ഥ്യം നേടി.

എ. ഡി. 1505-ൽ നരസിംഹരായർ മരിച്ചു. തുടന്ന് ഭരണമേററ രാജാവിൻെറ മരണശേഷം കൃഷ്ണദേവരായർ ഭരണം ഏറെറടുത്തു. വിജയനഗരത്തിൻെറ ആദ്യഘട്ടം മുതൽ ബാമിനി എന്ന സ്വാതന്ത്ര്യ രാജ്യവുമായി അനവധി സംഘട്ടനങ്ങൾ ഉണ്ടായിരുന്നു. കൃഷ്ണദേവരായർ രാജ്യഭരണം കയ്യേററ കാലത്തു് ബാമിനിയുടെ ശക്തിക്ഷയിച്ച് അഞ്ചു സ്വാതന്ത്ര്യ രാജ്യങ്ങളായി പിരിഞ്ഞിരുന്നു. ദക്ഷിണ ഇൻഡ്യയിലെ ആധിപത്യത്തിനുവേണ്ടി അദ്ദേഹം ബിജാപുരം, ഗോൽക്കണ്ട, എന്നീ ബാമിനിരാജ്യങ്ങൾ ആക്രമിച്ചു. മൈസൂർ, കടക്, കേരളം എന്നീ രാജ്യങ്ങളും അദ്ദേഹം കീഴടക്കി. അക്കാലത്തു് ഇൻഡ്യയുടെ പശ്ചിമതീരത്തു കച്ചവടം നടത്തിവന്ന പോർട്ടുഗീസുകാരുമായി അദ്ദേഹം സഖ്യം ചെയ്തു.

അങ്ങിനെ വിജയ നഗരത്തിന്റെ വാണിജ്യം അഭിവൃദ്ധിപ്പെട്ടു. പടിഞ്ഞാറൻ രാജ്യങ്ങളുമായി ധാരാളം കച്ചവടം നടന്നിരുന്നു. മഹാപണ്ഡിതനും വിദ്യാസമ്പന്നനുമായിരുന്ന അദ്ദേഹം പല വിദ്വാന്മാരേയും പ്രോത്സാഹിപ്പിച്ചിരുന്നു. അദ്ദേഹം തന്നെ തെലുങ്കുഭാഷയിൽ അനവധിഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. തെലുങ്ക്, കന്നാടകം എന്നീ ഭാഷകൾ ഇക്കാലത്ത് നല്ല വളർച്ചനേടി. ഒരു തികഞ്ഞ മതഭക്തനായിരുന്നു അദ്ദേഹം. കാഞ്ചീപുരം, തിരുപ്പതി, ശ്രീരംഗം എന്നീ ക്ഷേത്രങ്ങൾ അദ്ദേഹം പണി കഴിപ്പിച്ചവയാണ്. ഇററലി, പോർട്ടുഗൽ, പേർഷ്യ, സമർഖണ്ട്, തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് സഞ്ചാരികൾ രാജസദസ്സിലെ മഹാത്ഭുതങ്ങൾ കാണാനായി വന്നു കൊണ്ടിരുന്നു. വിജയ നഗരത്തിലെ മററു പല രാജാക്കന്മാരേയും പോലെ അദ്ദേഹവും ഒരു സൗന്ദര്യാരാധകനായിരുന്നു.

എ.ഡി. 1530-ൽ കൃഷ്ണദേവരായരുടെ മരണാനന്തരം രാമരായരാണ് വിജയനഗരം ഭരിച്ചത്. അക്കാലത്ത് അഹമ്മദ്ഷാ അബ്ദാലി എന്ന അഫ്ഗാൻ നേതാവ് വിജയനഗരം ആക്രമിച്ചു. 1565-ൽ തളിക്കോട്ട എന്ന സ്ഥലത്തു വച്ചു നടന്ന യുദ്ധത്തിൽ രാമരായർ വധിക്കപ്പെട്ടു. മുസ്ലീം സൈന്യങ്ങൾ വിജയനഗരത്തിന്റെ തലസ്ഥാനം കൊള്ളയടിക്കുകയും ചുട്ടെരിക്കുകയും ചെയ്തു. അങ്ങനെ അതൊരു തകർന്ന ജനവാസമില്ലാത്ത നഗരമായിത്തീർന്നു. ഡക്കാണിന്റെ ഭരണാധികാരം സുൽത്താന്മാരുടെ കയ്യിലായി.

**പ്രായോഗിക പ്രവർത്തനങ്ങൾ:**

1. മുസ്ലീം ഭരണകാലത്തെ സ്മാരകങ്ങളുടെ ചിത്രം ശേഖരിച്ച് ആൽബത്തിൽ ഒട്ടിക്കുക.

2. പ്രസിദ്ധപ്പെട്ട മുസ്ലീം ഭരണാധികാരികളുടെ ജീവചരിത്രഗ്രന്ഥങ്ങളോ ജീവചരിത്രം ഉള്ള പ്രസിദ്ധീകരണങ്ങളോ ശേഖരിച്ചു വായിക്കുക.

3. സുൽത്താന്മാരുടെ സാമ്രാജ്യങ്ങൾ ഔട്ട്ലൈൻ വരച്ചു ചായം കൊടുക്കുക.

# അദ്ധ്യായം 9

## യൂണിററ് VIII

### മുഗളന്മാർ

ഹർഷൻെറ കാലശേഷം ഉത്തരേൻഡ്യയിൽ പൊതുവേ അന്തഃഛിദ്രമായിരുന്നു. എ. ഡി. 712-ൽ അറബികൾ സിൻഡ് ആക്രമിച്ചു കീഴടക്കി. ഉത്തരഇൻഡ്യയിൽ പല രജപുത്രരാജ്യങ്ങളും പ്രാബല്യം പ്രാപിച്ചിരുന്നു. 11-ാം നൂററാണ്ടിൽ മുഹമ്മദ് ഗസ്നിയും 12-ാം നൂററാണ്ടിൽ മുഹമ്മദ് ഗോറിയും ഇൻഡ്യയിൽ പല ആക്രമണങ്ങളും നടത്തി. ഗോറി രണ്ടു രജപുത്രന്മാരെ തോല്പിച്ചു ഡൽഹി വരെയുള്ള പ്രദേശങ്ങൾ കൈവശപ്പെടുത്തി. ഗോറിയുടെ മരണശേഷം അദ്ദേഹത്തിൻെറ സേവകനായിരുന്ന കുട്ബുദീൻ എ.ഡി. 1206-ൽ ഡൽഹിയിൽ സുൽത്താൻഭരണം ആരംഭിച്ചു. തുക്കിസുൽത്താന്മാരുടെ അഞ്ചു വംശങ്ങൾ ഡൽഹിയിൽ ഭരണം നടത്തിയിരുന്നു. അവയിൽ ഒടുവിലത്തേതു് ലോദിവംശമായിരുന്നു. എ. ഡി. 1526-ൽ ദില്ലി ഭരിച്ചിരുന്നതു് അഫ്ഗാൻ നേതാവായ ഇബ്രാഹിം ലോദിയായിരുന്നു. അദ്ദേഹത്തെ തോല്പിച്ചു് ബേബർ മുഗൾസാമ്രാജ്യം സ്ഥാപിച്ചു. മുഗൾചക്രവത്തിമാർ ഏകദേശം 200 കൊല്ലത്തോളം ഈ രാജ്യം ഭരിച്ചു.

**ബാബർ**:—മംഗോളിയർ എന്നൊരു വർഗ്ഗം പല പ്രാവശ്യം ഇൻഡ്യയെ ആക്രമിച്ചിരുന്നു. അവരുടെ നേതാവായ ചെങ്കിസ്ഖാൻ എന്ന ഒരു സാഹസികനുണ്ടായിരുന്നു. മംഗോളിയരുടെ ആക്രമണങ്ങൾക്കുശേഷം തൈമൂറിൻെറ നേതൃത്വത്തിൽ തുർക്കികൾ ഇൻഡ്യയെ ആക്രമിച്ചു കൊള്ള നടത്തിയിരുന്നു. തൈമൂറിൻെറ സാമ്രാജ്യം നശിച്ചതിനുശേഷം സമർഖണ്ടിനടുത്തു് ഫെർഗാനാ എന്നൊരു ചെറിയരാജ്യം പ്രാബല്യത്തിൽവന്നു. അവിടത്തെ രാജാവായ ഉമർഷേക്ക് മിഴ്സായുടെ പുത്രനാണു് ബാബർ.

അച്ഛൻ മരിക്കുമ്പോൾ ബാബറിനു പന്ത്രണ്ടു വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ബാബർ തൻെറ പിതാവിനെ തുടന്നു് ഫെർഗാനയിൽ ഭരണം ആരംഭിച്ചു. സമർഖണ്ടു പിടിച്ചടക്കി.

തൈമൂറിൻെറ രാജധാനിയെ സ്വാധീനമാക്കണമെന്ന് അദ്ദേഹ ത്തിനാഗ്രഹമുണ്ടായിരുന്നു. രണ്ടു പ്രാവശ്യം അദ്ദേഹം സമർഖണ്ടിൽ പ്രവേശിച്ചെങ്കിലും അതു കീഴടക്കാൻ കഴിഞ്ഞില്ല. തിരികെ ഫെർഗാനായിൽ ചെന്നപ്പോഠം ആ സ്ഥാനവും നഷ്ടപ്പെട്ടതായി കണ്ടു. തന്മൂലം തൻെറ അമ്മയേയും മുത്തശ്ശിയേയും കൂട്ടിക്കൊണ്ട് ബാബർ അലഞ്ഞു തിരിഞ്ഞു കാബൂളിലെത്തി. അവിടെ അദ്ദേഹം 1504–ൽ ഒരു ചെറിയ രാജ്യം സ്ഥാപിച്ചു ഭരണം തുടങ്ങി. തൈമൂറിൻെറ സാമ്രാജ്യത്തിലുഠപ്പെട്ട ഇൻഡ്യ കൈവശപ്പെടുത്തണമെന്നായിരുന്നു ഇദ്ദേഹത്തിൻെറ ആഗ്രഹം. അദ്ദേഹം പഞ്ചാബു കീഴടക്കി. പിന്നീടു ദില്ലിയിലേയ്ക്കു മുന്നേറി. അന്ന് ദില്ലി ഭരിച്ചിരുന്ന ഇബ്രാഹിം ലോദി ഒരു വൻപിച്ച സേനയുമായി ബാബറെ നേരിട്ടു. പാനിപ്പട്ട് എന്ന സ്ഥലത്തുവച്ച് അവർ ഏററുമുട്ടി. ബാബറിന് തോക്ക്, പീരങ്കി മുതലായ ആയുധങ്ങളും പരാക്രമശാലികളായ യോധാക്കളുമുണ്ടായിരുന്നു. വെടിയുടെ ശബ്ദം കേട്ട് ഇബ്രാഹിംലോദിയുടെ ആനകഠം പിന്തിരിഞ്ഞോടി സ്വന്തം പക്ഷത്തുള്ള ആളുകളെത്തന്നെ ചവിട്ടി നശിപ്പിച്ചു. ഇബ്രാഹിം ലോദിയും സൈന്യവും വധിക്കപ്പെട്ടു. അതു ബാബർക്ക് ഒരു വൻപിച്ച വിജയമായിരുന്നു.

പിന്നീട് ബാബർ രജപുത്ര പ്രധാനിയായ റാണാസംഗനേയും അഫ്ഗാൻ പ്രഭുക്കളേയും തോല്പിച്ചു. അതോടെ ബാബറിൻെറ സാമ്രാജ്യം ഹിന്ദുക്കഷ് പർവ്വതം മുതൽ ബംഗാളിൻെറ അതിത്തിവരെ വ്യാപിച്ചു.

ധൈര്യവും സഹനശക്തിയും ഒത്തിണങ്ങിയ ഒരു പടയാളിയായിരുന്നു ബാബർ. നല്ലൊരു കുതിരസവാരിക്കാരനും, നായാട്ടുകാരനുംകൂടിയായിരുന്നു അദ്ദേഹം. പണ്ഡിതനായിരുന്ന അദ്ദേഹം താൻ കണ്ട കാര്യങ്ങളും തൻെറ ചിന്തകളും കൂടി ഒരു ഗ്രന്ഥമായി എഴുതി വച്ചു. അദ്ദേഹത്തിൻെറ ജീവിതത്തിൻെറ അവസാനഘട്ടം ആഗ്രയിൽകഴിച്ചു കൂട്ടി. അരുവികളും ഉദ്യാനങ്ങളും അദ്ദേഹത്തിനു പ്രിയംകരമായിരുന്നു. വിസ്തൃതമായ ഒരു സാമ്രാജ്യത്തിന്റെ അടിത്തറ പാകിയ ശേഷം ബാബർ ചരമമടഞ്ഞു.

ബാബറിൻെറ ചരമത്തെക്കുറിച്ച് ഒരു കഥയുണ്ട്. വത്സലപുത്രനായ ഹുമയൂൺ രോഗം പിടിപെട്ടു കിടപ്പിലായി. ദുഃഖിതനായ ബാബറെ ആശ്വസിപ്പിക്കാനെത്തിയ ഒരു ദിവ്യൻ "മകന്റെ

ജീവൻ രക്ഷിക്കണമെങ്കിൽ തനിക്കേററവും വിലയേറിയതെന്തോ അതു് ദൈവത്തിനു സമർപ്പിക്കണം" എന്നു പറഞ്ഞു. ബാബർ സന്തോഷത്തോടെ അതു സമ്മതിച്ചു. ചക്രവർത്തി തൻെറ പക്കൽ ഉണ്ടായിരുന്ന അമൂല്യമായ രത്നം ഉപേക്ഷിക്കുമെന്നാണു് മററുള്ളവർ കരുതിയതു്. "ലോകത്തിലുള്ള ഏതു രത്നത്തെക്കാളും എനിക്കു മതിപ്പുള്ളതു് എൻെറ ജീവനാണു്. അതു തന്നെ ഞാൻ ദൈവത്തിനു സമർപ്പിക്കും" എന്നു പറഞ്ഞു ബാബർ "എൻെറ മകനു പകരം എൻെറ ജീവൻ എടുത്തുകൊള്ളണമേ" എന്നു പ്രാർത്ഥിച്ചുകൊണ്ടു് പുത്രൻെറ കിടക്കയ്ക്കു മൂന്നു വലം വച്ചു. അതിനെത്തുടർന്നു ഹുമയൂണിൻെറ രോഗം ഭേദപ്പെടുകയും ബാബർ രോഗബാധിതനായി ചരമമടയുകയും ചെയ്തുവത്രേ.

**ഹുമയൂൺ**:—എ.ഡി. 1530-ൽ ബാബർ മരിച്ചു കഴിഞ്ഞയുടൻ അദ്ദേഹത്തിന്റെ പുത്രൻ ഹുമയൂൺ സിംഹാസനസ്ഥനായി. അക്കാലത്തു അദ്ദേഹത്തിൻെറ രാജ്യത്തിനകത്തും ചുററും ഉണ്ടായിരുന്ന അനേകം ശത്രുക്കളോടു് എതിരിടേണ്ടിവന്നു. അദ്ദേഹം ഒരു നല്ല യോദ്ധാവായിരുന്നുവെങ്കിലും തൻെറ പിതാവിനെപ്പോലെ രാജ്യം അടക്കിഭരിക്കുവാനുള്ള കഴിവു് കുറവായിരുന്നു.

ഹുമയൂൺ ചക്രവർത്തിയായതു് തൻെറ സഹോദരന്മാർക്കു് ഇഷ്ടമല്ലായിരുന്നു. അവർ അദ്ദേഹത്തെ പലവിധത്തിൽ ഉപദ്രവിച്ചു. ഗുജറാത്തിലെ ബഹദൂർഷാ, ബീഹാറിലെ ഷെർഷാസൂർ, കീഴടങ്ങാതിരുന്ന പല രജപുത്രപ്രമാണികൾ എന്നിവരെല്ലാം അദ്ദേഹത്തിൻെറ ശത്രുക്കളായിരുന്നു. ബംഗാളും അന്നു കീഴടങ്ങിയിരുന്നില്ല. ഇങ്ങനെ ചുററുപാടും ശത്രുക്കളുണ്ടായിരിക്കേ കൂടുതൽ ഗൗരവമായ ചുമതലകൾ നിർവ്വഹിക്കേണ്ട സമയത്തുപോലും വിനോദകാര്യങ്ങളിൽ മുഴുകിക്കഴിയാൻ അദ്ദേഹം ഇഷ്ടപ്പെട്ടു.

രാജ്യഭാരമേററശേഷം ഗുജറാത്തിനെതിരായി യുദ്ധത്തിനു പുറപ്പെട്ടു വിജയിച്ചു. പിന്നീടു് അദ്ദേഹം രാജ്യത്തിൻെറ ഭദ്രതയിൽ ശ്രദ്ധിക്കാതെ അലസനായിക്കഴിഞ്ഞു. ഈ കാലത്തു് ബീഹാറിലെ ഷെർഷാ ഹുമയൂണിനെതിരായി ഒരു കലാപം സംഘടിപ്പിച്ചു. രണ്ടു വർഷം നീണ്ടുനിന്ന ഈ യുദ്ധത്തിൽ ഹുമയൂൺ തോല്പിക്കപ്പെടുകയും സൈനികരിൽ ഭൂരിപക്ഷവും കൊല്ലപ്പെടുകയും ചെയ്തു. ഹുമയൂൺ കഷ്ടിച്ചു് രക്ഷപ്പെട്ടു. ഷെർഷാ ആഗ്രയിലേയും ഡില്ലിയി

ലേയും രാജാവായി. ഹുമയൂൺ പതിനഞ്ചു വർഷം അലഞ്ഞുനടക്കേണ്ടതായി വന്നു.

വിശ്വസ്തരായ ഏതാനും അനുയായികളോടു കൂടി ഹുമയൂൺ രാജസ്ഥാൻ മരുഭൂമികടന്നു. ചൂടും ദാഹവും കൊണ്ടു പലരും മരിച്ചു. ഒടുവിൽ സിൻഡിലെ അമർക്കോട്ട് എന്നസ്ഥലത്തു ചെന്നുചേർന്നു. ശത്രുക്കൾ പിൻതുടരുന്നുണ്ടെന്നു സംശയിച്ചതു കൊണ്ടു് ഗർഭിണിയായ ഭാര്യയെ അമർക്കോട്ടിൽ പാർപ്പിച്ച ശേഷം പടിഞ്ഞാറോട്ടു യാത്രതുടർന്നു. ഏറെദൂരം പോകുന്നതിനു മുമ്പു് ഒരു സന്ദേശവാഹകൻ പാഞ്ഞെത്തി. ഹുമയൂണിനു് ഒരു പുത്രനുണ്ടായിയെന്നുള്ള സന്തോഷവാർത്ത അദ്ദേഹത്തെ അറിയിച്ചു. ആ ശിശുവാണു് പിൽക്കാലത്തു ലോകപ്രസിദ്ധനായിത്തീർന്ന അക്ബർ ചക്രവർത്തി. പുത്രലാഭം ആഘോഷിക്കുവാനുള്ള സാഹചര്യം ഒന്നും അപ്പോൾ അദ്ദേഹത്തിനില്ലായിരുന്നു. എങ്കിലും തന്റെ കൈവശമുണ്ടായിരുന്ന അല്പം കസ്തൂരി, ദുഷ്കാലത്തും തന്നെ പിരിയാതിരുന്ന വിശ്വസ്തസുഹൃത്തുക്കൾക്കു് പങ്കിട്ടു കൊടുത്തു. കസ്തൂരിയുടെ സുഗന്ധം പരക്കുന്നതുപോലെ തന്റെ മകന്റെ കീർത്തി ലോകമെങ്ങും പരക്കട്ടെ എന്നു് അദ്ദേഹം പ്രാർത്ഥിച്ചു. ഹുമയൂണിനു് തന്റെ സഹോദരന്മാർ ആരും ആശ്രയം നല്കിയില്ല. 1555-ൽ ഷെർഷയുടെ പിൻഗാമിയായിരുന്ന സിക്കന്തർ സൂറിനെ സർഹിന്ദ് എന്ന സ്ഥലത്തു വച്ചു് തോല്പിച്ചിട്ടു് ദില്ലിയും ആഗ്രയും വീണ്ടെടുത്തു് ഭരണം പുനഃസ്ഥാപിച്ചു. ആറുമാസം കഴിഞ്ഞു് അദ്ദേഹം മരിച്ചു.

**ഷെർഷായുടെ ഭരണം**:—ദില്ലിയിൽ ഹുമയൂണിന്റെ സിംഹാസനം കരസ്ഥമാക്കിയ ഷെർഷാ 1540 മുതൽ 1545 വരെ ദില്ലി ചക്രവർത്തിയായി ഭരിച്ചു. ആദ്യം അദ്ദേഹം ഷെർഖാൻ എന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. ബംഗാൾ മുതൽ കാശ്മീർ വരെ വിസ്തൃതമായ ഒരു സാമ്രാജ്യം അദ്ദേഹം സ്ഥാപിച്ചു. തന്റെ പ്രജകളോടു്, പ്രത്യേകിച്ചു് പാവപ്പെട്ട കൃഷിക്കാരോടു്, അദ്ദേഹം ഔദാര്യപൂർവ്വം പെരുമാറി. ഭരണസൗകര്യത്തിനായി രാജ്യത്തെ പല ഫർഗാനകളായും ഓരോ ഫർഗാനയേയും പല സർക്കാരുകളായും തിരിച്ചു. സുശക്തമായ ഒരു സൈന്യത്തെ സംഘടിപ്പിച്ചു. രാജാവു തന്നെയാണു് പട്ടാളക്കാരെ അവരുടെകഴിവു പരിശോധിച്ചു തെരഞ്ഞെടുത്തിരുന്നതു്. കർഷകർ ഒരു നിശ്ചിത സംഖ്യ രാജഭോഗ,

മായി കൊടുക്കേണ്ടിയിരുന്നു. ആ തുകയിൽ കൂടുതൽ പിരിക്കാൻ ഉദ്യോഗസ്ഥന്മാർക്ക് അനുവാദമുണ്ടായിരുന്നില്ല.

ഷെർഷാ രാജ്യത്തിലെ ഗതാഗത സൗകര്യം വർദ്ധിപ്പിച്ചു. കള്ളന്മാരേയും കൊള്ളക്കാരേയും അമർച്ചചെയ്തു രാജ്യത്തു സമാധാനം സ്ഥാപിച്ചു. എഴുത്തുകൾ വിതരണം ചെയ്യുന്നതിനു കുതിര ത്തപാൽ നടപ്പിലാക്കി. വെള്ളിരൂപാ ആദ്യമായി നടപ്പിലാക്കി യതു് ഷെർഷായാണ്. ദില്ലി ഭരണാധിപന്മാരിൽ ഒരു പ്രധാന സ്ഥാനത്തിന് ഷെർഷാ അർഹനാണ്.

**അക്ബർ**:—ഹുമയൂൺ മരിച്ചപ്പോൾ അക്ബർ ഉടൻതന്നെ സ്ഥാനാരോഹണം ചെയ്തു. അന്ന് അദ്ദേഹത്തിന് പതിമൂന്നു വയസ്സായിരുന്നു. ബാലനായ അക്ബറുടെ രക്ഷാകർത്തൃത്വം ഹുമയൂണി ന്റെ വിശ്വസ്ത സേനാനായകനായിരുന്ന ബെയിറാംഖാൻ നിർ വ്വഹിച്ചു. അന്നത്തെ സൂർ രാജാവിന്റെ പടത്തലവനും മന്ത്രിയും ആയിരുന്ന ഹെമു ദില്ലി കീഴടക്കിയിരുന്നു. ബെയിറാംഖാൻ ഒരു സൈന്യത്തെ നയിച്ചു് പാനിപ്പത്തു് എന്ന സ്ഥലത്തു വച്ചു 1556-ൽ അദ്ദേഹത്തെ തോല്പിച്ചു.

പതിനെട്ടു വയസ്സായപ്പോൾ അക്ബർ ഭരണച്ചുമതല ഏറ്റെടുത്തു. അന്നു് പഞ്ചാബ് മാത്രമേ തനിക്കധീനമായിരുന്നു ള്ളു. ബെയിറാംഖാൻ പുതിയതായി ചില രാജ്യങ്ങളും പിടിച്ചട ക്കിയിരുന്നു. ക്രമേണ ബെയിറാംഖാന്റെ രക്ഷാകർത്തൃത്വത്തിൽ അക്ബറിന് അതൃപ്തി തോന്നുകയും അദ്ദേഹത്തെ പിരിച്ചുവിടു കയും ചെയ്തു.

തന്റെ രാജ്യം വിസ്തൃതമാക്കണമെന്നും, കിഴക്ക് ബംഗാൾ മുതൽ പടിഞ്ഞാറു പേർഷ്യ വരെ അതു് വ്യാപിപ്പിക്കാതെ അടങ്ങു കയില്ലെന്നും അദ്ദേഹം ദൃഢനിശ്ചയം ചെയ്തു. അതിലേയ്ക്കു് അദ്ദേ ഹം ഇരുപതു കൊല്ലം അതികഠിനമായി അദ്ധ്വാനിച്ചു. തൽഫല മായി ഉത്തരേന്ത്യ മുഴുവനും ഡക്കാണിലുള്ള ബീറാർ, ബീഡാർ, കാൻഡേഷ്, അഹമ്മദുനഗരം എന്നിവയും അക്ബറുടെ കീഴി ലായി.

രാജ്യങ്ങൾ പിടിച്ചടക്കുന്നതിൽ മാത്രമല്ല അക്ബറുടെ ശ്രദ്ധ പതിഞ്ഞിരുന്നതു്. ജനങ്ങൾക്ക് പ്രയോജനകരമായ പല പരി ഷ്ക്കാരങ്ങളും അദ്ദേഹം നടപ്പിലാക്കി.

## അക്ബറുടെ ഭരണപരിഷ്കാരങ്ങൾ

ശരിയായ ഭരണം നടത്തുന്നതിനു വേണ്ടി അദ്ദേഹം സാമ്രാജ്യത്തെ പതിനഞ്ചു പ്രവിശ്യകളായി തിരിച്ചു് രാജ്യം മുഴുവൻ കണ്ടെഴുത്തു നടത്തി പട്ടയം കൊടുത്തു. കൃഷിപ്പിഴ വന്നാൽ നികുതി കൊടുക്കേണ്ടതില്ലായിരുന്നു. കർഷകരോടു വളരെ അനുകമ്പാപൂർവ്വം വർത്തിച്ചു. അദ്ദേഹത്തിന്റെ ധനകാര്യോപദേഷ്ടാവായിരുന്ന രാജാതോഡർമാൾ ആയിരുന്നു ഭൂനികുതിസമ്പ്രദായം പരിഷ്കരിച്ചതു്.

അക്ബറുടെ കാലത്തു് ക്രൂരമായ പല സാമൂഹ്യാചാരങ്ങളും നടപ്പിലുണ്ടായിരുന്നു. സതി, ശൈശവവിവാഹം എന്നീ അനാചാരങ്ങൾ അക്കാലത്തു് നിലവിലിരുന്നു. വിധവാവിവാഹം അനുവദിച്ചിരുന്നില്ല. മുസ്ലീങ്ങളല്ലാത്തവർ 'ജസിയ' എന്ന തലക്കരം കൊടുക്കണമായിരുന്നു. തോല്പിക്കപ്പെട്ട യോദ്ധാക്കളെ അവരുടെ ശേഷിച്ച ജീവിതകാലം മുഴുവൻ ധനികർ അവരുടെ അടിമകളാക്കി വച്ചിരുന്നു. ഇത്തരം ദുരാചാരങ്ങളെ നിറുത്തുന്നതിനു അക്ബർ ശ്രമിച്ചു.

അക്ബർ ഒരു തികഞ്ഞ മതവിശ്വാസിയായിരുന്നു. തനിക്കു മനശ്ശാന്തി നൽകുന്ന ഒരു ആരാധനാസമ്പ്രദായം കണ്ടു പിടിക്കാൻ ചെറുപ്പം മുതൽ അദ്ദേഹം ആഗ്രഹിച്ചിരുന്നു. എല്ലാ മതങ്ങളിലും നന്മയുണ്ടെന്നു് അദ്ദേഹം വിശ്വസിച്ചു. വിവിധ മതങ്ങളിലെ പണ്ഡിതന്മാരെ തന്റെ കൊട്ടാരത്തിൽ വരുത്തി അവരുടെ മതങ്ങളെപ്പററി ചർച്ചകൾ നടത്തുകയും പഠിക്കുകയും ചെയ്തിരുന്നു. 'ദിവ്യത്വം' എന്നർത്ഥം വരുന്ന 'ദീൻ ഇലാഹി' എന്ന ഒരു പുതിയ മതം അദ്ദേഹം സ്ഥാപിച്ചു. മതകലഹങ്ങൾ ഇതുമൂലം അവസാനിക്കുമെന്നാണു് അദ്ദേഹം വിചാരിച്ചതു്.

മഹാനായ അക്ബറിനു് അക്ഷരജ്ഞാനമില്ലായിരുന്നു എന്നതു് വിസ്മയകരമാണു്. പക്ഷേ അറിവു് നേടാൻ അദ്ദേഹത്തിനു് വളരെ താല്പര്യമായിരുന്നു. പണ്ഡിതന്മാർ, കലാകാരന്മാർ, വിവിധ വിഷയങ്ങളിൽ സാമർത്ഥ്യം സിദ്ധിച്ചിട്ടുള്ളവർ എന്നിവരുടെ ഇടയിൽ കഴിയുന്നതായിരുന്നു അദ്ദേഹത്തിനു ഏററവും ഇഷ്ടം. അക്ബറുടെ കാലത്തു് ഭക്തിമാർഗ്ഗം പിൻതുടർന്നിരുന്ന രണ്ടു മഹാന്മാരായിരുന്നു തുളസീദാസും സൂർദാസും. അവർ ലളി

തവും മനോഹരവുമായ ഭാഷയിൽ അനേകം കവിതകൾ രചിച്ചിട്ടുണ്ട്.

സൈനിക കാര്യത്തിലും അക്ബർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കുതിരപ്പടയായിരുന്നു അദ്ദേഹത്തിൻെറ സൈന്യത്തിൽ അധികഭാഗവും. നീതിന്യായപരിപാലനത്തിനു് ഒരു പോലീസ് വകുപ്പും അദ്ദേഹം രൂപീകരിച്ചു. നാണയപരിഷ്കരണം നടത്തി. വിദ്യാലയങ്ങളും കേന്ദ്രഗ്രന്ഥശാലകളും അക്കാലത്തുണ്ടായിരുന്നു.

അക്ബർ A. D. 1605-ൽ ചരമമടഞ്ഞു. തുടന്നു് പുത്രനായ സലിം ജഹാംഗീർ എന്ന പേരോടുകൂടി ഭരണമാരംഭിച്ചു.

**ജഹാംഗിർ**:—ജഹാംഗിർ പ്രജകളുടെ മതവിശ്വാസങ്ങളിൽ കൈകടത്തിയില്ല നീതി നിർവ്വഹണക്കാര്യത്തിൽ ഒരാളുടെ മതമോ സമുദായത്തിലുള്ള സ്ഥാനമോ പരിഗണിച്ചിരുന്നില്ല. അതിനാൽ നീതിജ്ഞനായ ജഹാംഗിർ എന്നു് ജനങ്ങൾ അദ്ദേഹത്തെ വാഴ്ത്തി.

ചക്രവർത്തിനിയായിരുന്ന നൂർജഹാൻെറ ബുദ്ധിയിലും സാമത്ഥ്യത്തിലും വിശ്വസിച്ചു് ജഹാംഗിർ രാജ്യഭരണകാര്യങ്ങൾ അവരെ ഏല്പിച്ചിട്ടു് സുഖലോലുപനായി കഴിഞ്ഞുകൂടി.

ഈ കാലത്തു് ഇംഗ്ലണ്ടിലെ രാജാവിൻെറ പ്രതിനിധിയായ സർതോമസ്റോ ജഹാംഗിറിനെ സന്ദർശിക്കുകയും ഇംഗ്ലീഷ് കമ്പനിക്കു ചില കച്ചവടാനുകൂല്യങ്ങൾ സമ്പാദിക്കുകയും ചെയ്തു.

ജഹാംഗിറിൻെറ ഭരണകാലത്തു് അദ്ദേഹത്തിൻെറ പുത്രനായ 'ഖുറം' രജപുത്രരാജ്യമായ ഉദയപുരവും ഡക്കാണിലെ അഹമ്മദു നഗരവും പിടിച്ചടക്കി. നൂർജഹാൻെറ സ്വേച്ഛാധികാരത്തെ ഖുറം എതിർത്തു. ചക്രവർത്തിയ്ക്കെതിരായി യുദ്ധം ചെയ്തു. പക്ഷെ രാജകുമാരൻ ഡക്കാണിലേയ്ക്കു തോറോടേണ്ടിവന്നു. അതിനു ശേഷം ജഹാംഗിറിനേയും കൊണ്ടു നൂർജഹാൻ കാശ്മീരിൽ പോയി താമസമാക്കി. എ.ഡി. 1627-ൽ ജഹാംഗിർ മരിച്ചു. ഖുറം രാജകുമാരൻ ഷാജഹാൻ എന്നപേരിൽ സിംഹാസനസ്ഥനായി.

**ഷാജഹാൻ**—ഷാജഹാൻ സിംഹാസനസ്ഥനാകുന്നതിനു മുമ്പു തന്നെ പരാക്രമശാലിയായ ഒരു യോദ്ധാവാണെന്നു തെളിയിച്ചിരുന്നു. അക്കാലത്തു മുഗൾ സാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രഭുക്കന്മാർ മുഗൾഭരണത്തിൽനിന്നു സ്വതന്ത്രരാകാൻ ശ്രമിച്ചുകൊണ്ടിരുന്നു.

അദ്ദേഹം ചക്രവർത്തിയായതിനുശേഷം വടക്കേ പടിഞ്ഞാറൻ പ്രദേശങ്ങളിലും ഡക്കാണിലും ഉണ്ടായ ലഹളകൾ അമർച്ചചെയ്തു തന്റെ അധികാരം പുനഃസ്ഥാപിച്ചു.

ഷാജഹാന്റെ പത്നിയായിരുന്നു മുംതാസ് മഹൽ. ആ രാജ്ഞിയെ തന്റെ പ്രാണനുതുല്യം ചക്രവർത്തി സ്നേഹിച്ചിരുന്നു. ഷാജഹാനു രാജപദവി കിട്ടി ഒരു കൊല്ലം കഴിയുന്നതിനുമുമ്പ് മുംതാസ്മഹൽ മരിച്ചു. അന്ന് അവർക്ക് 37 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. അവർ സൗന്ദര്യത്തിലും, സ്വഭാവമൈന്മല്യത്തിലും, സംസ്കാരത്തിലും സ്ത്രീലോകത്തിനു ഒരു മാതൃകയായിരുന്നു. തന്റെ ഐശ്വര്യത്തിൽ പങ്കാളിയാകുവാൻ അവർ ജീവിച്ചിരിപ്പില്ലല്ലോ എന്നോർത്തു് ഷാജഹാൻ വളരെ ദുഃഖിച്ചു. അതോടെ അദ്ദേഹത്തിന്റെ ഉത്സാഹം മുഴുവൻ നിലച്ചു. അദ്ദേഹം തന്റെ പ്രിയതമയ്ക്കായി ഏററവും മനോഹരമായ ഒരു സ്മാരക മന്ദിരം പണിയണമെന്നു തീരുമാനിച്ചു. കിട്ടാവുന്നതിൽ വച്ച് ഏററവും നല്ല ശില്പികളേയും കലാകാരന്മാരേയും വരുത്തി മനോഹരമായ ഒരു ശവകുടീരം അദ്ദേഹം പണികഴിപ്പിച്ചു. അതാണ് താജ്മഹൽ.

യമുനയുടെ കരയിൽ ഒരു വിശിഷ്ടമായ ഉദ്യാനത്തിനു നടുവിൽ മാർബിൾ കൊണ്ടു പണിതിരിക്കുന്ന ഏററവും മനോഹരമായ ഒരു സൗധമാണിതു്. ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്നായി ഇതു് ഇന്നും ആഗ്രയിൽ പ്രശോഭിക്കുന്നു. ഇരുപതിനായിരം ജോലിക്കാർ ഇരുപതുവർഷം രാവും പകലും ജോലിചെയ്താണ് ഈ മന്ദിരം പണിതീർത്തതു.

ഷാജഹാൻ ആഗ്രയിലും ദില്ലിയിലും അനേകം മനോഹര സൗധങ്ങൾ പണികഴിപ്പിച്ചിട്ടുണ്ടു്.

ഷാജഹാന്റെ മൂന്നാമത്തെ പുത്രനായ ഔറംഗസീബ് തന്റെ സഹോദരന്മാരെ തോല്പിക്കുകയും പിതാവിനെ തടവുകാരനാക്കുകയും ചെയ്തുകൊണ്ടു് സിംഹാസനം കരസ്ഥമാക്കി.

**ഔറംഗസീബ്**—ഷാജഹാന്റെ ഭരണകാലത്തുതന്നെ ഔറംഗസീബ് ഡക്കാൺ, ഗുജറാത്തു് എന്നീ പ്രദേശങ്ങളിലെ ഗവർണ്ണറായി ഭരണസാമർത്ഥ്യം നേടിയിരുന്നു. ചില രാജ്യങ്ങൾ ആക്രമിക്കാൻ അദ്ദേഹം തന്നെ നേതൃത്വം ഏറ്റിരുന്നു. ചക്രവത്തിപദം ഏറ്റെടുത്ത

ശേഷം ഉത്തരേൻഡ്യയിലും ഡക്കാണിലും ഉണ്ടായിരുന്ന അഫ്ഗാൻ സുൽത്താന്മാർ, രജപുത്രർ, പത്താന്മാർ, മഹാരാഷ്ട്രർ എന്നിവരോടെല്ലാം യുദ്ധം ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ ഉത്തര ഇൻഡ്യ മുഴുവനും ഡക്കാണും തന്റെ സാമ്രാജ്യത്തിൽ ഉൾപ്പെടുത്തി. എങ്കിലും ചുററുമുള്ളവർ എപ്പോഴും ആക്രമണം നടത്തിക്കൊണ്ടിരുന്നു. മതപരമായ കാര്യങ്ങളിലും ഹിന്ദുക്കളോടുള്ള പെരുമാററത്തിലും അദ്ദേഹം അക്ബറിന്റെ നയത്തിനെതിരായ രീതിയാണ് സ്വീകരിച്ചതു്. ഇസ്ലാം മതത്തിൽ അദ്ദേഹത്തിനു് ഉറച്ച വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്വകാര്യ ജീവിതം വളരെ ലളിതവും പരിശുദ്ധവുമായിരുന്നു. അദ്ദേഹത്തിന്റെ ഭരണനയങ്ങൾകൊണ്ടും പിൻഗാമികളുടെ ശേഷിക്കുറവു കൊണ്ടും മുഗൾ സാമ്രാജ്യം ക്രമേണ ക്ഷയിച്ചു.

## മുഗൾ ഭരണകാലത്തെ ചില സവിശേഷതകൾ

മുഗളന്മാരുടെ കാലത്തു് കലകളോട് അവർക്കുള്ള താത്പര്യത്തെ പ്രകടമാക്കുന്ന നിരവധി കെട്ടിടങ്ങളും, പള്ളികളും, ശവക്കല്ലറകളും, സ്മാരകങ്ങളും നിർമ്മിക്കപ്പെട്ടിട്ടുണ്ടു്. മുഗളർക്കു മുൻപു് ദില്ലിയിലും മററു പ്രദേശങ്ങളിലും ഭരിച്ചിരുന്ന അഫ്ഗാൻ സുൽത്താന്മാരും കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. ജോഡ്പൂരിലേയും അഹമ്മദബാദിലേയും പള്ളികളും കൊട്ടാരങ്ങളും ഇതിനു തെളിവാണു്. കുത്തബ്മിനാർ വളരെ കീർത്തികേട്ട ഒരു സ്തംഭമാണു്. അസാമാന്യമായ സമ്പത്തുണ്ടായിരുന്ന മുഗൾ ചക്രവർത്തിമാരുടെ കാലത്തു് ശില്പകല അത്യുച്ചനിലയെ പ്രാപിക്കയുണ്ടായി. ഹിന്ദുമുസ്ലീം കലാരീതികളുടെ സമ്മേളനമാണു് അക്ബർ നിർമ്മിച്ച ഫത്തേപൂർ–സിക്രി എന്ന പട്ടണത്തിൽ നിഴലിക്കുന്നതു്. ഷാജഹാൻ നിർമ്മിച്ച ചെങ്കോട്ട, മുത്തുപള്ളി, താജ്മഹൽ എന്നിവയുടെ കീർത്തി ലോകം മുഴുവനും എത്തിയിട്ടുണ്ടു്. മുഗൾഭരണകാലത്തു് പേർഷ്യൻ രീതിയിലുള്ള നിരവധി തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയുണ്ടായി. ഷാലിമാർ തോട്ടങ്ങൾ ഇന്നും നിലനിർത്തിപ്പോരുന്നുണ്ടു്.

ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും സമ്മതനായ ഒരു ദേശീയ ചക്രവർത്തിയായിട്ടാണു് അക്ബർ ഭരിച്ചതു്. ഉദാരമായ നടപടികളാൽ അദ്ദേഹം ഹിന്ദുക്കളുടെ സ്നേഹം സമ്പാദിച്ചു. രാജാ ടോഡർമാൾ

രാജാമാനസിംഹൻ, ബീർബലൻ എന്നീ ഹിന്ദു പ്രധാനികൾ അക്ബറെ രാജ്യഭരണത്തിൽ സഹായിച്ചിരുന്നു. അക്ബർ എല്ലാ മതവിഭാഗക്കാരോടും സ്നേഹത്തിൽ കഴിഞ്ഞു. അവരെ തമ്മിൽ സഹകരിപ്പിക്കുന്നതിന് അദ്ദേഹത്തിൻെറ ഭരണം സഹായിച്ചു.

അക്ബർ അനാവശ്യമായ ചുങ്കങ്ങൾ നിത്തലാക്കിക്കൊണ്ടു കച്ചവടം വൎദ്ധിപ്പിച്ചു. 'ജമിന്ദാരി' സമ്പ്രദായം നിൎത്തലാക്കി കർഷകരെ ആശ്വസിപ്പിക്കുകയും ഖജനാവിലേയ്ക്കു വരവു വൎദ്ധിപ്പിക്കുകയും ചെയ്തു. കച്ചവടത്തിനും ഗതാഗതത്തിനും വേണ്ടി റോഡുകൾ നന്നാക്കുകയും പണിയിക്കുകയും ചെയ്തു. നാണ്യവ്യവസ്ഥ പരിഷ്കരിച്ചു. 'മൊഹർ' എന്ന സ്വൎണ്ണനാണയം അദ്ദേഹത്തിൻെറ കാലത്തിറക്കിയതാണ്. അദ്ദേഹത്തിൻെറ ഭരണകാലത്തു് ഭാരതത്തിൽ ഒരു ഏകീകൃതഭരണം നിലവിൽ വന്നു.

ജനങ്ങളുടെ ഇടയിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിൎത്തലാക്കാൻ അക്ബർ വളരെ പരിശ്രമിച്ചു. മൃഗബലി, മദ്യപാനം എന്നീ ദൂഷിച്ച സമ്പ്രദായങ്ങൾ നിൎത്തലാക്കി. സതി നിൎത്തലാക്കാനും ബാല്യവിവാഹം നിരോധിക്കാനും വിധവകളെ പുനർവിവാഹത്തിനനുവദിക്കാനും സ്ത്രീകളെ സമൂഹത്തിൽ നിന്നു് ഒററപ്പെടുത്താതിരിക്കാനും വേണ്ടി അദ്ദേഹം ചെയ്ത ശ്രമങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്.

മുഗൾ ഭരണകാലത്തു് ഇൻഡ്യയിൽ സാഹിത്യത്തിന് അതിയായ മുന്നേറ്റമുണ്ടായി. അബ്ദുൽഫാസൽ, അബ്ദുൽഫെയ്സി എന്നീ പേർഷ്യൻ സാഹിത്യകാരന്മാർ ധാരാളം പേർഷ്യൻ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. തുളസീദാസ്, സൂർദാസ്, രാമദാസ് എന്നീ ഭക്തകവികൾ അനേകം ഭക്തിഗാനങ്ങൾ രചിച്ചുകൊണ്ടു് ഹിന്ദിഭാഷയെ പോഷിപ്പിച്ചു. തുളസീദാസ്, 'രാമചരിതമാനസ്' എന്നപേരിൽ രാമായണകഥ ഹിന്ദിയിൽ രചിച്ചിട്ടുണ്ട്. പേർഷ്യൻ, തുൎക്കി, അറബി എന്നീ ഭാഷകളിൽനിന്നും രൂപം പ്രാപിച്ച ഒരു സങ്കരഭാഷയാണ് ഉറദു.

വടക്കേ ഇൻഡ്യയിൽ ഹിന്ദുക്കളും മുസ്ലീങ്ങളും 'പർദ്ദാ' സമ്പ്രദായം ഉപേക്ഷിച്ചിരുന്നില്ല. എങ്കിലും അക്കാലത്തു് പ്രശസ്തരായ ചില സ്ത്രീരത്നങ്ങളും ജീവിച്ചിരുന്നു. നൂർജഹാൻ, ചാന്ദ്ബീബി, താരാബായ് തുടങ്ങിയവർ ഇവരിൽ പ്രധാനികളാണ്. ശിവജിയെ വളർത്തിയ ജീജബായി ഇക്കാലത്തെ ഒരു ആദർശമാതാവായിരുന്നു.

പരുത്തി വസ്ത്ര നിർമ്മാണം ഭാരതത്തിലെല്ലായിടത്തും ഒരു പോലെ വികസിച്ച ഒരു വ്യവസായമായിരുന്നു. മസൂലി പട്ടണം, കാശി എന്നീ സ്ഥലങ്ങൾ ഇതിനു പ്രത്യേകം പ്രധാനപ്പെട്ട കേന്ദ്ര ങ്ങളായിരുന്നു. പട്ടും, പരവതാനിയും ഇക്കാലത്ത് നിർമ്മിക്കപ്പെട്ടി രുന്നു. ബംഗാൾ, കച്ച് എന്നിവിടങ്ങളിൽ കപ്പൽ വ്യവസായം പുരോഗമിച്ചു. കൗതുക വസ്തുക്കളുടെ നിർമ്മാണം ഒരു കുടിൽ വ്യവസായമായിരുന്നു. ആനക്കൊമ്പിലും, എബണിത്തടിയിലും കൊത്തുപണികൾ ചെയ്യുന്നതിലും ജനങ്ങൾ വിദഗ്ദ്ധരായിരുന്നു. ബംഗാളിലെ ഡാക്കാജില്ല, മസ്ലിൻ തുണിക്ക് പ്രസിദ്ധമായിരുന്നു.

വിദേശങ്ങളുമായി ഇൻഡ്യ വളരെയധികം കച്ചവടം നടത്തി വന്നു ഏഷ്യയിലേയും യൂറോപ്പിലേയും ധനസമൃദ്ധിയുള്ള എല്ലാ രാജ്യങ്ങളുമായും നമുക്ക കച്ചവടബന്ധമുണ്ടായിരുന്നു. കച്ച മുതൽ കൽക്കട്ടാവരെയുള്ള സമുദ്ര തീരത്ത് അക്കാലത്ത് അനേകം നല്ല തുറമുഖങ്ങൾ ഉയർന്നു വന്നു.

മുഗൾ ചക്രവർത്തിമാരും പ്രഭുക്കന്മാരും ആഡംബര ജീവിത മാണ് നയിച്ചിരുന്നത്. എന്നാൽ ഗ്രാമീണജീവിതം ദുഃഖമയ മായിരുന്നു. കർഷകരുടേയും കുടിൽ വ്യവസായികളുടേയും സ്ഥിതി പരിതാപകരമായിരുന്നു. സാധാരണക്കാരിൽ പഴയ അന്ധവിശ്വാ സങ്ങളും അനാചാരങ്ങളും വേരൂന്നിനിന്നു. ക്ഷാമം ഗ്രാമീണരെ അലട്ടി വന്നു. അതിനു പരിഹാരം ഉണ്ടാക്കുന്നതിനുള്ള ശ്രദ്ധയോ, താത്പര്യമോ മുഗൾ ചക്രവർത്തിമാർക്കുണ്ടായിരുന്നില്ല.

## പ്രായോഗിക പ്രവർത്തനങ്ങൾ:—

1. പ്രശസ്തരായ മുഗൾ ചക്രവർത്തിമാരുടെ ജീവചരിത്രങ്ങൾ വായിക്കുക.
2. ബാബർ, അക്ബർ, താജ്മഹൽ എന്നീ ചിത്രങ്ങൾ ശേഖരിച്ച് ആൽബത്തിൽ ഒട്ടിയ്ക്കുക.

# അദ്ധ്യായം 10

## യൂണിററ് IX

### ചില മഹാന്മാരും മഹതികളും

ലോകചരിത്രത്തിൽ വിവിധ കാലഘട്ടത്തിൽ പല മഹാന്മാരും മഹതികളും ജീവിച്ചിരുന്നിട്ടുണ്ട്. അവർ ലോകത്തിന് വേണ്ടി വളരെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. എല്ലാ ഗുണങ്ങളും ഒരാളിൽ കണ്ടെന്നു വരികയില്ല. സാഹിത്യം, രാഷ്ട്രീയം, തത്വചിന്ത, കല, ശാസ്ത്രം, ആതുരസംരക്ഷണം, രാജ്യരക്ഷ മുതലായ വിവിധ മണ്ഡലങ്ങളിൽ സുപ്രസിദ്ധി നേടിട്ടുള്ളവരിൽ ചിലരെപ്പററി പഠിക്കാം.

1. **മൈക്കേൽ ആഞ്ചലോ** —1475-ൽ ഇററലിയിലുള്ള ടസ്കണിയിലെ കാപ്രീസ് എന്ന സ്ഥലത്താണ് മൈക്കേൽ ആഞ്ചലോ ജനിച്ചതു്. ചിത്രമെഴുത്തിൽ ഏററവും കൂടുതൽ ലോകപ്രസിദ്ധി നേടിയ ഒരു മഹാനാണ് ഇദ്ദേഹം. അദ്ദേഹത്തിൻെറ കലാപ്രാവീണ്യം 'ലോറൻസോ ഡി മെഡിസ്'' എന്ന ഫ്ളോറൻസുകാരൻ മനസ്സിലാക്കി. അതിന്റെ ഫലമായി മൈക്കേലിന് അദ്ദേഹത്തിൻെറ കീഴിൽ ഒരു ജോലി നൽകുകയും വേണ്ട എല്ലാ പ്രോത്സാഹനങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തു.

തന്റെ രക്ഷാധികാരിയുടെ മരണശേഷം ആഞ്ചലോ 1496-ൽ റോമിൽ എത്തി. 'ബേക്കസ്'' 'കാമദേവൻ' 'ക്രിസ്തുവിന്റെ മരണത്തിൽ കണ്ണുനീർ പൊഴിക്കുന്ന കന്യകാ മാതാവു്'' എന്നീ പ്രസിദ്ധ ഛായാചിത്രങ്ങളുടെ രചന ഇക്കാലത്താണ് നടന്നതു്.

ഡിസ്റ്റിനാ പള്ളിയുടെ മേൽത്തട്ടിൽ അദ്ദേഹം ചെയ്ത ഛായാചിത്രപ്പണി വളരെ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ളതാണ്. യുദ്ധകാലത്തു് ഫ്ളോറൻസ് പട്ടണത്തിൻെറ പ്രതിരോധത്തിൽ ഒരു എൻജിനീയറായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. 1542--ൽ റോമിൽ വച്ചു് അദ്ദേഹം തൻെറ പ്രസിദ്ധമായ "അന്ത്യന്യായവിധി" (Last Judgment) എന്ന പ്രസിദ്ധപ്പെട്ട ചിത്രമെഴുതാൻ തുടങ്ങി. അതു പൂർത്തിയാക്കുന്നതിനു തന്നെ നാലുവർഷ

ങ്ങൾ ഭേവണ്ടിവന്നു. 1542-ൽ സെൻറ പീററർ പള്ളി നിർമ്മാണത്തിന് പ്രധാന ശില്പിയായി നിയമിതനാകുകയും ആ പള്ളിയുടെ കുംഭസ്തംഭം അദ്ദേഹം പണിയുകയും ചെയ്തു. കവി എന്ന നിലയിലും അദ്ദേഹം പ്രശസ്തി നേടിയിരുന്നു.

2. **വില്യം ഷേക്സ്പീയർ:**—A.D. 1564-ൽ ഇംഗ്ലണ്ടിൽ ജനിച്ച ഷേക്സ്പീയർ പിൽക്കാലത്തെ അതുല്യനായ നാടകകൃത്തും കവിയുമായി ഉയൎന്നു. സ്റ്റ്രാററ് ഫോർഡിൽ വെച്ച് അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കി. അതിനുശേഷം അദ്ദേഹം ലണ്ടനിലേക്കുവരികയും ഒരു നാടകശാലയിൽ ജോലി നോക്കുകയും ക്രമേണ ഒരു നടനായി ഉയരുകയും ചെയ്തു. നടനായി പരിശീലനം ലഭിച്ച അദ്ദേഹം അവസാനം ഒരു നാടകകൃത്തായിത്തീർന്നു. അദ്ദേഹത്തിൻെറ നാടകങ്ങൾ എല്ലാം തന്നെ ലോകപ്രസിദ്ധങ്ങളാണ്. ധാരാളം കവിതകളും അദ്ദേഹം എഴുതിയിട്ടുണ്ട്. എങ്കിലും നാടകകൃത്ത് എന്നനിലയിലാണ് ഷേക്സ്പീയർ ലോകപ്രശസ്തി നേടിയിട്ടുള്ളതു്. വെനിസിലെ വ്യാപാരി എന്ന കഥ നിങ്ങൾ വായിച്ചിട്ടുണ്ടായിരിക്കുമല്ലോ ഇതു് അദ്ദേഹത്തിൻെറ പ്രസിദ്ധമായ ഒരു നാടകത്തിലെ കഥയാണ്. അദ്ദേഹത്തിൻെറ മിക്ക ഗ്രന്ഥങ്ങളും ലോകത്തിലെ മിക്കവാറും എല്ലാ ഭാഷകളിലും തർജ്ജമ ചെയ്തിട്ടുണ്ട്.

3. **ഏബ്രഹാം ലിങ്കൺ:**—ഏബ്രഹാം ലിങ്കൺ അമേരിക്കയിൽ കെൻറക്കി എന്ന സ്ഥലത്തു് 1809-ൽ ജനിച്ചു. വളരെ ദാരിദ്ര്യത്തിലാണ് ബാല്യകാലം മുഴുവൻ കഴിച്ചുകൂട്ടിയതു്. കുട്ടിക്ക് 9 വയസ്സുള്ളപ്പോൾ അമ്മ മരിച്ചുപോയതിനാൽ ചിററമ്മയാണ് വളർത്തിയതു്. ഇദ്ദേഹം പിൽക്കാലത്തു് ഒരു വലിയ നേതാവായിത്തീരുമെന്നുള്ള പ്രതീക്ഷ അദ്ദേഹത്തിൻെറ പിതാവിനില്ലായിരുന്നു.

സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ലിങ്കൺ നിയമം പഠിച്ചു. പിന്നീട് ഒരു സ്റ്റോറിലെ ഗുമസ്തനായും, ഗ്രാമത്തിലെ പോസ്റ്റ് മാനായും സർവ്വെയർ ആയും ജോലി നോക്കിയിരുന്നു. അതിനു ശേഷം അദ്ദേഹത്തിനു നിയമസഭയിൽ അംഗത്വം ലഭിക്കുകയും പുരോഗമന കക്ഷിയുടെ നേതാവായിത്തീരുകയും ചെയ്തു. 1846-ൽ ലിങ്കൺ അമേരിക്കൻ കോൺഗ്രസിൽ അംഗമായി. അടിമക്കച്ച

വടത്തിന്റെ പ്രശ്നം ഉയർന്നു വന്ന സന്ദർഭത്തിൽ രാഷ്ട്രീയ കാര്യത്തിൽ മുഴുകുകയും ഒരു നിയമസഭാ സാമാജികനെന്ന നിലയിലും അടിമക്കച്ചവടത്തെ എതിർത്തിരുന്ന ആളെന്ന നിലയിലും പ്രസിദ്ധനാവുകയും ചെയ്തു. 1860-ൽ അദ്ദേഹത്തെ അമേരിക്കൻ പ്രസിഡണ്ടായി തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ എതിരാളികളായ തെക്കൻ സ്റ്റേറ്റുകാർ അടിമക്കച്ചവടം നിലനിർത്തണമെന്ന പക്ഷക്കാരായിരുന്നു. എന്നാൽ ലിങ്കൺ യാതൊരു വിധമായ വിട്ടുവീഴ്ചക്കും തയ്യാറായില്ല. എതിരാളികൾ അഴിച്ചു വിട്ട ആഭ്യന്തര സമരത്തെ അദ്ദേഹം ധീരമായി നേരിട്ടു പൂർണ്ണമനഃസ്സോടുകൂടി യുദ്ധം നടത്തി വിജയം വരിച്ചു. 1863-ൽ നവവത്സര ദിനത്തിൽ അടിമകളെ മോചിപ്പിച്ചുകൊണ്ടുള്ള ചരിത്ര പ്രസിദ്ധമായ പ്രഖ്യാപനം ഉണ്ടായി. 1864-ൽ അദ്ദേഹത്തെ വീണ്ടും പ്രസിഡണ്ടായി തിരഞ്ഞെടുത്തു. എന്നാൽ അധികം താമസിയാതെ ഒരു ഭ്രാന്തൻ അദ്ദേഹത്തെ വെടിവെച്ചു കൊന്നു.

4. **ഫ്ളോറൻസ് നൈറ്റിംഗേൽ:**—ആതുരസേവനം, പരോപകാരതല്പരത എന്നീ ഗുണവിശേഷങ്ങളുടെ വിളനിലമായിരുന്ന നൈറ്റിംഗെയിൽ 1820-ൽ ഫ്ളോറൻസിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു. രോഗികളെ ശുശ്രൂഷിച്ചു കഴിയുന്നതു ഉത്തമമായ ജീവിതമാണെന്നു് ചെറുപ്പത്തിൽ തന്നെ ആ പെൺകുട്ടി കരുതിയിരുന്നു. തന്റെ കളിപ്പാവകൾ സുഖക്കേടാണെന്നു സങ്കല്പിച്ചു് അതിനെ വളരെ താത്പര്യത്തോടെ ശുശ്രൂഷിച്ചുകളിക്കുക അവളുടെ ഒരു പതിവായിരുന്നു.

പെൺകുട്ടികൾ ദീനശുശ്രൂഷ ചെയ്യുക അക്കാലത്തു് അപൂർവ്വമായിരുന്നു. അതു് ഏറ്റവും അപമാനകരമായ ജോലിയാണെന്നാണു് അന്നു് കരുതപ്പെട്ടിരുന്നതു്. പക്ഷേ നയിറ്റിംഗേൽ ആ ജോലി അഭികാമ്യമായി കരുതി. അതിനുവേണ്ടി മുതിർന്നതിനാൽ മാതാപിതാക്കളുടെ എതിർപ്പു് നേരിടേണ്ടിവന്നു. കുറച്ചു കാലം വൈദ്യഗ്രന്ഥങ്ങൾ പഠിക്കുന്നതിനും അടുത്തുള്ള ആശുപത്രികൾ സന്ദർശിക്കുന്നതിനും അവൾ സമയം ചെലവഴിച്ചു.

ഈ അവസരത്തിലാണു് ക്രിമിയൻ യുദ്ധം ആരംഭിച്ചതു്. ഇംഗ്ലണ്ടു്, ഫ്രാൻസു്, തുർക്കി എന്നീ രാജ്യങ്ങൾ സഖ്യകക്ഷികളായി ഒരു വശത്തും റഷ്യ മറുഭാഗത്തും ആയി യുദ്ധം നടന്നു.

അനേകം ഭടന്മാർ മുറിവേററും രോഗം ബാധിച്ചും കഷ്ടപ്പെടുന്നു എന്ന വാർത്ത ശ്രവിച്ച ഫ്ളോറൻസ് ഉടൻതന്നെ ഒരു സേവാസംഘത്തെ സംഘടിപ്പിച്ചുകൊണ്ടു് ക്രിമിയയിലേക്കു പോയി.

സ്കൂട്ടാരി എന്ന സ്ഥലത്തെ ആശുപത്രിയിലായിരുന്നു ഇംഗ്ലീഷ് ഭടന്മാർ കിടന്നിരുന്നതു്. മുറിവേററവൎക്കും രോഗികൾക്കും വേണ്ട ആഹാരം, വസ്ത്രം, കിടക്ക മുതലായ അത്യാവശ്യസാധനങ്ങൾ പോലും അവിടെ ഇല്ലായിരുന്നു. എങ്കിലും ഫ്ളോറൻസ് എത്രയും വേഗം ദുരിതമനുഭവിക്കുന്ന പട്ടാളക്കാരെ ശുശ്രൂഷിക്കുന്നതിൽ മുഴുകി. വിശ്രമമില്ലാതെ പ്രവൎത്തിച്ച ആ വനിത മററുള്ളവരുടെ ബഹുമാനത്തിനു പാത്രമായി.

യുദ്ധാനന്തരം ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയ ഫ്ളോറൻസിനു് ദേഹാസ്വാസ്ഥ്യം ഉണ്ടായിരുന്നെങ്കിലും അവർ വിശ്രമമെടുത്തില്ല. പൊതുജനനന്മയെ ഉദ്ദേശിച്ചു് അവർ സെൻറതോമസ് ആശുപത്രിയിലും കിംഗ്സ് കോളെജ് ആശുപത്രിയിലും നഴ്സുമാൎക്കു പരിശീലനംകൊടുക്കുന്ന ഓരോ കോളേജുകൾ ബഹുജനപിൻതുണയോടുകൂടി സ്ഥാപിച്ചു. സമൎത്ഥരും പരിചിതരുമായ നഴ്സുമാരുടെ സേവനത്തിൻെറ ബഹുമതിക്കു് അർഹയായിട്ടുള്ളതു് ഫ്ളോറൻസ് ആണു്.

5. **മാർക്കോണി.** ഇററാലിയൻ ശാസ്ത്രജ്ഞനായ മാൎക്കോണി 1874-ൽ ജനിച്ചു. ഇദ്ദേഹമാണു് കമ്പികളുടെ സഹായമില്ലാതെ വാൎത്താവിനിമയം ചെയ്യാമെന്നു കണ്ടുപിടിച്ചതു്. അന്നു് അദ്ദേഹത്തിനു 21 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. 1896-ൽ അദ്ദേഹം ഇംഗ്ലണ്ടിൽ പോയി കമ്പിയില്ലാക്കമ്പി ആദ്യമായി സംവിധാനം ചെയ്തു. പിന്നീടു് ഇംഗ്ലണ്ടും ഫ്രാൻസും തമ്മിലും കോൺവാളും ന്യൂഫൌണ്ടുലൻഡും തമ്മിലും റേഡിയോ ബന്ധം സ്ഥാപിച്ചു. 1909-ൽ അദ്ദേഹം നോബൽ സമ്മാനം നേടി. ഒന്നാം ലോകമഹായുദ്ധകാലത്തു് അദ്ദേഹത്തിനു് ഇററലിയിലെ റേഡിയോ ഏപ്പാടുകളുടെ ചുമതലയുണ്ടായിരുന്നു. യുദ്ധാനന്തരം 1919-ൽ ഇംഗ്ലണ്ടിൽ ചെംസ്ഫോർഡ് എന്ന സ്ഥലത്തു് വച്ചു് അദ്ദേഹം ലോകത്തിലെ ആദ്യത്തെ പ്രക്ഷേപണകേന്ദ്രം പ്രവൎത്തിപ്പിച്ചു. 1937 ൽ ഈ മഹാൻ മരിച്ചു.

### പ്രായോഗികപ്രവർത്തനങ്ങൾ

a. മൈക്കൽ ആഞ്ചലോയുടെ പ്രസിദ്ധചിത്രങ്ങളുടെ പ്രതികൾ ശേഖരിച്ച് ആൽബത്തിൽ ഒട്ടിക്കുക.

b. ഏബ്രഹാം ലിങ്കൺ, ഫ്ളോറൻസ് നൈററിംഗേൽ എന്നിവരുടെ ജീവിതകഥ അഭിനയിക്കുക.

c. ഷേക്സ്പിയറുടെ നാടകങ്ങളുടെ മലയാള വിവർത്തനങ്ങൾ വായിക്കുക.

d. 'റേഡിയോ'യുടെ ചരിത്രം എന്ന ഒരു ഉപന്യാസം തയാറാക്കുക.

---

## അദ്ധ്യായം 11

### യൂണിററ് X

### ജനാധിപത്യ വ്യവസ്ഥിതിയിലെ ജീവിതം

നാം എങ്ങനെ നമ്മെ ഭരിക്കുന്നു ?

1947-ആഗസ്റ്റ് 15-ാം തീയതി ഇൻഡ്യയ്ക്ക് ഇംഗ്ലീഷുകാരിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു. അതിനുശേഷം കോൺസ്റ്റിറവൻറ് അസംബ്ളി എന്ന പേരിൽ നിലവിലുണ്ടായിരുന്ന കേന്ദ്ര നിയമസഭ ഇൻഡ്യയുടെ ഭരണഘടന എഴുതിയുണ്ടാക്കി. 1950 ജാനുവരി 26-ാം തീയതി ഇൻഡ്യ ഒരു ജനാധിപത്യ റിപ്പബ്ളിക്കായി പ്രഖ്യാപിക്കപ്പെട്ടു. ഈ പ്രഖ്യാപനത്തിൽ പ്രധാനമായ മൂന്നു സംഗതികൾ അടങ്ങിയിരുന്നു.

1. ഇൻഡ്യ പരിപൂർണ്ണസ്വാതന്ത്ര്യവും പരമാധികാരവുമുള്ള ഒരു രാജ്യമാണ്.

2. ഇൻഡ്യയിലെ ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികളാണ് ഈ രാജ്യത്തിൻെറ ഭരണം നടത്തുന്നത്.

3. ഇൻഡ്യാ ഒരു റിപ്പബ്ളിക്കാണ്. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡൻറോടു കൂടിയതും ജനങ്ങൾക്കുതന്നെ ഭരണാധികാരമുള്ളതുമായ ഒരു രാജ്യമാണ് റിപ്പബ്ളിക്ക്.

നമ്മുടെ ഭരണഘടനയ്ക്കു ചില പ്രത്യേകതകൾ ഉണ്ട്.

1. രാഷ്ട്രത്തിൻെറ പരമാധികാരം പൗരന്മാരിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു.

2. ഇൻഡ്യ ഒരു മതേതര രാഷ്ട്രമാണ്. ജാതിഭേദമോ മതത്തിൻ്റേയോ പേരിൽ യാതൊരു വ്യത്യാസവും കാണിക്കാതെ എല്ലാ മതവിഭാഗക്കാരേയും തുല്യമായി കാണുന്ന ഒരു രാഷ്ട്രമാണ് മതേതരരാഷ്ട്രം.

3. ഇൻഡ്യ ഒരു സംയുക്തരാഷ്ട്രമാണ്. ഒന്നിലധികം സംസ്ഥാനങ്ങളോടുകൂടിയതും അവ ഓരോന്നിനും സ്വയംഭരണാവകാശം നൽകുന്നതുമായ ഒരു രാഷ്ട്രമാണ് സംയുക്തരാഷ്ട്രം.

ഇൻഡ്യൻ യൂണിയൻ്റെ ഭരണം കേന്ദ്രഗവൺമെൻറും സംസ്ഥാനങ്ങളുടെ ഭരണം സംസ്ഥാന ഗവൺമെൻറുകളും നടത്തുന്നു. ഓരോ ഗവൺമെൻറും കൈകാര്യം ചെയ്യേണ്ട അധികാരങ്ങൾ ഭരണഘടനയിൽ വേർതിരിച്ചു കാണിച്ചിട്ടുണ്ട്. നമുക്ക് ലിഖിത ഭരണഘടനയാണുള്ളത്. ഇതു ഭേദപ്പെടുത്താവുന്നതുമാണ്.

ഇൻഡ്യൻ ഭരണക്രമത്തിനു ഭരണസമിതി, നിയമ നിർമ്മാണസഭ, നീതിന്യായ വകുപ്പ് എന്നിങ്ങനെ മൂന്നു ഘടകങ്ങളുണ്ട്.

ഭരണഘടനയനുസരിച്ച് നമ്മുടെ രാജ്യത്തിൻെറ ഭരണം നടത്താനുള്ള അധികാരം പ്രസിഡൻറിനാണുള്ളത്.

**പ്രസിഡൻറ (രാഷ്ട്രപതി)**:—പാർലമെൻറിൻ്റെ ഇരുസഭകളിലെ തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാരും, സ്റ്റേറ്റ് അസംബ്ളികളിലെ തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാരും കൂടിച്ചേർന്നാണ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. അദ്ദേഹത്തിൻെറ കാലാവധി അഞ്ചുകൊല്ലമാണ്. മുപ്പത്തിയഞ്ചു വയസ്സിനുമേൽ പ്രായവും ലോകസഭയിൽ അംഗമായിരിക്കാൻ യോഗ്യതയുമുള്ള ഏതൊരു ഇൻഡ്യൻ പൗരനും ഇൻഡ്യയുടെ രാഷ്ട്രപതിയാകാവുന്നതാണ്. രാഷ്ട്രപതിയുടെ അധികാരങ്ങൾ എന്തെല്ലാമെന്നു ഭരണഘടന

യിൽ വ്യവസ്ഥയുണ്ട്. അധികാരങ്ങൾ ഉപയോഗിക്കുന്നതു് മന്ത്രി സഭയുടെ ഉപദേശപ്രകാരമായിരിക്കണം എന്നും വ്യവസ്ഥയുണ്ട്.

**വൈസ് പ്രസിഡൻറു്** (ഉപരാഷ്ട്രപതി):—പാർല മെൻറിൻെറ രണ്ടു മണ്ഡലങ്ങളുടേയും ഒരു സംയുക്തയോഗമാണു് ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നതു്. രാഷ്ട്രപതിക്കു വേണ്ട യോഗ്യതകളും, രാജ്യസഭയിലെ അംഗമാകാനുള്ള യോഗ്യതയും ഉപരാഷ്ട്രപതിക്കുണ്ടായിരിക്കണം. രാജ്യസഭയിലെ അദ്ധ്യക്ഷൻ അദ്ദേഹമാണു്. രാഷ്ട്രപതിയുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ കർത്തവ്യങ്ങൾ നിറവേററുന്നതു് ഉപരാഷ്ട്രപതിയായിരിക്കും.

**പ്രധാനമന്ത്രി**.—നിയമസഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ പ്രധാനമന്ത്രിയായും പ്രധാന മന്ത്രി നിർദ്ദേശിക്കുന്ന വരെ സഹമന്ത്രിമാരായും പ്രസിഡൻറു നിയമിക്കുന്നു.

**മന്ത്രിസഭ**:— മന്ത്രിസഭയുടെ സഹായത്തോടുകൂടിയാണു് പ്രസിഡൻറു് രാഷ്ട്രത്തിൻെറ ഭരണം നിർവ്വഹിക്കുന്നതു്. മന്ത്രി സഭയ്ക്കു് കൂട്ടുത്തരവാദിത്വമാണുള്ളതു്. ലോകസഭയുടെ പിൻ തുണ നഷ്ടപ്പെട്ടാൽ മന്ത്രിസഭ രാജിവച്ചു പിരിയേണ്ടതാണു്. ഓരോ മന്ത്രിയും ഓരോ പ്രത്യേക ഭരണവകുപ്പിൻെറ ചുമതല വഹി ക്കുന്നു വിദേശനയം, ധനകാര്യം, വിദ്യാഭ്യാസം, രാജ്യരക്ഷ തുട ങ്ങിയവയാണു് ചില ഭരണ വകുപ്പുകൾ.

**പാർലമെൻറു** (**കേന്ദ്രനിയമസഭ**):— ഇൻഡ്യയ്ക്കു് പൊതുവേ ആവശ്യമുള്ള നിയമങ്ങൾ നിർമ്മിക്കുന്നതു് പാർല മെൻറാണു്. ഇതിനു രണ്ടു മണ്ഡലങ്ങളുണ്ടു് ഉപരി മണ്ഡലത്തിനു് 'രാജ്യസഭ' എന്നും അധോമണ്ഡലത്തിനു് 'ലോകസഭ' എന്നും പറയുന്നു.

**ലോകസഭ**:—പാർലമെൻറിലെ കൂടുതൽ അംഗസംഖ്യ യുള്ളതും അധികാരമുള്ളതുമായ മണ്ഡലം ലോകസഭയാണു്. ഇതി ന്റെ കാലാവധി അഞ്ചുകൊല്ലമാണു്. അദ്ധ്യക്ഷന്റെ പേർ സ്പീക്കർ എന്നും ഉപാദ്ധ്യക്ഷന്റെ പേർ ഡെപ്യൂട്ടി സ്പീക്കർ എന്നുമാണു്. ധനസംബന്ധമായ ബില്ലുകൾ ലോകസഭയിൽ മാത്രമേ ആദ്യം അവതരിപ്പിക്കാവൂ.

**രാജ്യസഭ**.—രാജ്യസഭയിലെ അംഗങ്ങളിൽ പന്ത്രണ്ടുപേരെ പ്രസിഡൻറു് നിർദ്ദേശിക്കുന്നു. അവർ പ്രശസ്തരായ കലകാര ന്മാർ, സാഹിത്യകാരന്മാർ, ശാസ്ത്രജ്ഞന്മാർ, സമുദായ സേവകർ

തുടങ്ങിയവരായിരിക്കും. സ്റ്റേറുകളിലെ നിയമസഭകളാണ് ബാക്കി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ഓരോ സംസ്ഥാനത്തിനും രാജ്യസഭയിൽ പ്രാതിനിധ്യം തീരുമാനിക്കുന്നത് ആ സംസ്ഥാനത്തിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ്.

**സുപ്രീം കോടതി:**—ഇൻഡ്യയിലെ ഏററവും ഉന്നതമായ നീതിന്യായക്കോടതി സുപ്രീംകോടതിയാണ്. ഈ കോടതിയിൽ ഒരു ചീഫ് ജഡ്ജിയും മററു ജഡ്ജിമാരും ഉണ്ട്. ഇവരെ പ്രസിഡൻറാണ് നിയമിക്കുന്നത്. ലോകസഭയിലേയും രാജ്യസഭയിലേയും അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭാഗം അവശ്യപ്പെട്ടാൽ ഈ ജഡ്ജിമാരെ പ്രസിഡൻറിനു തൽസ്ഥാനത്തുനിന്നു മാററാം. പക്ഷെ അതു് സ്വഭാവദൂഷ്യത്തിന്റേയോ, ശേഷിക്കുറവിൻേറയോ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് വ്യവസ്ഥയുണ്ട്.

## 2. നമ്മുടെ ഭരണഘടന ഉറപ്പുനൽകുന്ന മൗലീകാവകാശങ്ങൾ:—

നമ്മുടെ ഭരണഘടന അനുസരിച്ച് ഓരോ പൗരനും ചില മൗലികാവകാശങ്ങൾ ഉണ്ട്. അവ താഴെ ചേക്കുന്നു:—

**വോട്ടവകാശം**:—ഇരുപത്തൊന്നു വയസ്സുതികഞ്ഞ ഏതൊരു ഇൻഡ്യാക്കാരനും വോട്ടുചെയ്യാൻ അവകാശമുണ്ട്.

**സമത്വാവകാശം**:—നിയമത്തിൻെറ ദൃഷ്ടിയിൽ എല്ലാ പൗരന്മാരും തുല്യരാണ്. മതം, വർഗ്ഗം, ജാതി ഇവയടിസ്ഥാനത്തിൽ ഒരു പൗരൻെറയും അവകാശങ്ങൾ നിഷേധിക്കുകയോ കുറയ്ക്കുകയോ ചെയ്യാവുന്നതല്ല. വിദ്യാഭ്യാസം, ഉദ്യോഗം എന്നീ കാര്യങ്ങളിൽ എല്ലാവക്കും തുല്യസന്ദർഭങ്ങൾ ഉണ്ടായിരിക്കും.

**സ്വാതന്ത്ര്യത്തിനുള്ള അവകാശം**:—അഭിപ്രായങ്ങൾ പറയുന്നതിനും സ്വതന്ത്രമായി സമ്മേളിക്കുന്നതിനും പൗരന് സ്വാതന്ത്ര്യമുണ്ട്. സംഘടനകൾ രൂപീകരിക്കുന്നതിനും ഇൻഡ്യൻ യൂണിയന്റെ ഏതു ഭാഗത്തും സഞ്ചരിക്കുന്നതിനുംപാക്കുന്നതിനും പൗരന് തടസ്സമില്ല. ഏതുതൊഴിലും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഓരോ പൗരനും ഉണ്ടായിരിക്കുന്നതാണ്.

ഒരു പൗരനെക്കൊണ്ട് നിർബന്ധമായി ജോലി ചെയ്യിക്കുന്നതും, ശക്തിഹീനനെ ശക്തൻ ഞെരുക്കുന്നതും, കുട്ടികളെക്കൊണ്ട് കൂടുതൽ സമയം ജോലിയെടുപ്പിക്കുന്നതും ചൂഷണം ചെയ്യലാണ്. അതിൽ നിന്നും പൗരൻ സ്വതന്ത്രനാണ്.

**മതസ്വാതന്ത്ര്യം:**—ഓരോ പൗരനും അവനിഷ്ടമുള്ള മതവിശ്വാസം പുലർത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്.

**സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ:**—സ്വകാര്യവിദ്യാലയങ്ങൾ നടത്തുന്നതിനും, പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും ഉള്ള അവകാശമാണ് ഇതിലുൾപ്പെടുന്നതു്.

**സ്വകാര്യസ്വത്തിനുള്ള അവകാശം:**—ന്യായമായ നിലയിൽ എല്ലാവർക്കും സ്വത്തു് കൈവശം വച്ചുകൊണ്ടിരിക്കാനും സമ്പാദിക്കാനുമുള്ള അവകാശമുണ്ട്. നിയമപ്രകാരമുള്ള നടപടികളിലൂടെ മാത്രമേ അവരിൽനിന്നു് അതു കൈവശപ്പെടുത്തുവാൻ പാടുള്ളൂ.

ഓരോ പൗരന്റേയും മൗലികാവകാശങ്ങൾ സാധിച്ചുകിട്ടുന്നതിനു നീതിന്യായക്കോടതിയെ അഭയം പ്രാപിക്കുവാൻ അവനു സ്വാതന്ത്ര്യമുണ്ട്. ഇൻഡ്യൻ ഭരണഘടനയിൽ പൗരന്റെ മൗലികാവകാശങ്ങൾ സുരക്ഷിതമായിരിക്കുന്നു.

3. **ഒരു പൗരന്റെ അടിസ്ഥാനപരമായ ചുമതലകൾ:**—

ഒരു പൗരൻ തന്റെ അവകാശങ്ങൾ അനുഭവിക്കുന്നതോടൊപ്പം ചുമതലകൾ കൂടി നിർവഹിക്കണം.

പൗരൻ നിയമങ്ങൾ അനുസരിക്കേണ്ടതു് രാഷ്ട്രത്തിന്റെ അഭിവൃദ്ധിയ്ക്കു് അത്യന്താപേക്ഷിതമാണ്. അല്ലാത്തപക്ഷം രാജ്യത്തിൽ കലാപവും അരാജകത്വവും നടമാടും. ശത്രുക്കളിൽ നിന്നും രാജ്യത്തെ രക്ഷിക്കേണ്ടതു് പൗരധർമ്മമാണ്. പകർച്ചവ്യാധികൾ, ക്ഷാമം, യുദ്ധം, ദുരിതം ഇവയുണ്ടാകുമ്പോൾ വേണ്ടിവന്നാൽ ജീവൻ പോലും ബലിയർപ്പിച്ചു് ജനങ്ങളെ രക്ഷിക്കാൻ തയ്യാറാകണം.

രാജ്യത്തിലെ കൃഷി, വിദ്യാഭ്യാസം, മരാമത്തു് മുതലായി പ്രവർത്തനങ്ങളുടെ നടത്തിപ്പിനു് ഗവണ്മെന്റിനു് ധാരാളം പണം ആവശ്യമുണ്ട്. അതിനാൽ ഓരോ പൗരനും ഗവണ്മെന്റു് ഏർപ്പെടുത്തിയിരിക്കുന്ന നികുതി കൊടുക്കുവാൻ കടപ്പെട്ടവനാണ്.

വോട്ടുചെയ്യുകയെന്നതു് പൗരന്റെ ഏററവും പ്രധാനപ്പെട്ട ചുമതലയാണ്. വിവിധസ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലേക്കു്

വിദേവകപൂർവം ദേവാട്ടചെയ്യണം. ദോട്ടവകാശം ദുരുപയോഗപ്പെടുത്തുകയോ ഉപയോഗിക്കാതിരിക്കയോ ചെയ്യരുതു്.

പൗരധർമ്മാനുഷ്ഠാനം വീട്ടിലും സമൂഹത്തിലും സന്തുഷ്ടമായ ജീവിതത്തിനു വഴിതെളിക്കുന്നു.

### പ്രായോഗിക പ്രവർത്തനങ്ങൾ

പൗരൻെറ അവകാശങ്ങളേയും ചുമതലകളേയും കുറിച്ചു് കുട്ടികളുടെ ഒരു ചർച്ച സംഘടിപ്പിക്കുക.

---

## അദ്ധ്യായം 12

### സ്വതന്ത്രഭാരതത്തിൻെറ പ്രശ്നങ്ങൾ

### ജനാധിപത്യ ഭരണത്തിൻെറ വിജയകരമായ പ്രവർത്തനത്തിനു് വേണ്ട വ്യവസ്ഥകൾ:

ജനാധിപത്യഭരണസമ്പ്രദായം നിലനില്ക്കുന്ന രാജ്യങ്ങളിൽ ജനങ്ങളാണു് യഥാർത്ഥ ഭരണാധികാരികൾ. എല്ലാ പൗരന്മാരും ഒരുമിച്ചു കൂടി ഭരണകാര്യങ്ങൾ തീരുമാനിക്കാൻ പ്രയാസമാണു്. അതിനാലാണു് പൗരന്മാർ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുത്തു് ഭരണകാര്യം ചുമതലപ്പെടുത്തിയിരിക്കുന്നതു്. നമ്മുടെ നാട്ടിൽ തെരഞ്ഞെടുപ്പുകൾ നടത്തുന്നതു് ഭരണനടത്തിപ്പിനാവശ്യമായ പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ വേണ്ടിയാണു്. ഒരു പ്രദേശത്തു് ഒരാൾ ഭൂരിപക്ഷം വോട്ടുകൂടി തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ അദ്ദേഹം ആ പ്രദേശത്തുള്ള എല്ലാ പൗരന്മാരുടേയും പ്രതിനിധിയായിത്തീരുന്നു.

ലോകത്തിലെ ഏററവും വലിയ ജനാധിപത്യ രാജ്യമാണു് ഇൻഡ്യ. ഈ നാട്ടിലെ പൗരന്മാരാണു് ഭരണ കർത്താക്കളെ തെരഞ്ഞെടുക്കുന്നതു് നാം തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ യോഗ്യരും പ്രാപ്തരുമായിരിക്കണം. എന്നാൽ മാത്രമേ ജനാധിപത്യ ഭരണസമ്പ്രദായം നമ്മുടെ നാട്ടിൽ വിജയിക്കുകയുള്ളു. നല്ല പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെടണമെങ്കിൽ പൗരന്മാർ നല്ലവരായിരിക്കണം. നമ്മുടെ നാട്ടിലെ ഓരോ പൗരനും ഉണ്ടായിരിക്കേണ്ട ഗുണങ്ങളും ഈ ഗുണങ്ങൾ സമ്പാദിക്കുവാനുള്ള മാർഗ്ഗങ്ങളും നാം അറിയേണ്ടതാണു്.

**ജനാധിപത്യക്രമത്തിൽ ഒരു പൗരനുണ്ടായിരിക്കേണ്ട ഗുണങ്ങൾ:**—ഓരോ പൗരനും ഈ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് ഉത്തരവാദപ്പെട്ട ശില്പിയാണല്ലോ. ഒരു ജനായത്തവ്യവസ്ഥിതിയിൽ ഓരോ വ്യക്തിക്കും സ്വാതന്ത്ര്യബോധം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഒരുവന്റെ സ്വാതന്ത്ര്യം മറ്റൊരുവന്റെ സ്വാതന്ത്ര്യത്തിനു തടസ്സമാവരുത്. എല്ലാവർക്കും സന്തുഷ്ടി നൽകുന്നതിന് ഈ തത്വം പാലിക്കേണ്ടതത്യാവശ്യമാണ്. മാത്രമല്ല മാതൃഭൂമിയോട് അതിയായ സ്നേഹവും ഭക്തിയുമുണ്ടെങ്കിലേ ഒരു പൗരനു രാഷ്ട്രത്തോട് അവനുള്ള കടമകൾ നിറവേററാൻ സാധ്യമാകൂ.

കൂടാതെ ഒരു പൗരന് അനേകം സൽഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അദ്ദേഹം അറിവുള്ളവനായിരിക്കണം. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ നിഷ്പക്ഷമായും നല്ലവണ്ണം ചിന്തിച്ചും രൂപപ്പെടുത്തിയതുമായിരിക്കണം. ഇങ്ങനെയുള്ള ഒരു പൗരൻ തന്റെ വോട്ടവകാശം വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നതാണ്.

സാമാന്യമായിപറഞ്ഞാൽ ഒരാൾക്കു് അറിവുണ്ടാകുന്നതു് അക്ഷരാഭ്യാസം കൊണ്ടാണ്. വിദ്യാഭ്യാസകാലത്തു് ആദ്യമായി സമ്പാദിക്കുന്നതു് അക്ഷരാഭ്യാസമാണല്ലോ. മാതൃഭാഷ. കണക്ക്. സയൻസ് സാമൂഹ്യശാസ്ത്രങ്ങൾ പൊതുകാര്യങ്ങൾ ഇവ കൂടുതൽ കൂടുതൽ മനസ്സിലാക്കുന്നതിന് അക്ഷരാഭ്യാസം സഹായിക്കുന്നു.

ജനാധിപത്യവും സ്വാതന്ത്ര്യവും എങ്ങനെ സംരക്ഷിക്കപ്പെടുന്നു എന്ന് ആലോചിക്കുകയും അതിന് ഉത്തരം കണ്ടെത്തുകയും ചെയ്യുക പ്രയാസമുള്ള കാര്യമാണ്. അതുകൊണ്ടു ഈ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനും വിദ്യാഭ്യാസംകൂടിയേ കഴിയൂ.

അക്ഷരാഭ്യാസമില്ലാത്തവർക്ക് പത്രങ്ങളും പുസ്തകങ്ങളും വായിക്കാൻ സാധിക്കുന്നില്ല. അവരുടെ ലോകം സമീപത്തുള്ള ചുററുപാടുകളിൽ ഒതുങ്ങി നില്ക്കുന്നു. നാട്ടിലും വിദേശങ്ങളിലും ദിനം പ്രതി നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ മനസ്സിലാക്കികൊണ്ടിരിക്കുന്ന ആൾക്ക് അറിവു് വർദ്ധിക്കുന്നു. അറിവില്ലാത്ത ഒരാൾക്കാകട്ടെ ശരിയും തെററും എന്തെന്ന് മനസ്സിലാക്കാൻ സാധ്യമല്ല. ശരിയും തെററും എന്തെന്നറിഞ്ഞുകൊണ്ടു മാത്രമെ ഒരാൾക്ക് ശരിയായ തീരുമാനങ്ങളിൽ എത്തിച്ചേരാൻ സാധ്യമാകൂ. നിരൂപണ

ബുദ്ധിയോടെ കാര്യങ്ങളെ സമീപിക്കുവാനും സ്വന്തം അഭിപ്രായം രൂപീകരിക്കുവാനും സാധിക്കുകയെന്നതു് പൗരന്റെ പ്രധാനമായ ഒരു ഗുണമാണു്. ഇതില്ലെങ്കിൽ അദ്ദേഹം സ്വന്തം അഭിപ്രായമില്ലാതെ മറെറാരാളുടെ ഇഷ്ടത്തിനൊത്തു് വർത്തിക്കുന്നു. മററുള്ളവരുടെ ഭീഷണിക്കു് വഴങ്ങിയോ പ്രേരണക്കു് വിധേയമായോ സ്വാർത്ഥതാല്പര്യത്തിനു വേണ്ടിയോ ഒരാളും വോട്ടു ചെയ്യാനിടവരരുതു്

ദീർഘകാലം ഇൻഡ്യ വീദേശീയ ഭരണത്തിൻകീഴിൽ ഇരുന്നെന്നു് നിങ്ങൾക്കറിയാമല്ലോ ബ്രിട്ടീഷുകാർ ഇൻഡ്യ വിട്ടുപോകുമ്പോൾ ഏകദേശം പത്തുശതമാനം പേർക്കേ സാക്ഷരത്വമുണ്ടായിരുന്നുള്ളു. ഈ ന്യൂനത പരിഹരിക്കുന്നതിനു് നമ്മുടെ ഗവണ്മെൻറു് വളരെ വിപുലപരിപാടികൾ ആസൂത്രണം ചെയ്തു് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അതിന്റെ ഫലമായി ഇന്നു് ഭാരതത്തിലൊട്ടാകെ സാക്ഷരത്വം ഏകദേശം മുപ്പതു ശതമാനമായി വർദ്ധിച്ചിട്ടുണ്ടു്. വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചു് എല്ലാ കുട്ടികൾക്കും നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം നൽകിവരുന്നുണ്ടു്. വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന വിഭാഗക്കാർക്കു് പുസ്തകം, വിദ്യാഭ്യാസവേതനം. വസ്ത്രം എന്നിവ കൊടുത്തും പ്രോത്സാഹിപ്പിച്ചു വരുന്നുണ്ടു്.

പഠിത്തം ഇടയ്ക്കുവച്ചു നിർത്തുന്നവർക്കും. സ്കൂളിൽപോകാൻ അവസരം ലഭിക്കാത്തവർക്കും മുതിർന്നു കഴിഞ്ഞാലും പഠനം തുടരാൻ സാധിക്കേണ്ടതാണു്. പകൽ ജോലിക്കു് പോകുന്ന ഇക്കൂട്ടരുടെ സൗകര്യത്തിനു് നിശാക്ലാസ്സുകൾ ഏർപ്പെടുത്താവുന്നതാണു്. ഇത്തരത്തിലുള്ള വയോജന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ ഏർപ്പെടുത്താറുണ്ടു്. ജനങ്ങളുടെ ശ്രമത്തിൽ അവർ തന്നെ ഇത്തരം കേന്ദ്രങ്ങൾ നടത്തുന്നതായിരിക്കും കൂടുതൽ അഭിലഷണീയമായിട്ടുള്ളതു്.

ഭാരതത്തിൽ സ്ത്രീകൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമാണു്. സ്ത്രീകളിൽ ഏകദേശം പതിമ്മൂന്നു ശതമാനത്തിനേ അക്ഷരജ്ഞാനമുള്ളു. സ്ത്രീകൾ അക്ഷരാഭ്യാസമുള്ളവരാകുന്നതു് കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും ഉൽക്കർഷത്തിനു് വളരെ അത്യാവശ്യമാണു്. നമ്മുടെ വരുമാനത്തിൽ നല്ലൊരു പങ്കു് വിദ്യാഭ്യാസത്തിനുവേണ്ടി ചിലവഴിക്കുന്നുണ്ടു്. ഇന്നു് ഓരോ ഗ്രാമത്തിലും ഓരോ പ്രൈമറി സ്കൂളെങ്കിലുമുണ്ടു്. ഈ സൗകര്യങ്ങൾ അങ്ങേ. അററം പ്രയോജനപ്പെടുത്തേണ്ടതു് ഓരോ പൗരന്റേയും കടമയാണു്

ഇന്നത്തെ പരിഷ്കൃത ലോകത്തിൽ വിദ്യാലയങ്ങളിൽക്കൂടി മാത്രമല്ല വിദ്യയഭ്യസിക്കുവാൻ കഴിയുക. പഠിച്ചവക്കും പഠിക്കാത്തവക്കും ഒരുപോലെ പ്രയോജനപ്പെടത്തക്കവണ്ണം വത്തിക്കുന്ന പല വിദ്യാഭ്യാസ സംഘടനകളുമുണ്ടു്. ഗ്രന്ഥശാലകളും വായന ശാലകളും ആണിവ. പത്രങ്ങളും ഗ്രന്ഥങ്ങളും ലഭിക്കുക ഇന്നു് വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമല്ല. ഏതു ഗ്രാമത്തിലുംഇന്നു് ഒരു വായനശാലയെങ്കിലും ഉണ്ടാകും. കൂടാതെ വിജ്ഞാനവും വിനോദവും ഒന്നിച്ചു നൽകുന്ന റേഡിയോ ഇന്നു് ഗ്രാമങ്ങളിലും പട്ടണങ്ങളിലും പൊതുജനങ്ങളുടെ ആവശ്യാത്ഥം സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഈ സൗകര്യങ്ങൾ എല്ലാം ഉപയോഗപ്പെടുത്തേണ്ടതു് പൗരന്മാരുടെ കടമയും അവരെ അതിനു പ്രേരിപ്പിക്കേണ്ടതു് ഉൽബുദ്ധരായ ജനങ്ങളുടെ കത്തവ്യവും ആകുന്നു. ജനങ്ങളുടെ ഇടയിൽ സാക്ഷരത്വം വദ്ധിപ്പിക്കുന്നതിനു് സക്കാരിൻെറ ഈ നടപടികളെ സഹായിക്കുന്നതിനു് മററു ശ്രമങ്ങളും ചെയ്യേണ്ടതായിട്ടുണ്ടു്. വയോജനവിദ്യാഭ്യാസത്തിനായി സായാഹ്നക്ലാസ്സുകളും നിശാപാഠശാലകളും നടത്തുന്നതിനു് സന്നദ്ധ സംഘങ്ങളും പൊതുജനങ്ങളും ഉദ്യമിക്കേണ്ടതാണു്. അതുപോലെ ഗ്രന്ഥശാലകളും വായനശാലകളും നടത്തുന്നതിനു് ജനങ്ങൾ മുന്നോട്ടു വരേണ്ടതത്യാവശ്യമാണു്: ഗ്രന്ഥശാലകളുടെ നടത്തിപ്പിനായി ഇപ്പോൾ സർക്കാർ ധനസഹായം ചെയ്യുന്നുണ്ടു്. കൂടാതെ സർക്കാർ ചെയ്യുന്ന കാര്യങ്ങൾ തന്നെ കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിനും ജനങ്ങളുടെ പങ്കാളിത്തം ആവശ്യമാണു്, അങ്ങനെ നോക്കിയാൽ ജനങ്ങളെ സാക്ഷരരാക്കുക എന്നതു് ഓരോ പൗരനും ആത്മാത്ഥതയോടെ ഏറെറടുക്കേണ്ട ഒരു കത്തവ്യമാണു്. നമ്മുടെ ജനാധിപത്യത്തെ ശക്തിപ്പെടുത്താനും അതുവഴി മാതൃഭൂമിയെ അഭിവൃദ്ധിയിലേക്കു് നയിക്കുവാനും എല്ലാ പൗരന്മാരും ശ്രമിക്കേണ്ടതാണു്.

### പ്രായോഗിക പ്രവത്തനങ്ങൾ:

1. സമീപത്തുള്ള വായനശാലയും ഗ്രന്ഥശാലയും സന്ദർശിക്കുക.
2. സാധാരണയായി നിങ്ങൾ വായിക്കാറുള്ള പത്രങ്ങളുടെ പേരുകൾ പറയുക.